www.malankaralibrary.com

# മണിവിളക്ക്

ലക്കം 7 | ജൂലൈ 2024

*Since 2012*



www.manivilaku.com

www.malankaralibrary.com


# മണിവിളക്ക്

ലക്കം 7 | ജൂലൈ 2024 | Private Circulation


## താളുകളിലൂടെ





















| | | |
|---|---|---|
| 01. | എഡിറ്റോറിയൽ | 05 |
| 02. | തട്ടിൽ പിതാവിന്റെ വാക്കുകളിലൂടെ | 06 |
| 03. | മദ്റോശോ | 11 |
| 04. | മാർ ഈവാനിയോസ് ഭാരത ക്രൈസ്തവ സന്ന്യാസത്തിന്റെ പ്രവാചകൻ | 17 |
| 05. | ധന്യൻ ആർച്ചുബിഷപ് മാർ ഈവാനിയോസും വന്ദ്യ പുലിക്കോട്ടിൽ ജോസഫ് റമ്പാനും | 22 |
| 06. | ഇവാനിയോസ് പിതാവും വരിക്കണ്ണാമല വൈദ്യനും | 27 |
| 07. | ആ പുണ്യ പിതാവിന്റെ കബറിങ്കലേക്കു | 31 |
| 08. | ഹെർഗോ പഠന പരമ്പര | 34 |
| 09. | മലങ്കര സഭാ ചരിത്രം | 36 |
| 10. | ഏഴരപ്പള്ളികൾ | 38 |
| 11. | ശ്രേഷ്ഠനായ എന്റെ അമ്മാച്ചൻ | 42 |
| 12. | മരണനിഴലിലും ഭയമേശാത്ത മിഷനറി | 45 |
| 13. | വിശുദ്ധ അൽഫോൻസാമ്മ | 47 |
| 14. | സിസ്റ്റർ ജസ്റ്റിന എസ് ഐ സി | 48 |
| 15. | ഓർമ്മയിൽ ആചാര്യന്മാർ | 51 |
| 16. | ദൈവദാസൻ ഫാ. ആർമണ്ട് കപ്പൂച്ചിൻ | 53 |
| 17. | ആത്മാവിന്റെ വിലാപം | 55 |
| 18. | എഫാത്ത | 56 |
| 19. | Legal | 58 |
| 20. | Antimicrobial resistance | 59 |
| 21. | തനിയെ ഒരാൾ | 61 |
| 22. | മാലാഖമാർക്ക് കെണിയൊരുക്കുന്നവർ | 62 |
| 23. | ആത്മാവിന്റെ മറവിലെ ..... | 65 |
| 24. | ടെക് ലോകം | 69 |
| 25. | ടൈം ലൈൻ | 74 |


A Complete Digital Magazine
Inspiration Rev.FR. ABRAHAM KADAMALA

Copyright @ manivilaku.com | Email : editor@manivilaku.com
Ph: 9947825254

www.malankaralibrary.com




ജൂലൈ
03

മോർ തോമാ (ദിദിമോസ്) ശ്ലീഹായുടെ

# ദുക്റോനോ ദിനം

**മലങ്കരയിലെ നസ്രാണികളുടെ കാവൽ പിതാവായ**
**മോർ തോമ്മാശ്ലീഹായേ**
**ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കേണമേ**

www.malankaralibrary.com



www.malankaralibrary.com



# എഡിറ്റോറിയൽ

പുരാതന ഭാരതത്തിലെ ദാർശനിക രചനകളായ ഉപനിഷത്തുകളിൽ പ്രധാനപ്പെട്ട ബൃഹദാരണ്യകോപനിഷത്തിലെ പാവമാന മന്ത്രത്തിനു ഉത്തരം കിട്ടുന്നത് യേശുക്രിസ്തുവിനോടുള്ള മാർത്തോമ്മായുടെ സംശയത്തിൽ നിന്നുമാണ്. കർത്താവേ, നീ എവിടേക്കു പോകുന്നുവെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ് എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല. (യോഹന്നാൻ 14 : 5–6) തോമായുടെ നടപടികൾ എന്ന ഗ്രന്ഥത്തിൽ അപ്പസ്തോലന്മാർ ലോകംമുഴുവനും സുവിശേഷം പ്രസംഗിക്കുന്നതിനായി തീരുമാനിക്കുന്ന വേളയിൽ. ഓരോ ദിക്കും തെരഞ്ഞെടുക്കുന്ന അവസരത്തിൽ ക്രിസ്തുവിന്റെ പ്രത്യേക ദർശനത്തിന്റെ സ്വാധീനത്തിൽ തോമ്മാശ്ലീഹാ ഭാരതം തെരഞ്ഞെടുത്തു എന്നു വിവരിക്കുന്നുണ്ട്. ഭാരത യാത്രയ്ക്കു മുമ്പേതന്നെ തോമാശ്ലീഹാ പേർഷ്യ, മേദിയ തുടങ്ങിയ രാജ്യങ്ങളിൽ സുവിശേഷ പ്രഘോഷണം നടത്തിയെന്നും പറയപ്പെടുന്നു.

ക്രിസ്തുവിന്റെ സുവിശേഷം മലങ്കരയിൽ ആദ്യമായി പ്രഘോഷിച്ച വിശുദ്ധൻ എന്ന ഭക്തിയോടെയാണ് മാർത്തോമ്മാ ശ്ലീഹായെ നാം അനുസ്മരിക്കുന്നത്. ഏകദേശം പതിനാറു ശതവർഷക്കാലത്തോളം ഏകയോഗക്ഷേമമായി റോമാ പാത്രിയർക്കീസന്മാരായ മാർപ്പാപ്പാമാരുടെ ഭരണത്തിന് കീഴിൽ കത്തോലിക്ക സഭാംഗങ്ങളായിരുന്ന കേരളീയ ക്രൈസ്തവരുടെ ഇടയിൽ ഭിന്നതയുടെ വിഷബീജം വിതച്ചതു ക്രിസ്താബ്ദം 1653–ൽ നടന്ന പ്രസിദ്ധമായ കൂനൻ കുരിശു സത്യമായിരുന്നുവല്ലോ. പാശ്ചാത്യവത്കരണത്തിന്റെ ആഘാതങ്ങളും പുറമേ നിന്നുള്ള ഹൈരാർക്കികളുടെ ആധിപത്യവും സാമ്പത്തിക ശ്രോതസുകളെ ചൊല്ലിയുള്ള ആഭ്യന്തര സംഘർഷങ്ങളും വർദ്ധിച്ച് കലുഷ്യവും കലഹങ്ങളും അന്ധകാരം നിറച്ച മാർത്തോമ്മാ പാരമ്പര്യം സുസ്ഥാപിതമാക്കാനും വിശ്വാസത്തിന്റെ സ്വാതന്ത്ര്യം വീടെടുക്കുവാനുമുള്ള ശ്രമങ്ങൾ പല പിതാക്കന്മാർ നടത്തിയെങ്കിലും മാർ ഈവാനിയോസ് പിതാവിലൂടെയാണ് അത് സാധ്യമായത്. സുവിശേഷം ഭാരതത്തിൽ അറിയിക്കാൻ വന്ന അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹ രക്തസാക്ഷിയായ ജൂലൈ മാസത്തിലാണ് പുനരൈക്യ ശില്പിയായ ധന്യൻ ആർച്ചബിഷപ്പ് ഗിവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും കർത്ത്യസന്നിധിയിൽ യാത്രയായത്.

**എഡിറ്റർ**
**റ്റോജോ പി തോമസ്**
9947825254



www.malankaralibrary.com



# മാർ ഇവാനിയോസ് പിതാവിന്റെ പുണ്യ പാദങ്ങൾ തൊട്ട് നമസ്കരിച്ചു ഞാൻ സ്മരണാഞ്ജലികൾ ആർപ്പിക്കുകയാണ്.

## തട്ടിൽ പിതാവിന്റെ വാക്കുകളിലൂടെ



തയാറാക്കിയത് :
**ലിബി**

ഒരുപാട് വികാര വായ്പൊടുകൂടിയിട്ടാണ് ഞാനീ പരിശുദ്ധ മദ്ബഹായിൽ, സിറോ മലങ്കര സഭ പുണ്യശ്ലോകനായിട്ടുള്ള ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ ഓർമ്മ കൊണ്ടാകുമ്പോൾ സന്നിഹിതനാകുന്നത്. മാർ ഇവാനിയോസ് പിതാവിന്റെ പുണ്യപാദങ്ങൾ തൊട്ട് നമസ്കരിച്ചു ഞാൻ സ്മരണാഞ്ജലികൾ ആർപ്പിക്കുകയാണ്. മലങ്കര സഭയുടെ ഈ കൂടിവരവിൽ ഞാൻ പങ്കെടുക്കുമ്പോൾ എനിക്ക് ഒട്ടും അപരിചിതത്വമോ അന്യതബോധമോ ഇല്ല. ഒരേ ശ്ലീഹായിൽ നിന്ന് വിശ്വാസം സ്വീകരിച്ച കുടുംബം രണ്ടു വഴികളിലൂടെ യാത്ര ചെയ്ത് പിന്നീട് ധന്യനായ മാർ ഇവാനിയോസ് പിതാവിന്റെ പ്രത്യേക ധീരതകൊണ്ടും കത്തോലിക്കാ സഭയുടെ കൂട്ടായ്മയിൽ കഴിയാനുള്ള മോഹം കൊണ്ട് അദ്ദേഹം കത്തോലിക്ക സഭയിലേക്ക് ഐക്യപ്പെട്ടു എന്ന വാക്കാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. പുനരൈക്യപ്പെടുകയല്ല; ഐക്യപ്പെടുകയാണുണ്ടായത്. അന്ന് നമ്മുടെ പിതാക്കന്മാർ പാശ്ചാത്യ മിഷണറിമാരോട് പടപൊരുതിയത് വിശ്വാസ സത്യങ്ങളെ കുറിച്ചുള്ള തർക്കം കൊണ്ടല്ല. ആരാധനക്രമത്തിലെ ഞങ്ങളുടെ പൈതൃകം തൊട്ട് പോകാൻ ഞങ്ങൾ അനുവദിക്കുകയില്ല എന്നുള്ള നിർബന്ധ ബുദ്ധികൊണ്ടാണ്. നിങ്ങൾ അതിനു സമ്മതിക്കാത്തവരും അതിനു ചങ്കൂറ്റം ഉള്ളവരായിട്ടാണ് ഞാൻ കാണുന്നത്. അതുകൊണ്ട് തന്നെ നിങ്ങളുടെ ആരാധനക്രമത്തിൽ സംബന്ധിക്കുമ്പോൾ എത്രയോ മനോഹരമാണ് പൗരസ്ത്യ ആരാധനക്രമമെന്ന് എല്ലാവരെയും ഓർമ്മപ്പെടുത്തുന്നത് പോലെ എനിക്ക് തോന്നുന്നു. വന്ദ്യ പിതാക്കന്മാരുടെ ധീരത, ചങ്കൂറ്റം അത് ഈ കാലഘട്ടത്തിലും നിങ്ങൾ കത്തോലിക്കാ സഭയിലെ കൂട്ടായ്മയിലെ സന്തോഷത്തോടും അഭിമാനത്തോടും കൂടെ കൊണ്ടാടുന്നു എന്നതിലെ ഞങ്ങൾക്കൊക്കെയുള്ള ഇഷ്ടവും അഭിനന്ദനവും ഞാനിവിടെ അറിയിക്കുകയാണ്. ഇവാനിയോസ് പിതാവ് 1930 സെപ്റ്റംബർ 20 ന് പെരുനാട്ടിൽ നിന്ന് ഇറങ്ങുമ്പോ അദ്ദേഹത്തിന് 5 പേരാണ് കൂട്ടിനുണ്ടായത് അതൊരു പ്രതീകാത്മകമായിട്ടുള്ള നമ്പർ ആയിരുന്നു. ഇന്ന് നിങ്ങൾ 5 ലക്ഷം കത്തോലിക്ക സഭ വിശ്വാസികളുണ്ട്. 10 ഭദ്രാസനങ്ങളുണ്ട്, നിങ്ങൾക്ക് 12 ബിഷപ്പുമാരും, 760 ൽ കൂടുതൽ വൈദീകരും സന്യസ്തവൈദികർ ആയിട്ട് 250 ൽ താഴെ വൈദീകരും. SIC (The Congregation of the Sisters of the Imitation of Christ, called Bethany Sisters), DM (The Congregation of the Daughters of Mary) എന്നീ സന്യാസ സമൂഹാംഗങ്ങളിലൂടെ ഏകദേശം 2000 ൽ താഴെ സന്യാസിനികളും, സ്വന്തമായ ഒരു ദൈവശാസ്ത്ര വിദ്യാപീഠവും, 42 ഓളം കോളേജുകളും 52 ഓളം ഹയർ സെക്കണ്ടറികളും 86 ഹൈസ്കൂളുകളും 125 ഓളം

www.malankaralibrary.com

പ്രൈമറി സ്കൂളുകളും നിങ്ങൾക്കുണ്ട്. ഒരുപക്ഷേ നിങ്ങളുടെ വളർച്ച ഇവാനിയോസ് പിതാവിന് തമ്പുരാൻ കൊടുത്ത അനുഗ്രഹത്തിന്റെ തുടർച്ചയാണെന്ന് ഞാനിന്ന് വിശ്വസിക്കുന്നു.

നിങ്ങൾ കത്തോലിക്കാ കൂട്ടായ്മയിലേക്ക് വന്നതിന്റെ പേരിൽ ഒരു കുറവും വരുത്താതെ സാർവത്രിക സഭയിൽ പരിപൂർണ്ണ പങ്കാളിത്തമുള്ള,കൂട്ടുത്തരവാദിത്വമുള്ള ഒരു പൗരസ്ത്യ സഭയായിട്ടു നിലകൊള്ളാൻ നിങ്ങൾക്ക് കഴിയുന്നത് എത്രയോ അനുഗൃഹീതമാണ്.
ഇവാനിയോസ് പിതാവിനെ കുറിച്ച് ഓർക്കുമ്പോൾ ഒരു വന്ദ്യ പിതാവ് എന്നോട് പറഞ്ഞത് ഞാൻ മറക്കാതെ ഓർക്കാൻ ആഗ്രഹിക്കുകയാണ്. വിട്ടുനിന്ന

എനിക്ക് സന്തോഷമുണ്ട് ആദ്യം ആൾ ഇന്ത്യ ജൂറിഡിക്ഷ്യൻ കിട്ടിയത് സിറോ മലബാർ സഭക്കല്ല അത് കിട്ടിയത് മലങ്കര സഭക്കാണ്. എണ്ണതിൽ കുറവായത് കൊണ്ട് ഒരു ടെസ്റ്റ് ഡോസ് പോലെ റോം പരീക്ഷിച്ചത് ആണ് ആർക്കെങ്കിലും എതിർപ്പുണ്ടെങ്കിൽ പുറത്തു വരട്ടെ എന്നു കരുതി. ആ ടെസ്റ്റ് ഡോസ് കുഴപ്പമില്ല എന്നു കണ്ടപ്പോഴാണ് പരിശുദ്ധ സിംഹാസനം 2017 ൽ ഒക്ടോബർ 9 ന് ഭാരതത്തിലെ സർവ്വ മെത്രാന്മാർക്കും എഴുതിയ കത്തിൽ പരസ്യമായി പറഞ്ഞത് "hereby all the territories in india, not yet included in other 30 dioceses through the eparchy of Shamshabad as cribe to the pastoral jurisdiction to the Syro-Malabar church" ഞാൻ അങ്ങനെ പറയുമ്പോൾ ഞാൻ കുറച്ചു പറയുകയാണെന്ന് വിചാരിക്കരുത്. നിങ്ങൾ ഞങ്ങൾക്ക് വഴിതുറന്ന സ്നാപക യോഹന്നാൻ ആണ്. നിങ്ങളിലൂടെയാണ് ഞങ്ങൾക്കും 'ആൾ ഇന്ത്യാ



ജ്യൂറിഡിക്ഷൻ കിട്ടിയത്. ഇന്നലെ നിങ്ങൾ സന്ധ്യാ നമസ്കാരത്തിന് ശേഷം ദീപങ്ങൾ ഉയർത്തി പാടി 'വാഴ്ക വാഴ്ക മാർ ഇവാനിയോസ്'. അത് പാടിയപ്പോൾ നിങ്ങൾ തിരികൾ ഉയർത്തി ആകാശത്തിൽ വീശിയപ്പോൾ ഞാൻ എന്റെ മനസിൽ ധന്യനായ ഇവാനിയോസ് പിതാവിനെ കാണുകയായിരുന്നു അദ്ദേഹം ആവീശിയ തിരികളുടെ നടുവിൽ നിന്നുകൊണ്ട് കർത്താവിൽ നിന്ന് അനുഗ്രഹം വാങ്ങിക്കുകയായിരുന്നു 'ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും ഭൂമിയിലെ മണൽതരി പോലെയും ഞാൻ നിനക്ക് മക്കളെ നൽകും'. ഇന്ന് മലങ്കര സഭ ആരെക്കാളും ചെറുതല്ല മലങ്കര സഭ മറ്റെല്ലാ സഭകളെയും പോലെ സ്വന്തം കാലിൽ നി ൽക്കാവുന്ന ശക്തമായ ഒരു പൗരസ്ത്യ സഭയുടെ വക്താക്കളാണ്, പഴയ നിയമത്തിലെ മോശയെപോലെ കടൽ കടത്തി വാഗ്ദത്ത ഭൂമിയിലേക്ക് ദൈവജനത്തെ എത്തിച്ച ആധുനിക മാർത്തോമാ ക്രിസ്ത്യാനികളുടെ മോശക്ക് തുല്യമാണ് മാർ ഇവാനിയോസ് വന്ദ്യ പിതാവ്. വന്ദ്യ പിതാവിന്റെ ഓർമ്മ നിങ്ങൾ കൊണ്ടാടുമ്പോൾ ഞാനിപ്പഴും നിങ്ങളോട് പറയും നിങ്ങളുടെ ദൗത്യം ജോഷ്വായുടെ ദൗത്യം ആണ്. കടൽ കടത്തി വാഗ്ദത്ത ഭൂമിയിലേക്ക് ജനങ്ങളെ

എല്ലാ സഭാംഗങ്ങളും ഒന്നിച്ച് കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്ക് വരണമെന്നുള്ളതായിരുന്നു നിശ്ചയവും ആഗ്രഹവും അതിൽ അന്നത്തെ സിനഡ് ചുമതലപെടുത്തിയത് മെത്രാന്മാരിലെ കുശാഗ്ര ബുദ്ധിമാനും അതീവ വിവേകിയുമായിട്ടുള്ള മാർ ഇവാനിയോസ് ബാവാ തിരുമേനിയെ ആണ്. വളരെയേറെ കഷ്ടപ്പെടുകൾക്ക് നടുവിലാണ് ഐക്യപ്പെടലിന്റെ കടൽ അദ്ദേഹം കടന്നത്. അദ്ദേഹംവെച്ച ഒറ്റ നിബന്ധനയേയുള്ളൂ ഞങ്ങളുടെ ആരാധനാക്രമ സംബന്ധമായിട്ടുള്ള സർവ്വ സ്വാതന്ത്ര്യങ്ങളും ഒരു സ്വതന്ത്ര പൗരസ്ത്യ സഭയെന്ന നിലക്ക് ഞങ്ങൾക്ക് ഉള്ള എല്ലാ ഉത്തരവാദിത്വങ്ങളും കുറവ് കൂടാതെ ഞങ്ങൾക്ക് നൽകണം എന്നുള്ളതാണ്.

www.malankaralibrary.com




എത്തിച്ച തന്റെ ദൗത്യം പൂർത്തിയാക്കി കാല യവനികക്കുള്ളിൽ കടന്നുപോയ മാർ ഇവാനിയോസ് പിതാവ് നിങ്ങളോട് പറയുന്നത് ജോഷ്വാ ചെയ്തത് പോലെ ജനത്തെ കൂടുതൽ ബലപ്പെടുത്തുക, ജനത്തെ കൂടുതൽ ശക്തീകരിക്കുക, ജനത്തെ കൂടുതൽ അകലങ്ങളിലേക്കും ആഴങ്ങളിലേക്കും അയക്കാനായിട്ട് കഴിയട്ടെ. കാർഡിനൽ ഹെൻറി ന്യൂമാനെ കുറിച്ചു പറയുന്നത് പോലെ, ഞാൻ പറയാൻ ആഗ്രഹിക്കും; കേരള സഭ മലങ്കര സഭയുടെ സാർവത്രിക സഭക്ക് സമ്മാനിച്ച കർദിനാൾ ന്യൂമാനാണ് വന്ദ്യനായ, ധന്യനായ മാർ ഇവാനിയോസ് പിതാവ്. മൂന്ന് ദൗത്യങ്ങളെ കുറിച്ച് മാത്രം നിങ്ങളെ ഓർമ്മപ്പെടുത്തികൊണ്ടു ഞാൻ എന്റെ വാക്കുകൾ ഉപസംഹരിച്ചു കൊള്ളാം.

നിങ്ങളുടെ ഒന്നാമത്തെ ദൗത്യം; ഒരു വിട്ടുവീഴ്ചയുമില്ലാതെ നിങ്ങളുടെ ആരാധനാക്രമത്തിന്റെ പൗരസ്ത്യ പാരമ്പര്യത്തിന്റെ സൗന്ദര്യം നിങ്ങൾ പാലിക്കണം. കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്ക് വന്നു കഴിഞ്ഞാൽ പൗരസ്ത്യ പാരമ്പര്യങ്ങൾ നഷ്ടപെടുമെന്നുള്ള ഒരു പേടിപെടുത്തൽ ചരിത്രത്തിന്റെ താളുകളിൽ പലർക്കും ഉള്ളത് കൊണ്ട് അങ്ങനെയൊരു ഭയപാടിന്റെ ആവശ്യമില്ല എന്ന് നിങ്ങൾ 100 വർഷങ്ങൾ തികയുന്നതിന് മുൻപ് ഈ ലോകത്തോട് തെളിയിച്ച പാഠപുസ്തകമാണ്. അതുകൊണ്ട് പൗരസ്ത്യ ആരാധനക്രമത്തിൽ ഒരു കുറവുമില്ല. അത് പാശ്ചാത്യ ആരാധനക്രമത്തെ പോലെ തന്നെ ഒരുപക്ഷേ അതിനേക്കാൾ മനോഹരമാണെന്നു ഈ ലോകത്തോട് വിളിച്ചുപറയുവാനുള്ള നിങ്ങളുടെ ഉത്തരവാദിത്വം വളരേവലുതാണെന്ന് ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു.

> **നിങ്ങളുടെ ഒന്നാമത്തെ ദൗത്യം ഒരു വിട്ടുവീഴ്ചയുമില്ലാതെ നിങ്ങളുടെ ആരാധനാക്രമത്തിന്റെ , പൗരസ്ത്യ പാരമ്പര്യത്തിന്റെ സൗന്ദര്യം നിങ്ങൾ പാലിക്കണം.**

രണ്ടാമതായിട്ട് നിങ്ങളോട് മാർ ഇവാനിയോസിന്റെ ഓർമ്മ കൊണ്ടാടുമ്പോൾ ഓർമ്മപ്പെടുത്താനുള്ള ഒരു കാര്യം; ഇവാനിയോസ് പിതാവ് ഇന്ന് ജീവിച്ചിരുന്നു, എങ്കിൽ സാർവത്രിക സഭയുടെ കൂട്ടായ്മയിലേക്ക് ഇനിയും കൂടാനുള്ള സഭകളെ കൂട്ടിച്ചേർക്കാനായിട്ടു അദ്ദേഹം പരിശ്രമിക്കുമായിരുന്നു. ഈ കൂട്ടായ്മയിലേക്ക് ഇനിയും നമുക്ക് കൂട്ടുത്തരവാദിത്വത്തോടെ എല്ലാ സഭകളെയും കൊണ്ട് വരുവാൻ കഴിയണം. ഞാൻ തൃശൂരിൽ നിന്ന് വരുന്നത് കൊണ്ട് പറയുവാൻ ആഗ്രഹിക്കുകയാണ് അഞ്ഞൂരിലെ സ്വതത്ര സുറിയാനി സഭയുടെ പൗലോസ് മാർ പീലക്സിനോസ് ബാവാ തിരുമേനി ആദ്യമായിട്ട് കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടപ്പോൾ അദ്ദേഹത്തെ സഹർഷം സ്വീകരിക്കാൻ മലങ്കര സഭ കാണിച്ച ഇഷ്ടവും വാത്സല്യവും അത് ഒരു അടയാളമാണ്. ഒന്നും നഷ്ടപെടാനില്ല. തിരുമേനി എന്നോട് പറഞ്ഞിട്ടുണ്ട് ഞാനിത് കുറേ കാലങ്ങളായിട്ടു ആഗ്രഹിക്കുന്നതാണ്. പക്ഷേ, ഇങ്ങോട്ട് വന്നുകഴിഞ്ഞാൽ ഞങ്ങടെ സ്വാതന്ത്ര്യം നഷ്ടപ്പെടുമോ എന്നു പേടിച്ചിട്ടാണ് ഇങ്ങോട്ട് വരാതെ ഇരുന്നതെന്ന്. പക്ഷേ,

www.malankaralibrary.com

അദ്ദേഹം വന്നതിന് ശേഷം എന്നോട് പറഞ്ഞു ഒന്നും നഷ്ടപ്പെട്ടിട്ടില്ല. കൂടുതൽ ഞങ്ങൾക്ക് ധന്യത നേടാനായിട്ടു കഴിഞ്ഞു. അതുകൊണ്ട് മലങ്കര സഭയുടെ ദൗത്യം പ്രധാനമായിട്ടും ഈ കൂട്ടായ്മയെ കൂടുതൽ കെട്ടുറപ്പുള്ളതാക്കാൻ; അത് ഡയലോഗുകളിലൂടെ ആകാം, അത് പരസ്പര സാംസർഗങ്ങളിലൂടെ ആകാം,
അത് പലപ്പോഴും കരംകൊടുക്കലിലൂടെയും ചേർത്തുപിടിക്കലിലൂടെയുമൊക്കെ ആയിരിക്കാം. തോമാശ്ലീഹായുടെ മക്കൾ ഒരു കുടുംബമായിട്ട് തീരുന്നത് വരെ മലങ്കര സഭക്ക് ഉറങ്ങാൻ സമയമില്ലെന്നുള്ള ഒരു തിരിച്ചറിവോടുകൂടെ ജീവിക്കുവാനായിട്ട് ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. അതിനെന്തൊക്കെ ചെയ്യണമോ അതൊക്കെ ചെയ്യാൻ അതിന് എത്ര ദൂരം യാത്ര ചെയ്യണമോ അത്രത്തോളം യാത്ര ചെയ്യാൻ നിങ്ങൾക്ക് കഴിയട്ടെ. ഞാൻ ഏറെ സ്നേഹത്തോടുകൂടെ നിങ്ങളെ അഭിനന്ദിക്കുവാൻ ആഗ്രഹികുനത്തിന് ഒരു കാര്യമുണ്ട്; പൗരസ്ത്യ സഭകളൊന്നും മിഷനറി സഭകൾ അല്ലെന്ന് ചിലപ്പോഴെങ്കിലും ആർക്കെങ്കിലും തെറ്റിദ്ധാരണ ഉണ്ടായിട്ടുണ്ടെങ്കിൽ അത് ചരിത്രത്തിൽ തിരുത്താൻ മലങ്കര സഭ മുന്നോട്ട് വന്നിട്ടുണ്ട്. ഒരുപാട് ഇഷ്ടത്തോടുകൂടെ മലങ്കര സഭ മിഷന് പ്രവർത്തിക്കുന്നത് നേരിട്ട് കാണാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ഞാൻ രാജസ്ഥാനിൽ ചെന്നപ്പോഴും ഒറീസയിൽ ചെന്നപ്പോഴുമൊക്കെ മലങ്കര സഭയുടെ മക്കൾ വളരെ ആധികാരികമായിട്ടു ആരാധനക്രമത്തെ വളരെ സ്നേഹത്തോടെ കാത്തുസൂക്ഷിച്ചുകൊണ്ടു മറ്റുള്ളവരെ ചേർത്തു
പിടിക്കുന്നത്. ഞാൻ ചിലപ്പോഴൊക്കെ ഒറീസയിലും നോർത്ത് ഈസ്റ്റിലും ഒക്കെ ചെല്ലുമ്പോൾ നിങ്ങളുടെ കൂടെ ചേർക്കപെട്ടിട്ടുള്ള മലയാളികൾ അല്ലാത്ത മറ്റ് സഹോദരങ്ങൾ അവർ ട്രൈബൽസ് ആകാം അവർ ചിലപ്പോ ജാതിയുടെയൊക്കെ വ്യത്യാസങ്ങൾ ഉള്ളവർ ആയിരിക്കാം; പക്ഷേ അവർ എന്നോട് പറയാറുണ്ട് "we really feel at home with liturgy and Malankara church" അത് എനിക്ക് തോന്നുന്നത് നിങ്ങളുടെ വലിയ ഒരു ദൗത്യമായിട്ട് നിങ്ങൾ കാണണം. അതുകൊണ്ട് കത്തോലിക്കാ സഭയുടെ വലിയ കൂട്ടായ്മയിലേക്ക് നമ്മുടെ വഴി ഇനിയും അവസാനിച്ചിട്ടില്ല, ഇനിയും ഒരുപാട് ദൂരം നമുക്ക് യാത്ര ചെയ്യാനുണ്ട്, യാതൊന്നും നഷ്ടപ്പെടുത്താതെ കൂട്ടായ്മയിലേക്ക് വരാൻ നമുക്ക് കഴിയുമെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ നിങ്ങൾക്ക് കഴിഞ്ഞത് പോലെ ഇനിയും മറ്റുള്ളവരെ ചേർത്ത് പിടിക്കുവാനും നിങ്ങൾക്ക് കഴിയട്ടെ.

ഞാൻ നിങ്ങളുടെ മിഷണറി പ്രവർത്തനങ്ങൾ കൂടി ശ്ലാഘിക്കാൻ ആഗ്രഹിക്കുന്നു. മലങ്കര സഭ മിഷൻ രംഗത്ത് നന്നായി പ്രവർത്തിക്കുന്നു എന്ന ഒരു ഫീലിംഗ് എനിയ്ക്കുണ്ട്. ഞാനത് നേരിട്ട് കണ്ടത് കൊണ്ടും അനുഭവിച്ചത് കൊണ്ടും പറയുകയാണ്. നമ്മൾ വിചാരിക്കുന്ന
പോലെയല്ല. നമ്മുടെ ആരാധനക്രമത്തോട് പുതുതായി വിശ്വാസത്തിൽ വരുന്നവർക്ക് അകൽച്ച തോന്നും. അത് ദീർഘമാണ്, അത് കൊമ്പ്ലിക്കേറ്റഡ് ആണ് എന്നൊക്കെ നമ്മുടെ മനസ്സിൽ ധാരണയുണ്ടെങ്കിൽ അല്ലായെന്ന് മലങ്കര സഭയിന്ന് പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ്. മലങ്കര സഭയ്ക്ക് അതിനു കഴിയുന്നത് എല്ലാവർക്കും മാതൃകയാണ്. ഒരുപക്ഷേ മിഷൻ പ്രദേശങ്ങളിൽ പൗരസ്ത്യ സഭകളിൽ ഇന്ന് എന്തെങ്കിലും ചെയ്യാൻ കഴിവുള്ളത് പ്രധാനമായിട്ടും 4 സഭകൾക്കാണ്.

1. ഉക്രേനിയൻ സഭ 2. മെൽക്കൈറ്റ് സഭ
3. സിറോ മലബാർ 4. സിറോ മലങ്കര

അതുകൊണ്ട് തന്നെ നമുക്ക് ഈ കര്യത്തിൽ കൂടുതൽ



www.malankaralibrary.com

കെട്ടുറപ്പോടുകൂടെ മുന്നോട്ട് പോകാൻ കഴിയട്ടെ.

ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു. ജീവതം കൊണ്ട് സാക്ഷ്യപ്പെടുത്തുന്ന ഒരു പാരമ്പര്യം. നമ്മുടെ കാരണവന്മാർ പ്രസംഗിച്ചത് വേദപാഠ ക്ലാസ്സുകളിൽ അല്ല പള്ളികളിൽ അല്ല നമ്മുടെ കാരണവന്മാർ ജീവിതം കൊണ്ട് പ്രസംഗിച്ചത് വീടുകളിൽ ആണ്. ആ കുടുംബത്തിന്റെ ഉത്തരവാദിത്വം ആ കുടുബത്തിന്റെ തറവാടിത്വവും മഹിമയും വിശ്വാസം കൈമാറ്റത്തിൽ നമുക്ക് സാധിച്ചു. മാർ ഇവാനിയോസ് പിതാവിന്റെ ഓർമ്മ ഓരോ വർഷവും കൊണ്ടാകുമ്പോൾ. ഇനിയും തീർക്കപ്പെടാത്ത ജോലികളെക്കുറിച്ചുള്ള ഒരു ഓർമ്മപ്പെടുത്തൽ നമുക്ക് ഉണ്ടാവട്ടെ. നമുക്ക് ഒരു മനസാക്ഷി ഭാരം ഉണ്ടാവണം എന്തൊക്കെ വിധത്തിൽ ആണ് മറ്റുള്ളവരെ ചേർത്തുപിടിക്കാൻ. നമുക്ക് യാത്ര ചെയ്യേണ്ടത് എന്നതിന്റെ കുറിച്ചു നമ്മൾ കാര്യമായിട്ട് ചിന്തിക്കണം. അവസാനമായിട്ടു ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു സിറോ മലബർ സഭയും സിറോ മലങ്കര സഭയും ഒരുപാട് മിഷ്യൻ ചൈതന്യത്തിലെ പൗരസ്ത്യ സഭകൾക്ക് മാതൃകയായിട്ട് തീരണം. നമുക്ക് രണ്ടുപേർക്കും അത് ചെയ്യാനുള്ള കഴിവുണ്ട്. അത് ചെയ്യാനുള്ള സാധ്യതകളും അതിനുള്ള സംവിധാനങ്ങളും ഉണ്ട്. നമുക്ക് കൂടുതൽ മിഷൻ പ്രവർത്തനങ്ങളിലേക്ക് ഇറങ്ങാൻ കഴിയട്ടെ തോമ്മാശ്ലീഹ പറഞ്ഞത് വളരെ സത്യമാണ്, നമുക്ക് അവന്റെ കൂടെപ്പോയി മരിക്കാം. മരണം വരെ കർത്താവിനു വേണ്ടി ജീവിക്കാൻ നമുക്ക് കഴിയട്ടെ. തോമ്മശ്ലീഹാ ചോദിച്ച ചോദ്യത്തിന് കർത്താവ് പറഞ്ഞു Thoma... I am the way, I am the truth, I am the life അതുകൊണ്ട് തന്നെയാണ് തോമ്മശ്ലീഹായുടെ വിശ്വാസ സംഹിതയെ നമ്മൾ മാർഗ്ഗം എന്നു വിളിക്കുന്നത്. ഈ മാർഗ്ഗത്തിലേക്ക് മറ്റുള്ളവരെ കൊണ്ടുവരുവാൻ നമ്മുക്ക് കഴിയട്ടെ. അങ്ങനെ ധാരാളം സാധ്യതകൾ നമ്മെ ഓർമ്മപ്പെടുത്തുന്ന ഒരു ഓർമ്മ പെരുന്നാളായിട്ട് ഇത് തീരാൻ അനുഗ്രഹിക്കട്ടെ.

നമ്മുടെ ഏറ്റവും വലിയ ശക്തി പരിശുദ്ധ അമ്മയാണ്. അത് മലങ്കര സഭയുടേത് ആണെങ്കിലും സിറോ മലബാർ സഭയുടേത് ആണെങ്കിലും പൗരസ്ത്യ ആരാധനാക്രമങ്ങളെല്ലാം അവസാനിക്കുന്നത് പരിശുദ്ധ മറിയാമിനെ വിളിച്ചുകൊണ്ടാണ്. മറിയാമിനോടുള്ള പ്രാർത്ഥനകളില്ലാതെ നമ്മുടെ ഒരു നമസ്കാരവും അവസാനിക്കുന്നില്ല. പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം നിങ്ങളോടും നിങ്ങളുടെ സഭയോടും നിങ്ങളുടെ സർവ്വ സംവിധാനങ്ങളോടും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഇങ്ങനെ ഒരു അവസരത്തിൽ എന്നെ ഓർക്കാനും ക്ഷണിക്കാനും നിങ്ങൾ കാണിച്ച സന്മനസ്സിനെ നന്ദി പറഞ്ഞുകൊണ്ട് സിറോ മലബാർ സഭക്ക്വേണ്ടി പ്രാർത്ഥിക്കാൻ നിങ്ങളെ ആഹ്വാനം ചെയ്ത വന്ദ്യ പിതാവിന്റെ ഇഷ്ടത്തെയും താൽപര്യത്തെയും സ്നേഹത്തെയും ദൈവ തിരുമുൻപിലും നന്ദിയോടെ ഓർത്തുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ ആമേൻ.

**തോമാ ശ്ലീഹായുടെ മക്കൾ ഒരു കുടുംബമായിട്ട് തീരുന്നത് വരെ മലങ്കര സഭക്ക് ഉറങ്ങാൻ സമയമില്ലെന്നുള്ള ഒരു തിരിച്ചറിവോടുകൂടെ ജീവിക്കുവാനായിട്ട് ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്.**



www.malankaralibrary.com

# മദ്റോശോ

ܡܕܪܫܐ



തയാറാക്കിയത്
റെവ ഫാ . എബ്രഹാം കാടമല

ജൂലൈ 3

## ദുക്റാനോ തിരുനാൾ

ശിഷ്യന്മാരുടെ വിശ്വാസം നേടിയെടുക്കാൻ യേശു അവസാന നിമിഷം വരെ പരിശ്രമിച്ചിരുന്നു. അതിനുള്ള അവസരങ്ങൾ ഒന്നും അദ്ദേഹം നഷ്ടപ്പെടുത്തിയിട്ടില്ല. യേശുവിനെ ഏറ്റവും കൂടുതൽ ആഹ്ലാദിപ്പിച്ചിട്ടുള്ളത് കാപട്യമില്ലാത്ത വിശ്വാസം കാണിക്കുമ്പോഴാണ്. കപടനാട്യങ്ങൾ കൊണ്ടും പുറംപൂശൽ കൊണ്ടും അല്പകാലത്തേക്ക് മറ്റുള്ളവരെ പറ്റിക്കാൻ കഴിഞ്ഞേക്കാം. പക്ഷേ ക്രമേണ ഓരോരുത്തരുടെയും ചെമ്പു തെളിയുക തന്നെ ചെയ്യും. ദൈവരാജ്യത്തെ കുറിച്ചും നിത്യ ജീവനെക്കുറിച്ചും കരുതലുള്ളവർക്ക് വിശ്വാസം വളരെ പ്രധാനപ്പെട്ടതാണ്. പരസ്പരമുള്ള വിശ്വാസമാണല്ലോ കുടുംബ ജീവിതത്തിന്റെ അടിത്തറ. യേശു ചെയ്തതുപോലെ തന്നെ മറ്റുള്ളവർക്ക് നമ്മിലുള്ള വിശ്വാസം ക്ഷയിച്ചു പോകാതെ നോക്കേണ്ട ത് അത്യാവശ്യമാണ്.

താൻ സഹിച്ച പങ്കപ്പാടുകളുടെ അടയാളങ്ങൾ കാട്ടിക്കൊടുത്തുകൊണ്ടാണ് യേശു തന്റെ ആത്മാർത്ഥതയും വ്യക്തിത്വവും അവതരിപ്പിക്കുന്നത്. ദൈവത്തോടോ, രാജ്യത്തോടോ നമ്മുടെ സഭയോടോ കുടുംബത്തോടോ നമ്മുടെ സ്നേഹിതരോടോ നമുക്കുള്ള സ്നേഹവും ആത്മാർത്ഥതയും തെളിയിക്കാൻ വേണ്ട എന്തടയാളമാണ് നമുക്കുള്ളത് എന്ന് ഓരോരുത്തരും ആലോചിച്ച് ഉറപ്പിക്കേണ്ടതാണ്. നമ്മുടെ ഓരോ വാക്കും പ്രവർത്തികളും ഒന്നുകിൽ നമ്മിലുള്ള വിശ്വാസം വർദ്ധിപ്പിച്ചുകൊണ്ടിരിക്കും. അല്ലെങ്കിൽ അതു കുറഞ്ഞു കൊണ്ടിരിക്കും. ക്രിസ്തുവിന്റെ പ്രവർത്തികൾ താൻ ആരാണെന്നു വെളിപ്പെടുത്തിയതുപോലെ തന്നെ, എന്റെ പ്രവർത്തികൾ കൊണ്ട് ഞാൻ ആരാണെന്ന് വെളിപ്പെടുത്തികൊണ്ടിരിക്കുകയാണ്.

ജീവിതത്തിൽ നാം വിശ്വസ്തരും വിശ്വസിക്കാൻ കൊള്ളാവുന്നവരുമാണെന്ന് എല്ലാവരും പറയുവാൻ ഇടവരുത്തണം.

പിതാവായ ദൈവത്തിന്റെ സ്നേഹദൂത് നമ്മെ അറിയിക്കാൻ അയക്കപ്പെട്ടവൻ (അപ്പസ്തോലൻ) ആണ് യേശു. താൻ ആ ദൗത്യം എപ്രകാരമാണ് പൂർത്തീകരിച്ചതെന്ന് യേശുവിന്റെ ജീവിതം പഠിക്കുമ്പോൾ നമുക്ക് മനസ്സിലാകും. അതിനാണ് നാം സുവിശേഷം പഠിക്കുന്നത്. എപ്രകാരമാണോ യേശു അയക്കപ്പെട്ടത് അപ്രകാരം തന്നെ നാമോരോരുത്തരും അയക്കപ്പെട്ടിരിക്കുന്നു. അതിനാൽ എപ്രകാരമാണോ യേശു തന്റെ ദൗത്യം പൂർത്തീകരിച്ചത് അപ്രകാരം തന്നെ നാം നമ്മുടെ ദൗത്യം നിർവ്വഹിക്കേണ്ടിയിരിക്കുന്നു. (20/21). ക്രിസ്തീയ സമൂഹം മൊത്തമായും വ്യക്തികൾ ഓരോരുത്തരും പ്രത്യേകം പ്രത്യേകമായിട്ടും ക്രിസ്തുവിന്റെ സ്നേഹ ചൈതന്യം കൊണ്ടു നിറഞ്ഞവരും ക്രിസ്തുവിന്റെ ദൈവികമായ ഔദാര്യവും സഹിഷ്ണതയും

www.malankaralibrary.com

കാണിച്ച് ക്രിസ്തുവിന്റെ കരുണാർദ്രമായ സ്നേഹ ശുശ്രൂഷ ലോകാന്ത്യം വരെ തുടരേണ്ടതാണ്. അതിന് നമ്മെ ശക്തീകരിക്കാനാണ് ആദ്യ സൃഷ്ടിയിൽ മനുഷ്യരൂപത്തിന്റെ മൂക്കിലേക്ക് ജീവശ്വാസം ഊതിക്കയറ്റിയതുപോലെ തന്നെ (ഉല്പത്തി 2/7)
രണ്ടാം സൃഷ്ടിയിൽ യേശു അവരുടെമേൽ തന്റെ പരിശുദ്ധാത്മാവിനെ ഊതിക്കയറ്റിയത്.

അടച്ചിട്ടമുറിയിൽ കയറിപ്പറ്റുവാൻ ഉത്ഥിതനായ ക്രിസ്തുവിന് സാധിക്കുമെങ്കിലും തനിക്കെതിരെ കൊട്ടി അടച്ച മനുഷ്യ മനസ്സുകളിലേക്ക് കടന്നു വന്ന് അവിടെ വാസമുറപ്പിക്കുവാൻ അവിടുന്ന് ഇഷ്ടപ്പെടുന്നില്ല. ആതിനാൽ അവൻ വാതിൽക്കൽ (ഹൃദയ കവാടത്തിൽ) നിന്ന് മുട്ടികൊണ്ടിരിക്കുന്നു. (വെളി. 3/20). 'ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും' (യോഹ. 15/10) മനുഷ്യനായി ജീവിച്ചപ്പോഴും ഉത്ഥാന ത്തിന്റെ മഹത്വം പ്രാപിച്ചപ്പോഴും പരിശുദ്ധാത്മാവിനെ നൽകുമ്പോഴുമെല്ലാം ക്രിസ്തുവിനു പറയാനുള്ളത് ഒന്നു മാത്രം. നിങ്ങൾ മറ്റുള്ളവരുടെ തെറ്റുകൾ അവരോട് പൊറുക്കുക

## ജൂലൈ 7
## പെന്തിക്കോസ്തിക്കുശേഷം ഏഴാം ഞായർ

മനുഷ്യമനസിന്റെ വിചാരധാരകൾ ഏതൊക്കെ ദിശയിലേക്ക് ചലിക്കുമെന്നു പറയാൻ ആർക്കാണു കഴിയുക? ക്രിസ്തു ഊമനും അന്ധനുമായ ഒരു പിശാചുബാധിതനെ സൗഖ്യമാക്കിയപ്പോൾ ജനക്കൂട്ടം ഒന്നാകെ അത്ഭുതാവേശത്താൽ ഇളകിമറിയുന്നതുകണ്ടപ്പോൾ സമ്മിശ്ര പ്രതികരണങ്ങളാണുണ്ടായത്. പൊതുജനം അവനെ മിശിഹായായി അംഗീകരിക്കാൻ തയ്യാറാകുമ്പോൾ പക്ഷേ, മതപണ്ഡിതരും ഭക്തി തീക്ഷ്ണതയിൽ മുൻപന്തിയിൽ നിന്നിരുന്ന പരീശ പ്രമാണിമാർക്കും അസഹിഷ്ണതയാണ് ഉളവാക്കുന്നത്. മരിച്ചവരുടെ ഇടയിൽ നിന്നും ലാസറിനെ ഉയർപ്പിച്ചപ്പോഴും അവരുടെ പ്രതികരണം ഇങ്ങനെ തന്നെയായിരുന്നു. പിശാചു ബാധ കാരണം അന്ധതയും ബധിരതയും ഊമ പ്രകൃതിയുമൊക്കെ ഉണ്ടാകുന്നതെങ്ങനെ എന്നറിയാൻ ആ പരീശന്മാരുടെ പ്രതികരണം ശ്രദ്ധിച്ചാൽ മതി. തങ്ങളുടെ ഒരു കൂടെപ്പിറപ്പിന് സൗഖ്യം ലഭിച്ചതിൽ ആഹ്ലാദിക്കാൻ അവർ അശക്തരായിത്തീരുന്നു എന്നു മാത്രമല്ല ഇത്ര സവിശേഷമായ ഒരു രക്ഷാപ്രവർത്തനം നടത്തിയ യേശുവിനെ, ദൈവപുത്രനെ പിശാചുസേവക്കാരനായ മാന്ത്രികനായി ചിത്രീകരിക്കാൻ പോലും അവർ മടിക്കുന്നില്ല. ദുഷ്ടാത്മാക്കളുടെ സ്വഭാവം വർണ്ണിച്ചുകൊണ്ട് ഷേക്സ്പിയർ മാക്ബത്ത് എന്ന നാടകാരംഭത്തിൽ കുറിച്ചിരിക്കുന്നത് എത്ര ശരിയായിരിക്കുന്നു എന്നു നോക്കുക. "Fair is foul and foul is fair"


ദുരാത്മാവു ബാധിച്ച മനുഷ്യർക്ക് നന്മയായിട്ടുള്ളത് തിന്മയായിട്ടേ തോന്നൂ. അവരുടെ നോട്ടത്തിൽ ദു ഷ്ടതയാണ് നന്മ. ഇപ്രകാരം ദൈവീകമായ നന്മ കാണുകയും അനുഭവിക്കുകയും ചെയ്തതിനുശേഷം മനഃപൂർവ്വം അതിനെ ദുഷിക്കുകയും നിഷേധിക്കുകയും ചെയ്യുന്നവരുടെ പാപം പൊറുക്കാനും അവരുടെ ആത്മാവിനെ ശുദ്ധീകരിക്കാനും സാക്ഷാൽ പരിശുദ്ധാത്മാവിനു പോലും സാധ്യമല്ലതന്നെ. അന്ധനും ഊമനുമായവനെ സുഖപ്പെടുത്താൻ കർത്താവിനു കഴിയും.
അവനിൽ ആധിപത്യം പുലർത്തിയിരുന്ന ദുഷ്ടാത്മാവിനെ ഉച്ചാടനം ചെയ്യാനും ക്രിസ്തുവിന് കഴിഞ്ഞു. പക്ഷേ അതിനു സാക്ഷ്യം വഹിച്ച പരീശന്മാരിൽ ആവേശിച്ചിരുന്ന ദുഷ്ടതയുടെ ആത്മാവിനെ ഇറക്കിവിടാൻ കഴിയാതെ പോയതിൽ യേശുവിനു അനല്പമായ ഖേദം ഉണ്ടായിരുന്നു.
പലപ്പോഴും വളരെ പരസ്യമായി പോലും യേശു അവരുടെ തിന്മയെ തുറന്നു കാട്ടിയത് അങ്ങനെയെങ്കിലും അവർ അകപ്പെട്ടിരിക്കുന്ന അപകടത്തിൽ നിന്ന് അവരെ രക്ഷിക്കാമോ എന്ന് പരീക്ഷിക്കുകയായിരുന്നു. മാത്രമല്ല ഗൗരവതരമായ ഈ പാപത്തിന്റെ സ്വാധീനം മറ്റുള്ളവരിലേക്ക് പകരാതിരിക്കാനുള്ള മുന്നറിയിപ്പും കൂടെയാണ്.
അവരുടെ ദുരാരോപണങ്ങളെ പരാജയപ്പെടുത്താനും വാസ്തവം എന്താണെന്നു വെളിച്ചത്തു കൊണ്ടുവരുവാനുമായി യേശു വ്യത്യസ്ഥങ്ങളായ നാല് വാദമുഖങ്ങൾ തുറക്കുന്നു.
(1) സാത്താനെ ബഹിഷ്ക്കരിക്കുവാൻ സാത്താനെ തന്നെ പ്രയോജനപ്പെടുത്തുന്നു എന്ന വാദമുഖം സമ്മതിച്ചാൽ സാത്താന്റെ സാമ്രാജ്യം തകർന്നു കൊണ്ടിരിക്കുകയാണെന്നു സമ്മതിക്കേണ്ടി വരും.
(2) അപ്പോൾ മറ്റു യഹൂദ ഗുരുക്കന്മാരും ഇത്തരം ക്ഷുദ്രപ്രയോഗം തന്നെയാണ് ചെയ്യുന്നതെന്നു സമ്മതിക്കേണ്ടിവരും.
(3) ഭൂതോച്ചാടനത്തിനായി പല വസ്തുക്കളും മന്ത്രതന്ത്രങ്ങളും പ്രയോജനപ്പെടുത്തുന്ന പതിവ് നിലനിന്നിരുന്ന കാലത്ത് യേശു ഒരു

www.malankaralibrary.com

വാക്കുകൊണ്ട് ആത്മശക്തിയാൽ വളരെ അനായാസമായി ദുഷ്ടാരൂപിയേ ഓടിച്ചിരുന്നു. ദൈവാധിപത്യം യാഥാർത്ഥ്യമായിരിക്കുന്നു എന്നതിന്റെ പ്രത്യക്ഷ ലക്ഷണമാണിത്.

(4) പിശാചും അനുചരന്മാരും മനുഷ്യരെ അടിമപ്പെടുത്തുന്ന ദുഷ്ടശക്തികളാണെങ്കിലും ദൈവപുത്രന്റെ മുമ്പിൽ നിഷ്പ്രഭമായിപ്പോകും. തിന്മയുടെ ശക്തിയും ആകർഷണവും എത്ര ശക്തമാണെങ്കിലും അതിന്റെ മേൽ വിജയം വരിക്കാൻ നമ്മെ ശക്തിപ്പെടുത്തുന്ന ക്രിസ്തുവിന്റെ അരൂപിയെ സ്വന്ത മാക്കാനുള്ള സ്നേഹപൂർണ്ണമായ ആഹ്വാനം നാം ഈ സുവിശേഷഭാഗത്തു കാണുന്നു.

കാണാനും കേൾക്കാനും സംസാരിക്കാനും മറ്റും ഉള്ള കഴിവുകൾ നഷ്ടപ്പെട്ടുപോയാൽ നാം എത്ര വ്യസനിക്കും. പക്ഷേ തിന്മയുടെ സ്വാധീനത്താൽ നമുക്ക് വാസ്തവസ്ഥിതി കാണാൻ കഴിയാതെ പോകുന്ന സന്ദർഭങ്ങളിൽ ദൈവാരൂപിയുടെ സഹായത്തിനായി നാം അണയാറുണ്ടോ? കോപം, ക്രോധം, വ്യർത്ഥാഭിമാനം, പക, ആസക്തികൾ തുടങ്ങിയവ നമ്മെ അന്ധരാക്കാറില്ലേ. കള്ളം പറയാനും ചെയ്യാനും പ്രേരണ തോന്നുമ്പോൾ, മദ്യം സേവിക്കാൻ നാം പ്രലോഭിതരാകുമ്പോൾ, നാം യഥാർത്ഥത്തിൽ സേവിക്കേണ്ടതു ദൈവാരൂപിയേ തന്നെയാണെന്ന ബോധ്യത്തോടെ യേശുവിനെ ശരണം ഗമിക്കാറുണ്ടോ? "കർത്താവിലും അവിടുത്തെ ശക്തിയുടെ പ്രഭാവത്തിലും കരുത്തുള്ളവരാകുവിൻ. ....." (എഫേ. 6-10-17)



## 2024 ജൂലൈ 14.
## പെന്തിക്കോസ്തിക്കു ശേഷം 8-ാം ഞായർ

തന്റെ ശിഷ്യത്വം സ്വീകരിക്കുന്നവരെ ഈശോ സ്വന്തം സഹോദരങ്ങളായിട്ടാണ് കണക്കാക്കിയിരുന്നത്. സഹോദരങ്ങളുടെ സമ്മേളനങ്ങൾ കുടുംബ സമ്മേളനങ്ങൾ ആണല്ലോ. അവിടെ മാതാവും പിതാവും സഹോദരനും സഹോദരിയും ബന്ധുജനങ്ങളുമാണെല്ലാവരും. പിതാവായ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നവരായിരിക്കുക എന്നതാണ് എല്ലാ ബന്ധങ്ങൾക്കും അടിസ്ഥാനമായി നിൽക്കുന്ന ഘടകം. (മത്താ. 12:50) ആരിൽ നിന്ന് ജനിക്കുന്നു എന്നുള്ളത് നമ്മുടെ ആരുടെയും നിയന്ത്രണത്തിലുള്ള കാര്യമല്ല. എന്നാൽ ക്രിസ്തു ശിഷ്യനായിരിക്കുക എന്നതും നാം ഓരോരുത്തരുടെയും സംപൂർണ്ണമായ തീരുമാനത്തിന്റെയും ആത്മസമർപ്പണത്തിന്റെയും ഫലമാ .

സുബോധത്തോടെയല്ലെങ്കിലും സ്ത്രീ പുരുഷന്മാർ സംഗമിച്ചാൽ അത് ശിശുക്കളുടെ ജനനത്തിന് കാരണമായേക്കാം. എന്നാൽ മാംസത്തിൽ നിന്ന് ജനിക്കുന്നത് മാംസമാണ്; ആത്മാവിൽ നിന്ന് ജനിക്കുന്നത് ആത്മാവും (യോഹ. 3:6). എന്നാൽ അവർ മനസ്സുകൊണ്ട് പരസ്പരം ഇഷ്ടപ്പെടുകയും ആത്മാവുകൊണ്ട് തങ്ങൾ രണ്ടല്ല ഒരു ശരീരമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്ത തിന്റെ ശക്തിയാൽ പരസ്പരം ആശ്ലേഷിക്കുകയും ഒരിക്കലും വേർപെടാത്ത ഒരു ആത്മബന്ധത്തിലാകുകയും ചെയ്യുന്നെങ്കിൽ പിന്നെ മരണത്തിനല്ലാതെ അവരെ വേർപെടുത്താൻ ആർക്കും കഴിയുകയില്ല. അത്തരം അഭേദ്യമായഒരു ബന്ധത്തിൽ നിന്നുൽഭവിക്കുന്ന മക്കൾക്കും സ്നേഹത്തിന്റെ ഒരു സാമ്രാജ്യം കെട്ടിപ്പൊക്കാനുള്ള ശേഷിയുണ്ടായിരിക്കും. മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിക്കുമ്പോഴും അവരുടെ വിവാഹം അത്യാർഭാടപൂർവ്വം പറുദീസായിൽ വെച്ച് സ്വന്തം കാർമ്മികത്വത്തിൽ നടത്തിക്കൊടുത്തപ്പോഴും പിതാവായ ദൈവത്തിന്റെ ഉദ്ദേശം അതായിരുന്നു (ഉല്പ. 1:26-27; 2:24).

ദൈവഹിതം നിറവേറ്റാൻ പ്രതിജ്ഞാബദ്ധരാണ് ക്രിസ് ശിഷ്യരെങ്കിൽ യാതൊരു കാരണത്താലും വിവാഹമോചനത്തെക്കുറിച്ച് ചിന്തിക്കുകപോലും ഇല്ല. എന്നാൽ ദൈവത്തെ വിസ്മരിച്ചുകൊണ്ട് സ്വന്തം സുഖവും സൗകര്യവും

www.malankaralibrary.com


നോക്കുന്നവർക്ക് വേർപിരിയാൻ കാരണങ്ങൾ എത്ര വേണമെങ്കിലും ഉണ്ടാകും. ഏറ്റം നല്ലവനായ ദൈവപിതാവിനെ ഉപേക്ഷിച്ചവർക്ക് പിന്നെ ആരെയാണ് ഉപേക്ഷിക്കാൻ കഴിയാത്തത്. "നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമാണ് ഭാര്യയെ ഉപേക്ഷിക്കാൻ മോശ നിങ്ങൾക്ക് അനുമതി നൽകിയത്. ആദി മുതലേ അങ്ങനെ ആയിരുന്നില്ല". (മത്താ. 19:8) വിവാഹത്തിനും കുടുംബജീവിതത്തിനും ഈശോ നൽകുന്ന പ്രാധാന്യവും പാവനതയും എത്രയെന്ന് വെളിപ്പെടുത്തുന്ന വാക്കുകളാണ് നാം വിചിന്തനത്തിന് വിധേയമാക്കിക്കൊണ്ടിരിക്കുന്നത്. വിവാഹാഘോഷങ്ങളുടെ വർണ്ണപ്പൊലിമയിലും ആർഭാട പ്രകടനങ്ങൾക്കുമിടയിൽ നാം മറക്കരുതാത്ത ചില പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്.

(1) ദൈവം തന്റെ സൃഷ്ടി കർമ്മത്തിൽ പങ്കുചേരാൻ ദമ്പതികളെ ചുമതലപ്പെടുത്തുന്ന ദൈവവിളിയാണ് വിവാഹം.


(2) സൂക്ഷ്മതയും ശുദ്ധിയും ഇത്രത്തോളം ആവശ്യമുള്ള മറ്റൊരു കർമ്മവും മനുഷ്യജീവിതത്തിൽ വേറെ ഇല്ലെന്നു തന്നെ പറയാം.

(3) ദമ്പതികൾക്ക് പരസ്പരവും അവർക്ക് ദൈവത്തോടും ഉള്ള വിശ്വസ്തത 100% തന്നെ വേണം. അതിൽ മായം കലരാൻ പാടില്ല. 9-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന പരസംഗം വിവാഹമോചനത്തിനുള്ള ഉപാധിയായി വ്യാഖ്യാനിക്കുവാനുള്ളതല്ല. വിവാഹജീവിതത്തിൽ കാത്തുസൂക്ഷിക്കേണ്ട വിശുദ്ധിയും വിശ്വസ്തതയുമാണ് അത് ഊന്നിപ്പറയുന്നത്. ഇന്നത്തെ മനുഷ്യന് അതിന്റെ സത്യം മറ്റാരേക്കാൾ മനസ്സിലാക്കാൻ കഴിയും. ഒറ്റത്തവണ പരസംഗം ചെയ്തു പോയതിന്റെ ഫലമായി എയ്ഡ്സ് ബാധിച്ച് ജീവിതം നഷ്ടമായിട്ടുള്ളവരുടെ കഥകൾ കേട്ടിട്ടില്ലാത്തവരുണ്ടാകുമോ? ദൈവീക നിയമത്തെ മറികടക്കാൻ മനുഷ്യനാകുമോ?

(4) ഭാര്യഭർതൃബന്ധം ഇത്ര കർശനമാണെങ്കിൽ വിവാഹം കഴിക്കാതിരിക്കുന്നതാണല്ലോ ഭേദം (19:10). ശിഷ്യന്മാരുടെ ഈ പ്രതികരണത്തിൽ നിന്നു തന്നെ ഈശോയുടെ വാക്കുകളെ അതിന്റെ പൂർണ്ണമായ ഗൗരവത്തിൽ അവർ മനസ്സിലാക്കി എന്നതിന്റെ അടയാളമാണ്. മനുഷ്യന്റെ പാപപ്രേരണക്കൊത്ത് ദൈവീക നിയമങ്ങളിൽ വെള്ളം ചേർത്ത് വിവാഹ ബന്ധം വിച്ഛേദിക്കുന്നവരും അവർ ഉൾക്കൊള്ളുന്ന സഭാവിഭാഗങ്ങളും ക്രിസ്ത്യാനി എന്ന പേരിനുപോലും അർഹരല്ല.

(5) കൃപ ലഭിച്ചവരല്ലാതെ മറ്റാരും ഈ ഉപദേശം ഗ്രഹിക്കുന്നില്ല (19:11), വിവാഹ ജീവിതം സ്വാഭാവികമാകയാൽ വളരെ എളുപ്പമാണെന്നും ബ്രഹ്മചര്യം വളരെ കഠിനമാണെന്നും പൊതുവേ കരുതപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്വത്തോടും ഗൗരവബുദ്ധിയോടും കൂടി സമീപിക്കുന്നവർക്ക് ഇപ്രകാരമുള്ള താരതമ്യം നടത്തുവാൻ സാദ്ധ്യമല്ല. പ്രത്യേകിച്ച്, ദൈവരാജ്യത്തെ പ്രതി സ്വയം ഷണ്ഡന്മാരാകുന്നവർക്കും ദൈവരാജ്യത്തെ പ്രതി കുടുംബജീവിതം നയിക്കാൻ തീരുമാനിക്കുന്നവർക്കും തങ്ങൾ ഏറ്റെടുത്തിരിക്കുന്നത് ദൈവവിളിയും നിയോഗവും ആണെന്നും ആ വിളിയോട് വിശ്വസ്തത പുലർത്തുന്നവർക്ക് ആവശ്യമായ കൃപയും ദൈവസഹായവും ഏതുനേരത്തും കൂടെ ഉണ്ടാകുമെന്നുള്ള ധൈര്യത്തോടെ ജീവിക്കുവാൻ കഴിയും.

അതിനാൽ നിങ്ങൾ ഭക്ഷിക്കുകയോ, പാനം ചെയ്യുകയോ മറ്റെന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ അവയെല്ലാം ദൈവമഹത്വത്തിനായി ചെയ്യുവിൻ (1കൊരി. 10:31). വിവാഹിതൻ തങ്ങളെത്തന്നെ വിശുദ്ധീകരിക്കാനും മക്കളെയും ബന്ധുക്കളെയും ദൈവമക്കളായി വളർത്താനും കടപ്പെട്ടിരിക്കുന്നു. ദൈവരാജ്യത്തിന്റെ നിർമ്മിതി തന്നെയാണ് ബ്രഹ്മചാരികളുടെയും കടമ.



മലങ്കര സഭയുടെ തിരുവല്ല അതിഭദ്രാസന അധ്യക്ഷൻ
ആർച്ച് ബിഷപ്പ് തോമസ് മോർ കുറിലോസ്
തിരുമനസ്സിന് മെത്രാഭിഷേക വാർഷികത്തിന്റെ
പ്രാർത്ഥനാശംസകൾ
17 ജൂലൈ 1997

## ജൂലൈ 21 പെന്തിക്കോസ്തിക്കു ശേഷം 9-ാം ഞായർ

കൃഷിപ്പണിയിൽ ഏർപ്പെടുന്നവരുടെയെല്ലാം മുഖ്യ ലക്ഷ്യം നല്ല ഫലം കൊയ്യുക എന്നതുതന്നെയാണ്. വിളവിന്റെ അളവ് പക്ഷേ കൃഷിക്കാരന്റെ അധ്വാനത്തെ മാത്രം ആശ്രയിച്ചല്ല; നമുക്ക് നിയന്ത്രിക്കാവുന്നതും അല്ലാത്തതുമായ അനേകം ഘടകങ്ങളെ ആശ്രയിച്ച് വിളവ് കൂടിയോ കുറഞ്ഞോ തീരെ ഇല്ലാതെയോ വരാം. ദൈവരാജ്യത്തിന്റെ വചന പ്രഘോഷണങ്ങളിലും ശ്രവണത്തിലും ഇതിന് തുല്യമായ ഒരു അനുഭവം കാണാം. സാക്ഷാൽ ദൈവപുത്രൻ തന്നെ നിത്യജീവന്റെ സ്വർഗ്ഗീയ അപ്പത്തെക്കുറിച്ച് പ്രസംഗിച്ചിട്ടുപോലും ശ്രോതാക്കളിൽ ഭൂരിഭാഗവും ക്രിസ്തുവിനെയും അവിടുത്തെ ദിവ്യസന്ദേശത്തെയും ഉൾക്കൊള്ളാൻ കഴിയാതെ അകന്നുപോയ കാര്യം നാം വായിച്ചു മനസ്സിലാക്കുന്നുണ്ടല്ലോ. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നഷ്ടധൈര്യരാകാതെ സുവിശേഷ പ്രഘോഷണം തുടരുന്നതിന് തന്റെ ശിഷ്യന്മാർക്ക് പ്രചോദനം കൊടുക്കുന്നതിന് വിതക്കാരന്റെ ഉപമ പ്രയോജനപ്പെടുന്നുണ്ട്. കാരണം വചനത്തിന്റെ ശ്രോതാക്കളിൽ ചിലരെങ്കിലും കുറ്റമറ്റതും ഒരുക്കപ്പെട്ടതുമായ മണ്ണിനോട് സമമായ നല്ല മനസ്സുള്ളവർ ഉണ്ടാകുമല്ലോ. അവർ 100 മേനി വിളവ് നൽകുന്നവരായിരിക്കും. ഈ ഉപമ പറയുന്ന കാലത്ത് പാലസ്തീനായിലെ വിളവ് 10 മേനിക്കപ്പുറം പോകുമായിരുന്നില്ല. അങ്ങനെയുള്ള സാഹചര്യത്തിലാണ് 100 മേനി വിളവു നൽകുന്ന അത്യുൽപ്പാദനശേഷിയുള്ള വിത്തും മണ്ണുമായി സന്മനസ്സുള്ള ക്രിസ്തുശിഷ്യർ ലോകത്തിന്റെയും സ്വർഗ്ഗത്തിന്റെയും രക്ഷകരായി പ്രത്യക്ഷപ്പെടുന്നത്.

യേശുവിന്റെ തിരുവചനങ്ങൾ എങ്ങനെ ഫലപ്രദമായി ധ്യാനിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യണം എന്ന് ശിഷ്യന്മാരെ പഠിപ്പിക്കുന്നതിനായി യേശു തന്നെ ഈ ഉപമ വ്യാഖ്യാനിച്ചു നൽകിയിരിക്കുന്നതു നോക്കുക. ദൈവവചനത്തെ വിത്തിനോടുപമിച്ചിരിക്കുന്നതിൽ തന്നെ ദിവ്യമായൊരു പ്രതിഭയുടെ നിഴലാട്ടം കാണാം. ഒരു ദേശത്തിന്റെ മുഖഛായതന്നെ മാറ്റിയെടുക്കാൻ മലയായിൽ നിന്നു കൊണ്ടുവന്ന ഏതാനും റബ്ബർ കുരുവിന് സാധിച്ചില്ലേ. പറങ്കികൾ ഭാരത മണ്ണിൽ നിന്നും തുരത്തപ്പെട്ടപ്പോഴും പറങ്കികൾ ഇവിടെ നിറഞ്ഞു വളർന്നില്ലേ. ഈ വിശ്വാസത്തേക്കാൾ വലിപ്പമുള്ള ഈശ്വരൻ നേർമ്മയേറിയ ഒരപ്പക്കഷണത്തിൽ ഒതുങ്ങിയിരിക്കുന്നതു പോലെയല്ലേ ഒരുവൻ മരത്തിന്റെ സകല ഗുണഗണങ്ങളും കാലാകാലങ്ങളോളം അതിൽ നിന്ന് ഉല്പാദിപ്പിക്കപ്പെടാനിരിക്കുന്ന എല്ലാ ഫലങ്ങളും മരങ്ങളും ഒരു ചെറുവിത്തിൽ സംഗ്രഹിച്ചിരിക്കുന്നത്. വചനമാകുന്ന ദിവ്യ വിത്ത് സന്മനസ്സുള്ള മനുഷ്യമനസ്സിൽ പതിഞ്ഞാൽ അതുളവാക്കുന്ന ഗുണഫലങ്ങൾ എത്രയെന്നു പറയാൻ ആർക്കാണു കഴിയുക?

ദൈവവചനം ജീവനുള്ളതും ജീവൻ നൽകുന്നതുമാണെങ്കിലും അത് അതിന്റെ തനി സ്വഭാവം കാണിക്കണമെങ്കിൽ സന്മനസ്സുള്ള മനുഷ്യ മനസുകളിൽ പതിഞ്ഞിരിക്കണം. വെറും കേൾവി മാത്രമല്ല ആവശ്യം. എല്ലാ അർത്ഥത്തിലും അത് മനസ്സിൽ പതിഞ്ഞിരിക്കണം. അവിടെ അത് പൊട്ടി മുളച്ച് വളർന്ന് പൂവും കായും പുറപ്പെടുവിക്കുകയും വേണം. 119-ാം സങ്കീർത്തനം 34-ാം വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു.

'ഞാൻ അങ്ങയുടെ പ്രമാണം പാലിക്കാനും പൂർണ്ണഹൃദയത്തോടെ അത് അനുസരിക്കാനും വേണ്ടി എനിക്ക് അറിവ് നൽകേണമേ'. ബൗദ്ധികമായ അറിവ് മാത്രമല്ല, വചനത്തോടുള്ള ഹൃദയംഗമമായ സമർപ്പണമുണ്ടെങ്കിലേ നൂറുമേനി ഫലം പുറപ്പെടുവിക്കാൻ കഴിയൂ. വചനത്തെ നിഷ്ഫലമാക്കാൻ സാദ്ധ്യതയുള്ള ഘടകങ്ങളിൽ ചിലതിനേക്കുറിച്ച് ഈശോ നമുക്ക് മുന്നറിയിപ്പു നൽകിയിരിക്കുന്നതു നോക്കുക. വചനത്തെ നിർവ്വീര്യമാക്കുന്ന, ക്രിസ്തീയ ജീവിത സാക്ഷ്യം വിലകെട്ടതാക്കിത്തീർക്കുന്ന കാരണങ്ങൾ പലതുണ്ട്. പിശാചിന്റെ പ്രവർത്തനം, ലോകവ്യഗ്രത, സമ്പത്ത്, ജീവിതക്ലേശം, സുഖഭോഗങ്ങളോടുള്ള അമിതമായ ആവേശം എന്നിവ അവയിൽ ചിലതു മാത്രമാണ്.

കുളിച്ച് വെടിപ്പുള്ളവരായി ശുദ്ധിയുള്ള ശരീരത്തോടും മുകളിൽ സൂചിപ്പിച്ചതുപോലെയുള്ള തടസ്സങ്ങളെയെല്ലാം ബോധപൂർവ്വം ഒഴിവാക്കി സ്വസ്ഥമായ മനസ്സോടും കൂടി കർത്താവിന്റെ ഹിതം മാത്രം എന്നിൽ നിറവേറിയാൽ മതി എന്ന നിശ്ചയദാർഢ്യത്തോടെ വചനം കേട്ട് ഉൽകൃഷ്ടവും നിർമ്മലവുമായ ഹൃദയ ത്തിൽ അത് സംഗ്രഹിച്ച് ക്ഷമയോടെ ഫലം പുറപ്പെടുവിക്കുന്നവരാണ് 100 മേനി ഫലം പുറപ്പെടുവിക്കുന്നത്. ആദ്യ ആവേശത്തിൽ വചനം സ്വീകരിച്ചാൽ പോരാ, എല്ലാ സാഹചര്യങ്ങളിലും ദൈവവചനം ഹൃദയത്തിൽ കാത്തു സൂക്ഷിച്ചാൽ മാത്രമേ നല്ല ഫലം പുറപ്പെടുവിക്കാൻ സാധിക്കൂ. ഇക്കാര്യത്തിൽ സകല വിശ്വാസികൾക്കും മാതൃക പരിശുദ്ധ കന്യകമറിയം തന്നെ.

## ജൂലൈ 28 പെന്തിക്കോസ്തിക്കു ശേഷം പത്താം ഞായർ

മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ദൈവം നൽകിയ ദൗത്യം സകലത്തെയും കീഴടക്കുവാനായിരുന്നുവല്ലോ. 'ദൈവം വീണ്ടും അരുളിച്ചെയ്തത് നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. അവർക്ക്

www.malankaralibrary.com



കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും നാൽക്കാലികളുടെയും ഭൂമി മുഴുവന്റെയും ഭൂമിയിൽ ഇഴയുന്ന സർവ്വജീവികളുടെയും മേൽ അധിപത്യം ഉണ്ടായിരിക്കട്ടെ' (ഉത്പ. 1:26). എല്ലാറ്റിന്റെ മേലും ആധിപത്യം ഉള്ളവനാണല്ലോ ദൈവം. ഈ ദൈവീക ഭാവം (ആധിപത്യസ്വഭാവം) മനുഷ്യരിലും വേണമെന്ന് തന്നെയാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവം സ്വന്തം ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു എന്ന് പറയുമ്പോൾ പ്രത്യേകം എടുത്ത് പറയാവുന്നതാണല്ലോ ഈ ആധിപത്യ പ്രവണത. അങ്ങനെ നോക്കുമ്പോൾ അതൊരു പുണ്യം തന്നെയല്ലേ എന്നും തോന്നാം. എങ്കിലും യേശു തന്റെ സ്വർഗ്ഗരാജ്യത്തിലെ വലിയവനായി ഉയർത്തിക്കാണിക്കുന്നത് ബലഹീനരെന്ന് നാം മനസ്സിലാക്കുന്ന ശിശുക്കളെ പോലെയുള്ളവരെയാണ്. എല്ലാകാലത്തും ലോകം മുഴുവൻ അംഗീകരിച്ചിട്ടുള്ള ഒരു ധാരണയെ എത്ര അനായാസമാണ് യേശു തകിടം മറിക്കുന്നതെന്ന് നോക്കുക. പൊതുജനാഭിപ്രായത്തിന് വലിയ വില കല്പിക്കുന്ന ഇക്കാലത്ത് പൊതുജനം കഴുതയാണെന്ന് ചിലപ്പോഴെങ്കിലും പറയേണ്ടിവരും. വെറുതെയല്ല ക്രിസ്തുവിന്റെ നിയമത്തെ 'പുതിയനിയമം' എന്ന് വിളിക്കുന്നത്. അത് എന്നും പുതുതായിരിക്കുക തന്നെചെയ്യും.

എവിടെയാണ് പൊതുജനത്തിന് തെറ്റുപറ്റിയതെന്ന് പരിശോധിച്ച് നോക്കാം. സകലത്തിന്മേലും ആധിപത്യം നേടിയെടുക്കുവാൻ ജനിച്ച മനുഷ്യന് സ്വന്തം ശരീരത്തിന്റെ മേലും വികാരവിചാരങ്ങളുടെ മേലും ആധിപത്യമോ നിയന്ത്രണമോ നേടിയെടുക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. മാത്രമല്ല അവൻ പലതിന്റെയും അടിമയായി കാലം കഴിക്കുന്ന കാഴ്ചയല്ലേ നാം കാണുന്നത്. മദ്യം, മയക്കുമരുന്ന്, പുകവലി തുടങ്ങിയ ദുശ്ശീലങ്ങളിൽ പെടാത്തവർ പോലും വ്യർത്ഥാഭിമാനം അഹംഭാവം, ധനമോഹം, ജഡികാഭിലാഷങ്ങൾ, ഫാഷൻഭ്രമം, സുഖഭോഗതിക്ഷ്ണ എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത തിന്മകളുടെ അടിമകളായി കഷ്ടപ്പെടുകയല്ലേ? അല്പം ആത്മനിയന്ത്രണം ഉണ്ടായിരുന്നെങ്കിൽ കയീൻ തന്റെ സഹോദരനെ വധിക്കുമായിരുന്നുവോ? അസൂയക്കു പകരം വാത്സല്യമായിരുന്നില്ലേ വേണ്ടിയിരുന്നത്. സഹോദരങ്ങളോട് കോപിക്കാൻ നമുക്ക് എന്തവകാശമാണ് ഉള്ളത്. ക്ഷമയും സ്നേഹവും ശുശ്രൂഷയും കൊണ്ട് അവരേയും നമ്മെത്തന്നെയും കീഴടക്കാൻ കഴിയില്ലേ? വലിയ ഭാവം നടിക്കാൻ മാത്രം വലിപ്പമൊന്നും നമുക്കില്ലെന്ന് മറ്റാരേക്കാൾ നന്നായി നമുക്കറിവുള്ളതല്ലേ? മറ്റുള്ളവരുടെ ഔദാര്യം കൊണ്ട് മാത്രം ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന നമുക്ക് ആശ്രയബോധം എവിടെ വെച്ചാണ് നഷ്ടപ്പെട്ടുപോയത്? 'ഈ ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണ് സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും വലിയവൻ' (മത്താ. 18:4).'സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല' (18:3). നാം ജനിച്ചതും വളർന്നതുമെല്ലാം ഈ ലോകം അംഗീകരിച്ച മൂല്യങ്ങളെ അംഗീകരിച്ചും സ്വീകരിച്ചുമാണ്. 51-ാം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ: 'പാപത്തോടെയാണ് ഞാൻ പിറന്നത്. അമ്മയുടെ ഉദരത്തിൽ ഉരുവായപ്പോഴേ ഞാൻ പാപിയാണ്" (സങ്കീ. 51:5) വാസ്തവത്തിൽ പാപസാഹചര്യത്തിൽ ജനിച്ചു വളർന്നതിൽ നമുക്ക് എന്ത് ചെയ്യാൻ കഴിയുമായിരുന്നു? അതാണ് നമ്മുടെ അവസ്ഥ എന്ന് തിരിച്ചറിയുമ്പോൾ അതിൽ നിന്ന് ഒരു വിടുതലിനായി പരിശ്രമിക്കുക എന്നത് മാത്രമേ കരണീയമായിട്ടുള്ളൂ. മണ്ണിനടിയിലെ ഇരുട്ടിൽ ഇലകളും മറ്റ് മാലിന്യങ്ങളും ചീഞ്ഞളിഞ്ഞു കിടക്കുന്നിടത്ത് വീണ വിത്ത് മുളച്ച് പൊന്തുമ്പോൾ സൂര്യകിരണങ്ങളിൽ ആശ്രയിച്ച് ആകാശത്തിന്റെ വിശാലതയിലേക്ക് വളർന്നുയരുകയും പരിശുദ്ധമായ പഴങ്ങൾ ധാരാളം പുറപ്പെടുവിക്കുകയും ചെയ്യുന്നത് നാം കാണുന്നുണ്ടല്ലോ. മണ്ണിന്റെ മാലിന്യത്തെപ്പോലും പരിവർത്തനം ചെയ്ത്നല്ല ഫലങ്ങൾ പുറപ്പെടു വിക്കുവാൻ ആ വൃക്ഷങ്ങൾക്ക് ആകുമെങ്കിൽ വിശേഷ ബുദ്ധിയും പരിശുദ്ധാത്മശക്തിയും കൊണ്ട് അനുഗ്രഹീതരായ നമുക്ക് എത്ര അധികമായി നന്മ ചെയ്യാനും നന്മയുടെ ഒരു അന്തരീക്ഷം സൃഷ്ടിച്ചെടുക്കാനും സാധിക്കും.

പ്രായമായ ഒരാൾ വീണ്ടും ജനിക്കുന്നതെങ്ങനെ എന്ന് ക്രിസ്തുവിനോട് ചോദിച്ച നിക്കോദിമോസിന്റെ ചോദ്യം ഒരു പ്രഹേളികയായി നമ്മുടെ മനസിലും കടന്നു വരുന്നു. ശിശുവിനെപ്പോലെ ആകണമെന്നതിന്റെ അർത്ഥം എന്താണ്? ശിശുക്കളുടെ ഏതൊക്കെ സവിശേഷതകളാണ് ദൈവരാജ്യ നിർമ്മിതിക്ക് പ്രയോജനപ്പെടുന്നത്?

(1) ശിശുക്കൾ അറിയാൻ ആഗ്രഹിക്കുന്നവരും പഠിക്കാൻ മനസ്സുള്ളവരുമാണ്. ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ പഠിക്കാൻ താല്പര്യം ഉള്ളവരായിരിക്കേണം ഓരോ ക്രിസ്തുശിഷ്യനും.

(2) പൈതങ്ങൾ ആശ്രയ ബോധമുള്ളവരാണ്. ദൈവപിതാവിൽ ആശ്രയം വയ്ക്കുന്നവരും പരസ്പരം ആശ്രയിക്കുന്നതിൽ അപമാനം കാണാത്തവരും കൂട്ടായ്മയെ പരിപോഷിപ്പിക്കുന്നു.

(3) ശിശുക്കൾ സ്ഥാനമാനങ്ങൾ ആഗ്രഹിക്കുന്നതേയില്ല. സമൂഹത്തിൽ അവർക്ക് ഏറ്റവും താണസ്ഥാനമേ ഉള്ളൂ. എങ്കിലും അവർ എല്ലാവരുടെയും കണ്ണിലുണ്ണി ആണുതാനും.

(4) എളിമയും വിനീതഭാവവും ബലഹീനതയായിട്ടാണ് ലോകം കരുതുന്നതെങ്കിൽ ദൈവസമക്ഷവും ദൈവരാജ്യത്തിലും അത് അടിസ്ഥാനപരമായ പുണ്യമാണ്.

(5) ശിശുക്കളുടെ ജീവിതത്തിൽ സങ്കീർണ്ണതകളില്ല. ജീവിതം ലളിതമാകുക. .


www.malankaralibrary.com
www.manivilaku.com

# മാർ ഈവാനിയോസ് ഭാരത ക്രൈസ്തവ സന്ന്യാസത്തിന്റെ പ്രവാചകൻ



Dr. Rev. Thomas Kuzhinapurath

> ജീവിത ദർശനത്തിലും ആ ദർശങ്ങളിലും നമുക്കൊരു വിസ്മയമായി മാർ ഈ വാനിയോസ് പിതാവ് മുന്നിൽ നിൽക്കുന്നു. ആ ആദർശങ്ങളും ജീവിതശൈലിയും സാക്ഷാത്കൃതമാക്കുവാനുള്ള കർമ്മവീഥികളാണ് പിതാവ് നമുക്കു മുന്നിൽ തുറന്നിട്ടിട്ടുള്ളത്.

മാർ ഈവാനിയോസ് – ക ണ്ടറിവില്ലെങ്കിലും ഓർക്കുമ്പോഴൊക്കെ മനസ്സിൽ സ്നേഹാദരവുകളുളവാക്കുന്ന ഒരു നാമമാണത്. കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന് ക്രൈസ്തവ മൂല്യങ്ങളിൽ അധിഷ്ഠിതമായി നിന്നു കൊണ്ട് നിർണായക സംഭാവനകൾ നല്കിയ ഒരു മഹാത്മാവായിരുന്നു അദ്ദേഹം. 1882 സെപ്റ്റംബർ 21-ന് മാവേലിക്കരയിൽ ജനിച്ച മാർ ഈവാനിയോസ് തിരുമേനി, കേരളക്കരയിലെ വിഭജിത ക്രൈസ്തവ സമുഹങ്ങൾക്കിടയിൽ ഐക്യബോധം ജനിപ്പിക്കുന്നതിനു വഹിച്ച പങ്ക് അവിസ്മരണീയമാണ്. വ്യവഹാരങ്ങളുടെ ഇടവഴികളിലൂടെയല്ല ക്രൈസ്തവ സമൂഹം മുന്നോട്ട് നീങ്ങേണ്ടതെന്ന ഉറച്ചബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. തത്ഫലമായി വിഭജിത ക്രൈസ ്തവ സമൂഹങ്ങളെ ഒന്നിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ യാക്കോബായ സമൂഹവും ആഗോള കത്തോലിക്കാസഭയും തമ്മിലുള്ള പുനരൈക്യ നീക്കങ്ങൾ 1920-കളിൽ മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.

www.malankaralibrary.com



www.manivilaku.com

പിന്താങ്ങിയിരുന്നവരൊക്കെ പിന്തിരിഞ്ഞപ്പോഴും നഷ്ടധൈര്യനാകാതെ 1930 സെപ്തംബർ 20-ന് പുനരൈക്യസ്വപ്നം സാക്ഷാത്കരിച്ചപ്പോൾ തന്റെ മനഃസാക്ഷിയിലധിഷ്ഠിതമായ ഒരു സത്യാന്വേഷണത്തിന്റെ പൂർത്തീകരണം സാധിക്കുകയായിരുന്നു മാർ ഈവാനിയോസ്. തുടർന്ന് തിരുവനന്തപുരം കേന്ദ്രമാക്കി നടത്തിയ മത - സാംസ്കാരിക - വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മാർ ഈവാനിയോസിനെ അനന്തപുരിയുടെ ചരിത്രത്തിൽ അവിസ്മരണീയനാക്കുന്നു. അഞ്ഞൂറോളം വരുന്ന വിദ്യാകേന്ദ്രങ്ങളുമായി മലങ്കര സുറിയാനി കത്തോലിക്കാ സഭ, കേരളത്തിലെ സാംസ്കാരിക രംഗത്ത് ഇന്ന് അനിഷേധ്യമായി നിലകൊള്ളുമ്പോൾ അതിനു കാരണഭൂതനായ ദീർഘവീക്ഷണപടുവിനെ ആർക്കു വിസ്മരിക്കാനാവും? 1953 ജൂലൈ 15-നു കാലം ചെയ്യുമ്പോൾ എന്നും ഓർമ്മിക്കത്തക്ക നേട്ടങ്ങളുടെ ഒരു നീണ്ടനിര തന്നെ അദ്ദേഹത്തിന് അവകാശപ്പെടാൻ ഉണ്ടായിരുന്നു. ഇതിന് അദ്ദേഹത്തെ പ്രാപ്തനാക്കിയത് സംസ്കാരങ്ങളെ സമന്വയിപ്പിക്കാൻ അദ്ദേഹത്തിനുണ്ടായിരുന്ന ദർശനസിദ്ധിയായിരുന്നു. ക്രൈസ്തവ സന്ന്യാസത്തിന് ഭാരതീയ ഛായ നൽകിയ മാർ ഈവാനിയോസ് പിതാവിന്റെ സന്ന്യാസ ദർശനത്തിലേക്ക് ഒരു വിഹഗവീക്ഷണം നടത്തുകയാണിവിടെ.

## ഭാരതസന്ന്യാസം ഒരാമുഖം

ഇൻഡ്യയിലെ സന്ന്യാസ ജീവിത ചരിത്രത്തിന് ആർഷഭാരത സംസ്കാരത്തോളം തന്നെ കാലദൈർഘ്യമുള്ള ഒരു പാരമ്പര്യം അവകാശപ്പെടാനാവും. ബ്രഹ്മസാക്ഷാത്കാരത്തിൽ ആനന്ദം കണ്ടെത്തുന്ന സർവ്വസംഗ പരിത്യാഗപൂർണമായ ഒരു ജീവിത ശൈലിയാണ് ഭാരതത്തിലെ സന്ന്യാസത്തിന്റേത്. 'സംയഗ് പ്രാകാരേണ' (സമ്പൂർണം), 'ന്യാസ' (പരിത്യാഗം) എന്നീ ധാതുക്കളുടെ സംയോജനത്താൽ സൃഷ്ടിക്കപ്പെടുന്ന അർത്ഥഗർഭമായ ഒരു വാക്കാണ് സംസ്കൃത ഭാഷയിൽ സന്ന്യാസം. സാർവ്വലൗകിക വ്യാപാരങ്ങളോടുള്ള വിരക്തിയും ദൈവസാക്ഷാത്കാരത്തിലുള്ള ആനന്ദവും സമന്വയിക്കാവുന്ന ഒരു ജീവിത ശൈലിയാണ് ഭാരതത്തിൽ സന്ന്യാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മനുസ്മൃതി കർത്താവ് ആ ജീവിതത്തെ അവതരിപ്പിക്കുന്നത് ഇങ്ങനെയാണ്, "സ്വഭവനം ഉപേക്ഷിച്ച്, സൗഹൃദ ബന്ധങ്ങളില്ലാതെ, ഏകനായി മോക്ഷ പ്രാപ്തിലക്ഷ്യം വച്ച് മുന്നേറുന്നവനാണ് സന്ന്യാസി.... ജീവിത-മരണ ചിന്തകൾക്കപ്പുറമായി കൂലി കാംക്ഷിക്കുന്ന വാല്യക്കാരനെപ്പോലെ തന്റെ നിയുക്തസമയം പാർത്തിരിക്കുന്നവനാണ് സന്ന്യാസി' (മനുസ്മൃതി. VI, 45). 'പുരാതനഭാരതത്തിലെ സന്ന്യാസം' എന്ന ഗ്രന്ഥത്തിൽ എം.ജി. ഭഗത് പറയുന്നു, "ഭൗതിക സ്വത്തുക്കളെല്ലാം ഉപേക്ഷിച്ചുകൊണ്ട് ദൈവചിന്തയിലും ഭക്തിയിലും മാത്രം ശ്രദ്ധിക്കുന്ന ഒരു ശൈലിയാണ് സന്ന്യാസ ജീവിതത്തിന്റേത്". പരിവ്രാജകൻ, ഭിക്ഷു, മുനി, സാധു എന്നീ സംജ്ഞകളിലൂടെ സന്ന്യാസ ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ പുരാതന ഭാരതീയ ഗ്രന്ഥങ്ങളിൽ വിവരിക്കുന്നുണ്ട്.

ഭാരതീയചിന്ത അനുസരിച്ച് സന്ന്യാസ ജീവിതത്തിന് അവശ്യം വേണ്ടവയെന്ന് കരുതപ്പെട്ടുപോന്ന സവിശേഷതകൾ താഴെപ്പറയുന്നവയാണ്:

### 1. പരിത്യാഗം

മർത്യൻ അമർത്യനാകുന്നത് പരിത്യാഗത്തിലൂടെയാണ് എന്നതാണ് ഭാരത സന്ന്യാസത്തിന്റെ പ്രഥമപാഠം. പുറം ലോകത്തിൽനിന്നുള്ള ഒളിച്ചോട്ടമല്ല, മറിച്ച്, ആഗ്രഹങ്ങളെ ഏകാഗ്രമാക്കി ദൈവത്തിലേക്കുമാത്രം ശ്രദ്ധിക്കുന്നു എന്നാണിവിടെ അർത്ഥമാക്കുന്നത്.

### 2. ധ്യാനം

ബൃഹദാരണ്യകോപനിഷത്തിൽ ഇങ്ങനെ കാണുന്നു, "നിശ്ശബ്ദധ്യാനത്തിലൂടെ ഒരുവൻ ഈശ്വര സാക്ഷാത്കാരം സാധിക്കുന്നു' (III, 5:1).

www.malankaralibrary.com

**3. തപസ്സ്**
ഭാരതീയ ആചാര്യന്മാർ ആത്മ നിയന്ത്രണത്തിലധിഷ്ഠിതവും ചിട്ടയുള്ളതുമായ ഒരു ജീവിതമാണ് തപസ്സ് എന്നതുകൊണ്ട് വിവക്ഷിക്കുക.

**4. യോഗ**–ജ്ഞാന–കർമ്മ–ഭക്തി മാർഗ്ഗ ത്തിലൂടെ മനസ്സിന്റെയും ഇന്ദ്രിയങ്ങളുടെയും സചേതനമായ ഒരു ഐക്യം സ്ഥാപിക്കപ്പെടുന്നു.

**5. സമചിത്തത** – പൂർണമായ പരിത്യാഗത്തിലൂടെയും ആത്മസാക്ഷാത്കാരത്തിലൂടെയും ഒരു സന്ന്യാസി കൈവരിക്കുന്ന ആത്മസ്വാതന്ത്ര്യമാണിത്.

**6. ശാന്തതയും നിശ്ശബ്ദതയും** – എല്ലാ ലൗകിക ആകർഷണങ്ങളിൽനിന്നും വിമുക് തമായി ആത്മസ്വാതന്ത്ര്യത്തിൽ നിരന്തരം വ്യാപരിക്കുന്ന അവസ്ഥയാണിത്.

**7. അതിമാനുഷികത** – മാനുഷിക പരിമിതികൾക്കതീതമായ ഒരു സ്വാതന്ത്ര്യജീവിതം സന്ന്യാസി ആരംഭിക്കുന്നു. സാർവ്വലൗകികതയിൽ നിന്നും സ്വയം അന്യവത്കൃതനാണെന്ന ബോധ്യത്തോടെ സന്ന്യാസി ലോകത്തിൽ ജീവിക്കുന്നു.

## ക്രിസ്തീയ സന്ന്യാസദർശനം

ക്രൈസ്തവസഭയുടെ ആദിമകാലം മുതൽ തപോനിഷ്ഠമായ ജീവിതത്തെ തക്കതായ പ്രാധാന്യത്തോടെ സ്വീകരിച്ചിരുന്നു. മാർ ഈവാനിയോസ് പിതാവുതന്നെ ക്രിസ്തീയ സന്ന്യാസജീവിതത്തെപ്പറ്റി പ്രതിപാദിക്കുന്നതിങ്ങനെയാണ്, 'ക്രിസ്തീയ സന്ന്യാസത്തിന്റെ അടിസ്ഥാനം ദൈവപുത്രനായ യേശു മിശിഹായുടെ മനുഷ്യാവതാരവും കുരിശിന്മേൽ നിർവഹിച്ച യാഗവും ആകുന്നു' (മലങ്കര സന്ന്യാസ ജീവിത സഹായി). ദൈവാത്മാവിനാൽ പൂരിതമാകുന്ന, സമർപ്പണജീവിതം ദൈവികമായിത്തീരുന്നു എന്ന ക്രൈസ്തവ ദർശനം മാർ ഈവാനിയോസ് പിതാവിനെ ഏറെ സ്വാധീനിച്ചിരുന്നു. അദ്ദേഹം എഴുതി, "നമ്മുടെ കർത്താവിനെ അനുഗമിക്കുന്നവർ അങ്ങേ അടുക്കൽ ആഴമായ ഭക്തിയോടും തുടർച്ചയായ യോജിപ്പിലും ജീവിക്കുമ്പോൾ അങ്ങേ ആത്മാവ് അവനിൽ വ്യാപിക്കുകയും അങ്ങയുടെ നേരേ കേവലം സ്നേഹവും നന്ദിയും വർദ്ധിച്ചിട്ട് അവിടുന്നു ജീവിച്ചതുപോലെ ജീവിക്കാൻ പ്രേരിതരായിത്തീരുകയും ചെയ്യുന്നു' (മലങ്കര സന്ന്യാസജീവിത സഹായി). അതുപോലെ ക്രൈസ്തവ സന്ന്യാസത്തിന് അനിവാര്യമായ മറ്റൊരു ഘടകമാണ് പരിത്യാഗമെന്നു മാർ ഈവാനിയോസ് പിതാവ് വിശ്വസിച്ചിരുന്നു. "ത്യാഗം കൊണ്ടല്ലാതെ അനന്യ സാധാരണമായ ദൈവസാമീപ്യം ലഭിക്കാവതല്ല. ദൈവവുമായി അടുത്തു നില്ക്കണമെന്നുള്ളവർ സകലത്തിലും യേശുമിശിഹായെ അനുകരിച്ചേ മതിയാവുകയുള്ളു. ഗാഗുൽത്താമലമേൽ കാണപ്പെടുന്ന സ്വയപരിത്യാഗത്തിന്റെ അച്ചസ്ഥാനീയമായ മാതൃക അവന്റെ ഉള്ളിൽ പ്രതിഫലിക്കപ്പെടണം.... സ്വയമേവ തങ്ങളെത്തന്നെ ദൈവത്തിനായി പ്രതിഷ്ഠിച്ചിട്ടുള്ള സന്ന്യാസികളടങ്ങിയ ഒരു സമൂഹം തന്നെയാണ് വേണ്ടതെന്നും ദൈവതിരുവിഷ്ടം അതാണെന്നും അതിനാൽ അതാണ് ജീവിതാദർശമായിരിക്കേണ്ടതെന്നും അതിനായിട്ടുവേണം ശിഷ്ടായുസ്സിനെ വിനിയോഗിക്കാനെന്നും നാം ദൈവകൃപയെ അവലംബിച്ചുകൊണ്ട് നിശ്ചയിച്ചു'(ഗിരിദീപം). ദൈവാരാധന, അനുസരണം, നിസ്സീമമായ സ്നേഹം, ആഴമായ താഴ്മ, സ്വയപരിത്യാഗം, സന്തോഷപൂർണമായ സമാധാനം. യേശുമിശിഹായിൽ വിരാജിച്ചിരുന്ന ഈ മൂല്യങ്ങൾ ക്രൈസ്തവ സന്ന്യാസിയുടെ ജീവിതാദർശങ്ങളായിരിക്കണമെന്ന ബോധ്യം മാർ ഈവാനിയോസ് പിതാവിനുണ്ടായിരുന്നു.



1st All India Bishops Conference at Bangalore

Bishops Lawrence Pereira (Kottar), Bonaventura Arana (Vijayapuram), Francis Tiburtius Roche (Tuticorin), Mar Alexander Choolaparambil (Kottayam), Mar James Kalacherry (Changanacherry), Aloysius Maria Benziger (Quilon), Vincent Dereere (Trivandrum), Leo P. Kierkels (Apostolic-Delegate of East Indies [India, Burma & Ceylon]), Archbishop Joseph Attipetty (Verapoly) & Archbishop Mar Ivanios

www.malankaralibrary.com

## നവസന്ന്യാസത്തിന്റെ വഴിത്താരകൾ

'ഒട്ടധികം ദിവസങ്ങളിലെയും മാസങ്ങളിലെയും പര്യവേഷണങ്ങളുടെയും പര്യാലോചനകളുടെയും പ്രാർത്ഥന, വി. കുർബാന എന്നിവയുടെയും ഫലമായി ദൈവത്തിൽ നിന്നും ലഭിക്കപ്പെട്ട പ്രസ്തുത ആദർശത്തെ (സന്ന്യാസ ജീവിതം) നാം ഒരു അമൂല്യ നിധിയെന്നവണ്ണം വിലമതിക്കുകയും അതിനെ വ്യാപാരം ചെയ്യുവാനുള്ള പരിജ്ഞാനത്തെ തേടുവാൻ ഉദ്യമിക്കുകയും ചെയ്തു'(ഗിരിദീപം). കേവലം നൈമിഷികമായ ചില തോന്നലുകളുടെ ആവിഷ്കരണം മാത്രമായിരുന്നില്ല മാർ ഈവാനിയോസ് പിതാവിന്റെ സന്ന്യാസ ദർശനം. മേൽ വിവരിച്ച രണ്ട് സന്ന്യാസജീവിത ശൈലികളെ (ഭാരതീയ-ക്രിസ്തീയ) ക്കുറിച്ചും ശരിയായി പഠിച്ചശേഷം ഉൾക്കൊണ്ടതനതായ ദർശനമായിരുന്നു അത്.

കത്തോലിക്കാസഭയിലെ സന്ന്യാസജീവിത ശൈലിയെക്കുറിച്ച് പുരാതന സന്ന്യാസ ഗ്രന്ഥങ്ങളിൽ നിന്നും നിയമാവലികളിൽനിന്നും അഭിവന്ദ്യ പിതാവ് ശരിക്കും വായിച്ചറിഞ്ഞു. മാർ ബസേലിയോസിന്റെയും മറ്റും സന്ന്യാസ നിയമങ്ങൾ പിതാവ് പഠന വിധേയമാക്കിയെന്നുവേണം കരുതുവാൻ.
ചെറുപ്പകാലം മുതൽ ആർഷഭാരത സംസ്കാരവുമായി ഇടപഴകിയിരുന്ന അഭിവന്ദ്യ പിതാവ് ക്രൈസ്തവ സന്ന്യാസത്തെ ഭാരതീയദർശനവുമായി സമന്വയിപ്പിക്കാനുള്ള പരിശ്രമമാണ് നടത്തിയത്ഹൈന്ദവ സന്ന്യാസാദർശമുൾക്കൊള്ളുന്ന ഗ്രന്ഥങ്ങൾ വായിക്കുന്നതിന് പിതാവ് ശ്രദ്ധിച്ചിരുന്നു. വിശ്വഭാരതിയിൽ പോയി മഹാകവി രവീന്ദ്രനാഥ ടാഗോറുമായി സന്ന്യാസ ജീവിതത്തെക്കുറിച്ച് സംഭാഷണം നടത്തുന്നതിന് പിതാവ് സമയം കണ്ടെത്തിയിരുന്നു. ശാന്തിനികേതൻ പലതവണ സന്ദർശിച്ചിട്ടുള്ളതായി ജീവചരിത്രത്തിൽ നാം വായിക്കുന്നു. മഹാത്മാഗാന്ധിയാൽ സ്ഥാപിതമായ സബർമതി ആശ്രമം, രാമകൃഷ്ണ മിഷൻ ആശ്രമം തുടങ്ങിയവയും സന്ദർശിച്ച് സന്ന്യാസ ജീവിതാദർശങ്ങളുൾക്കൊള്ളാൻ പിതാവ് പരിശ്രമിച്ചിരുന്നു. ഈ പര്യവേക്ഷണങ്ങളുടെയെല്ലാം ഫലമായി ഭാരതീയ സന്ന്യാസ ദർശനമെന്തെന്നു വ്യക്തമായ ഒരു ധാരണ പിതാവിനു ലഭിച്ചു. 'ജനനിബിഡമായ പ്രദേശങ്ങളിൽനിന്നും ഒഴിഞ്ഞ് പർവതസാനുക്കളിലും വനപ്രദേശങ്ങളിലും പർണ്ണശാലകൾ കെട്ടി, ജപതപാദികളിൽ മുഴുകി ജീവിച്ചിരുന്ന സന്ന്യാസിമാരുടെ ജീവിതശൈലിയായിരുന്നു ആർഷസംസ്കാരത്തിന്റെ പൈതൃകം' എന്നു പിതാവ് മനസ്സിലാക്കി.

പൗരസ്ത്യക്രൈസ്തവ പാരമ്പര്യത്തിൽ ഉറച്ചുനിന്നുകൊണ്ട് ഭാരതസംസ്കാരത്തിന്റെ മൂല്യങ്ങളുൾക്കൊള്ളുന്ന സന്ന്യാസസമൂഹങ്ങൾക്ക് രൂപം നല്കുവാൻ പിതാവ് തീരുമാനിച്ചു. അപ്പസ്തോലിക പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആർഷ ഭാരത സന്ന്യാസ ജീവിതശൈലി ഏറെ ഫലപ്രദമാണെന്നു മനസ്സിലാക്കിയാണ് ഈ തീരുമാനം പിതാവ് കൈക്കൊണ്ടത്.

## സാക്ഷാത്കാരം മുണ്ടൻമലയിൽ

ഭാരതീയശൈലിയിലുള്ള ക്രൈസ്തവ സന്ന്യാസാശ്രമത്തെ ക്കുറിച്ച് മാർ ഈവാനിയോസ് പിതാവിനുണ്ടായിരുന്ന സ്വപ്നം 1920-ലെ പെന്തക്കുസ്താനാളിൽ, പെരുനാട് മുണ്ടൻമലയിൽ കെട്ടിയുണ്ടാക്കിയ പർണശാലയിൽ സാക്ഷാത്കൃതമായി. പുരാതന ഋഷിമാരുടെ സന്ന്യാസാശ്രമങ്ങളെ അനുസ്മരിപ്പിക്കും വിധം "പമ്പാനദിയുടെയും കക്കാട്ടാറിന്റെയും സംഗമസ്ഥാനത്തുനിന്നും അല്പം കിഴക്കുമാറി, ഉയർന്നുപൊങ്ങി നില്ക്കുന്നതും കുറ്റിക്കാടുകളാൽ നിബിഡവും' ആയ സ്ഥലത്ത് പ്രഥമ ബഥനി ആശ്രമം സ്ഥാപിതമായി. ഭാരതീയതയെയും ക്രൈസ്തവികതയെയും സമന്വയിപ്പിക്കുന്ന ഒരു ജീവിതക്രമമാണിവിടെ ഉണ്ടായിരിക്കേണ്ടതെന്ന നിഷ്കർഷ അഭിവന്ദ്യ പിതാവിനുണ്ടായിരുന്നു.

1917 നവംബർ 25-ന് സെറാമ്പൂരിൽനിന്നും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന് അയച്ച കത്തിൽ എം.എ. അച്ചൻ (മാർ ഈവാനിയോസ്) സന്ന്യസ്തരുടെ വേഷത്തെ സംബന്ധിച്ച് ഇപ്രകാരം എഴുതി: "ഇൻഡ്യയിൽ ഏതു ഭാഗത്തും ചേരുന്ന വേഷമായിരിക്കണം. ഈ നാടിനു ചേരുന്നതായിരിക്കണം. പരദേശികളുടേതെന്ന് ആരും കുറ്റം പറയാത്തതായിരിക്കണം. എത്രയും ചെലവു കുറഞ്ഞതായിരിക്കണം' (ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്, വാല്യം 1). സന്ന്യാസ സമൂഹങ്ങൾക്ക്

> "നമ്മുടെ കർത്താവിനെ അനുഗമിക്കുന്നവർ അങ്ങേ അടുക്കൽ ആഴമായ ഭക്തിയോടും തുടർച്ചയായ യോജിപ്പിലും ജീവിക്കുമ്പോൾ അങ്ങേ ആത്മാവ് അവനിൽ വ്യാപിക്കുകയും അങ്ങയുടെ നേരെ കേവലം സ്നേഹവും നന്ദിയും വർദ്ധിച്ചിട്ട് അവിടുന്നു ജീവിച്ചതുപോലെ ജീവിക്കാൻ പ്രേരിതരായിത്തീരുകയും ചെയ്യുന്നു"

www.malankaralibrary.com

ആശ്രമം, മഠം എന്നീ പേരുകൾ നല്കിയതിനു പിന്നിലും മാർ ഈവാനിയോസ് പിതാവിന്റെ ഭാരതീയ വീക്ഷണമാണ് ദർശിക്കുക. സന്ന്യാസ ജീവിതക്രമത്തിലും ബഥനി ആശ്രമത്തിലും ഭാരതീയശൈലി നിലനിർത്തിപോന്നിരുന്നു. "കഠിനാദ്ധ്വാനം, ഉപവാസം, പഠനം, പ്രാർത്ഥന എന്നിവയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള' ഒരു ജീവിതമായിരുന്നു മുൻമലയിലെ ആശ്രമസ്ഥരുടേത്. സാംസ്കാരികാനുരൂപണത്തിന്റെ അലയടികൾ കേരളക്കരയിലുയരുന്നതിന് ദശാബ്ദങ്ങൾക്കു മുമ്പുതന്നെ, കുടിലുകളിലെ താമസവും മൺചട്ടികളിൽ വിളമ്പിയിരുന്ന സസ്യ ഭക്ഷണവും മുണ്ടൻ മലയിൽ ആരംഭിച്ചിരുന്നുവെന്നോർക്കണം. 'ക്രൈസ്തവ ലോകത്തിന്റേതെന്നല്ല ഇതര മതവിഭാഗങ്ങളുടെയും സവിശേഷമായ ശ്രദ്ധയും ആദരവും ആകർഷിച്ച ബഥനിപ്രസ്ഥാനം ഒരു സാമൂഹിക കോളിളക്കം തന്നെ ഉണ്ടാക്കിയതാണ്. എം.എ. അച്ചൻ കാവിവസ്ത്രവും മൺചട്ടിയുമായി, മഹാകവി ടാഗോറിന്റെ വിശ്വഭാരതിയെയും മഹാത്മാഗാന്ധിയുടെ സബർമതി ആശ്രമത്തെയും അനുസ്മരിപ്പിക്കുന്ന റാന്നിയിലെ ബഥനിക്കുന്നിൽ ആസ്ഥാനമുറപ്പിച്ചപ്പോൾ സമുദായ ഭക്തർക്ക് അതൊരു തീർത്ഥാടന കേന്ദ്രമായിരുന്നു' (ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, വാല്യം.1).

## പ്രകാശദീപമായി

ജീവിത ദർശനത്തിലും ആദർശങ്ങളിലും നമുക്കൊരു വിസ്മയമായി മാർ ഈവാനിയോസ് പിതാവ് മുന്നിൽ നിൽക്കുന്നു. ആ ആദർശങ്ങളും ജീവിതശൈലിയും സാക്ഷാത്കൃതമാക്കുവാനുള്ള കർമ്മവീഥികളാണ് പിതാവ് നമുക്കു മുന്നിൽ തുറന്നിട്ടിട്ടുള്ളത്. ഈ ദർശനസാക്ഷാത്കാരത്തിൽ മലങ്കര സുറിയാനി കത്തോലിക്കരുടെ സഭാനിയോഗം അടങ്ങിയിരിക്കുന്നു എന്നു പറയാം. ഈ സാക്ഷാത്കാരം സംഭവിക്കേണ്ടത് സഭാസന്താനങ്ങളായ നാമോരോരുത്തരുടെയും ജീവിതശൈലിയിൽ തന്നെയാണെന്ന ബോധ്യം നമുക്കു സ്വന്തമാക്കാം.

**"ഭാരതീയശൈലിയിലുള്ള ക്രൈസ്തവ സന്ന്യാസാശ്രമത്തെക്കുറിച്ച് മാർ ഈവാനിയോസ് പിതാവിനുണ്ടായിരുന്ന സ്വപ്നം 1920-ലെ പെന്തക്കുസ്താനാളിൽ, പെരുനാട് മുണ്ടൻമലയിൽ കെട്ടിയുണ്ടാക്കിയ പർണശാലയിൽ സാക്ഷാത്കൃതമായി.'**

ഈ ബോധ്യസമ്പത്തിന്റെ ഉടമയാകുമ്പോൾ മലങ്കര സുറിയാനി കത്തോലിക്കാ സഭ അതിന്റെ വ്യക്തിത്വം നിലനിർത്തുന്നതോടൊപ്പം ഒരു സാക്ഷ്യസമൂഹമായി കേരളക്കരയിൽ പ്രശോഭിക്കുകയും ചെയ്യും. ഈ പാതയിൽ നമ്മുടെ സന്ന്യാസസമൂഹങ്ങൾ വഴിവിളക്കുകളായി നിലകൊള്ളുന്നു എന്നതിൽ നമുക്കഭിമാനിക്കാം.



www.malankaralibrary.com

# ധന്യൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസും വന്ദ്യ പുലിക്കോട്ടിൽ ജോസഫ് റമ്പാനും



ജോമി തോമസ്
കലയപുരം



ഏറെ സാജാത്യങ്ങൾ കൊണ്ടും കർമ്മപഥത്തിലെ അടിയുറച്ച പരിശ്രമം കൊണ്ടും ദൈവാശ്രയ ബോധം കൈമുതലായി വിജയം വരിച്ച രണ്ടു യുഗപുരുഷന്മാരുടെ പാവനസ്മരണ കൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭ അനുഗൃഹീതയാകുന്ന വേളയാണ് ജൂലൈ മാസം. വിശ്വാസജീവിതത്തിന്റെ പൂർണ്ണതയ്ക്കു വേണ്ടി സത്യം അന്വേഷിച്ചുകണ്ടെത്തി വീരഗാഥ രചിച്ച ചരിത്രമാണ് ഇരുവർക്കുമുള്ളത്. ലഭ്യമാകാമായിരുന്ന സ്ഥാനമാനങ്ങളെ തുച്ഛമായി കരുതി സ്ഥാനത്യാഗം ചെയ്ത് ആത്മീയ സാക്ഷാത്കാരം നേടിയവരാണ് ഇരുവരും. വീറുറ്റ പ്രവർത്തനവും ത്യാഗനിർഭരമായ ജീവിത ശൈലിയും വാക്ചാതുര്യവും ഇരുവരുടെയും മുഖമുദ്രകളായിരുന്നു. സൗമ്യമായ പെരുമാറ്റവും കർമ്മകുശലതയും അഗാധമായ പാണ്ഡിത്യവും അനന്യസാധാരണമായ ധീഷണാവിലാസവും, നിശ്ചയ ദാർഢ്യവും നർമ്മരസികത്വവും ഇരുവരുടെയും വ്യക്തിത്വങ്ങളിൽ അലിഞ്ഞുചേർന്നിരുന്നു. കേരള ക്രൈസ്തവസഭാചരിത്രത്തിൽ അപൂർവ്വ വ്യക്തിത്വങ്ങളായി തിളങ്ങിയ ഈ സഭാരത്നങ്ങൾ ഇന്നും സഭാവിശ്വാസികൾക്ക് അത്ഭുതവും ആദരവും ഉളവാക്കുന്നവരാണ്.

മലങ്കര നസ്രാണി സിംഹം, ഭാരതന്യൂമൻ എന്നീ പേരുകളിൽ അറിയപ്പെടുന്ന ധന്യൻ ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് പിതാവാണ് ഈ അപൂർവ്വ വ്യക്തിത്വങ്ങളിൽ ആദ്യത്തേത്. സ്വജീവിതം കൊണ്ട് അനേകായിരങ്ങളെ സത്യത്തിന്റെ മാർഗ്ഗത്തിലേക്ക് നയിച്ച ഈ രക്ഷാപുരുഷൻ കൂനൻ കുരിശു സത്യത്തിന്റെ മുറിവുണക്കാൻ ദൈവത്താൽ നിയോഗിതനായ ഒരു അവതാര പുരുഷനായിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഐക്യവും അഖണ്ഡതയും കാത്തു സൂക്ഷിക്കുവാൻ. ഭിന്നിപ്പിന്റെ മുറിവുകളെ സ്നേഹത്തിന്റെ തൈലാഭിഷേകത്താൽ സൗഖ്യപ്പെടുത്തി ഈ വൈദ്യൻ ത്യാഗോജ്ജ്വലമായ ഒരു ശുശ്രൂഷാ ജീവിതം സമർപ്പിച്ചു. മലങ്കര ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ചരിത്രം രണ്ടായിതിരിയുന്നത് മാർ ഇവാനിയോസിനെ അടിസ്ഥാനമാക്കിയാണ്.

www.malankaralibrary.com

പിതാവിനു മുമ്പും, പിതാവിനു ശേഷവും. ക്രിസ്തീയതയുടെ അടിസ്ഥാന മൂല്യങ്ങൾ തട്ടിത്തെറിപ്പിച്ച് അധികാരത്തിന്റെ വഴിയെ നീങ്ങിയ സഭാധികാരികൾക്ക് ഞെട്ടലുളവാക്കിക്കൊണ്ട് ആത്മീയപാപ്പരത്തത്തിനു പരിഹരമായി പ്രാർത്ഥനയും പരിത്യാഗവും കൈമുതലാക്കി :ബഥനി സന്യാസ സമൂഹത്തിലൂടെ ധന്യൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മലങ്കരയിലെ ആദ്ധ്യാത്മിക നവീകരണത്തിന് തീകൊളുത്തി. മുണ്ടൻമലയിലുയർന്ന ആ ആത്മീയതേജസ് മലങ്കര സഭയിലാകമാനം ഒരു നവചൈതന്യം പ്രസരിപ്പിച്ചു പുനരൈക്യപ്രസ്ഥാനത്തിലൂടെ ഐക്യത്തിന്റെ ഗാഥ രചിക്കുവാനും പിതാവിനു കഴിഞ്ഞു.

മാർ ഈവാനിയോസ് എന്ന നാമധേയത്തിൽ കേരളത്തിൽ വിവിധ ക്രൈസ്തസഭകളിലായി അനേകം മെത്രാന്മാർ ഉണ്ടായിട്ടുണ്ട്. എന്നാൽ മാർ ഈവാനിയോസ് എന്ന നാമം കേൾക്കുമ്പോൾ ഏവരുടെയും മനസ്സിൽ ആദ്യം ഓടിയെത്തുന്നത് ആർച്ചുബിഷപ്പ് മാർ ഈവാനിയോസിന്റേതു തന്നെയാണ്. ഏതൊരു വ്യക്തിക്കും സ്വന്തമായി അഭിമാനിക്കാവുന്ന പത്തര മാറ്റ് തനി തങ്കം തന്നെയാണ് പിതാവ്. ദൈവം സഭയ്ക്കു നൽകിയ ഈ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ നമ്മുടെ സമ്പത്തു തന്നെയാണ്.

ആർച്ചുബിഷപ്പ്മാർ ഈവാനിയോസിന്റെ സന്തത സഹചാരിയും അനുചരനുമായ പുലിക്കോട്ടിൽ ജോസഫ് റമ്പാനാണ് ഈ അപൂർവ്വ വ്യക്തിത്വങ്ങളിൽ രണ്ടാമൻ, സുപ്രസിദ്ധ സാഹിത്യകാരൻ, ചരിത്രപണ്ഡിതൻ, മലങ്കര യാക്കോബായാ സഭയിലെ റമ്പാൻ, പുനരൈക്യ പ്രസ്ഥാനത്തിന്റെ ശക്തനായ വക്താവ് എന്നിങ്ങനെയാണ് സഭാ ചരിത്രകാരന്മാർ പുലിക്കോട്ടിൽ ജോസഫ് റമ്പാനെ വിശേഷിപ്പിച്ചിരിക്കുന്നത്.


പുലിക്കോട്ടിൽ ജോസഫ് റമ്പാൻ തൃശൂർ കുന്നംകുളത്തെ പ്രസിദ്ധമായ പുലിക്കോട്ടിൽ തറവാട്ടിൽ 1889 നവംബർ 16-ാം തീയതി ഭൂജാതനായി. മലങ്കരസഭയിലെ പുലിക്കോട്ടിൽ മെത്രാപ്പോലീത്താമാർ ജനിച്ച അതേ തറവാട്ടിലാണ് ഇദ്ദേഹവും ജനിച്ചത്. ഉട്ടുപ് എന്നായിരുന്നു ബാല്യകാലനാമം. മാതാപിതാക്കന്മാർ ഉട്ടുപ്പിനെ വൈദികനാക്കാമെന്ന് നേർന്നിരുന്നു. പുലിക്കോട്ടു കുടുംബത്തിലെ പുരോഹിതന്മാരൊക്കെ ഉട്ടുപ ് എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത് അതു കൊണ്ടാണ് കഥാപുരുഷനും ഈ പേരു തന്നെ ലഭിച്ചത്. ഉട്ടുപ്പിന്റെ എട്ടാം വയസ്സിൽ സ്വമാതാവ് നിര്യാതനായി. തുടർന്ന് പിതാവ് പുനർവിവാഹം ചെയ്തു. രണ്ടാനമ്മ കുലീനത്വമുള്ള ഒരു സ്ത്രീയായിരുന്നു. പെറ്റമ്മയേക്കാൾ വാത്സല്യത്തോടെയാണ് ഉട്ടുപ്പിനെ രണ്ടാനമ്മ സംരക്ഷിച്ചത്. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം കോട്ടയം എം.ഡി. സെമിനാരിയിൽ ഹൈസ്കൂൾ പഠനത്തിനായി ചേർത്തു സ്കൂൾ ഫൈനൽ പാസ്സായതിനുശേഷം കോട്ടയം പഴയ സെമിനാരിയിൽ താമസിച്ച് സുറിയാനിഭാഷയിൽ പ്രാവീണ്യം നേടി. മലങ്കര യാക്കോബായ സഭയുടെ സമുദായസേവനങ്ങളിൽ ജോസഫ് ശെമ്മാശ്ശൻ വ്യാപൃതനാവുകയും സഭാ പ്രസിദ്ധീകരണങ്ങളുടെ ചുമതല വഹിക്കുകയും ചെയ്തു. ഇകാലഘട്ടത്തിൽ പഴയസെമിനാരിയിൽ പാഴായിക്കിടന്ന ഒരു അച്ചടിയന്ത്രം വൃത്തിയാക്കി കേടുപാടുകൾ പരിഹരിച്ച് 'സുറിയാനി സഭ മാസിക പ്രസിദ്ധപ്പെടുത്തുന്നതിനും ജോസഫ് ശെമ്മാശ്ശൻ മുൻകൈയ്യെടുത്തു.



Rt.Rev. JOSEPH PULIKKOTTIL RAMBAN
1889-1941
[Founder Vicar of Kunnamkulam Parish]

സാഹിത്യപരമായ വാസനയായിരുന്ന ജോസഫ് ശെമ്മാശ്ശൻ കോട്ടയത്തുനിന്നും കുന്നംകുളത്തേക്ക് താമസം മാറ്റുകയും അവിടെ തന്റെ പിതാവിന്റെ പ്രസ്സിൽ നിന്നും 'ആത്മപോഷിണി' എന്ന സാഹിത്യമാസിക ആരംഭിക്കുകയും ചെയ്തു. സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയെ തിരുവിതാംകൂറിൽ നിന്നും നാടുകടത്തിയപ്പോൾ പുലിക്കോട്ടിൽ ജോസഫ് ശെമ്മാശ്ശൻ അദ്ദേഹത്തിന് അഭയം നൽകുകയും സ്വഭവനത്തിൽ താമസിപ്പിക്കുകയും ചെയ്തു. പുലിക്കോട്ടിൽ ഭവനത്തിൽ താമസിച്ചുകൊണ്ട്സ്വദേശാഭിമാനി

www.malankaralibrary.com




ദീർഘകാലം ആത്മപോഷിണിയുടെ പത്രാധിപർ സ്ഥാനം വഹിക്കുകയുണ്ടായി. ആദ്യകാലങ്ങളിൽ വള്ളത്തോളിന്റെ കാവ്യങ്ങൾ പുസ് തകരൂപത്തിൽ അച്ചടിച്ചിരുന്നത് പുലിക്കോട്ടിൽ ജോസഫ് ശെമ്മാശ്ശന്റെ പ്രസ്സിൽ നിന്നായിരുന്നു. സഭാപ്രവർത്തനത്തിന്റെ ഭാഗമായി പീഢാനുഭവ ആഴ്ച്ചയിലെ പ്രുമിയോൻ ചെറുവത്തൂർ കുറിയാക്കോസ് കത്തനാരേക്കൊണ്ട് മലയാളത്തിലേക്ക് പുലിക്കോട്ടിൽ ജോസഫ് ശെമ്മാശ്ശൻ വിവർത്തനം ചെയ്യിച്ചു. ഈ പരിഭാഷയിൽ തൃപ്തനാകാതെ ശെമ്മാശ്ശൻ തന്റെ ആത്മാർത്ഥ സ്നേഹിതനായ വള്ളത്തോളിനെക്കൊണ്ട് പരിഭാഷയെ മിനുക്കിയെടുത്തു. മൂലഗ്രന്ഥത്തിലെ ദുർഗ്രഹതരയ മാറ്റിയെടുക്കാനുള്ള ശ്രമത്തിൽ ഇതിലെ ബൈബിൾ പ്രമേയം വള്ളത്തോളിന്റെ കാവ്യമനസ്സിനെ ഇളക്കിമറിച്ചു. ഈ സമയത്ത് കുന്നംകുളത്തുനിന്നും എട്ടു മൈൽ അകലെയുള്ള തൃശൂരിലേക്ക് ശെമാശ്ശനും വള്ളത്തോളും വില്ലുവണ്ടിയിൽ സഞ്ചരിച്ച് ക്രിസ്തുചരിത്രം എന്ന നിശബ്ദ ചിത്രം കാണാൻ സംഗതിയായി ഈ ചലച്ചിത്ര ത്തിലെ ക്രിസ്തുവിന്റേയും പാപിനിയായ മറിയയുടേയും ജീവിതചിത്രം മഹാകവിയിൽ ഒരു കാവ്യത്തിന്റെ വിത്തു വിതച്ചു ജോസഫ് ശെമ്മാശ്ശന്റെ അഭ്യർത്ഥന അനുസരിച്ചാണ് വള്ളത്തോൾ മഗ്ദലമറിയം എന്ന പ്രശസ്തഖണ്ഡകാവ്യം രചിച്ചത് ജോസഫ് ശെമ്മാശ്ശന്റെ സാഹിത്യവാസനയുടെ ബഹിസ്ഫുരണമായി 'കഥാകൗമുദി' എന്ന മാസികയും പ്രസിദ്ധീകരിച്ചു പീഡാനുഭവ ആഴ്ചയിലെ പ്രുമിയോൻ എന്ന ഗദ്യകാവ്യം. പീഡാനുഭവ ചരിത്രം. യൂദന്മാർ, മിശിഹാ ചരിത്രം എന്നിങ്ങനെയുള്ള കൃതികളും ശെമ്മാശ്ശന്റെ തൂലികയിൽ നിന്നും പ്രവഹിച്ചവയാണ്. 'സുറിയാനി കാഹളം എന്ന മാസികയും ശെമ്മാശ്ശൻ പ്രസിദ്ധീകരിച്ചു.

1929 ഏപ്രിൽ 4ാം തീയതി ജോസഫ് ശെമ്മാശ്ശനെ വൈദികനായി ഉയർത്തി 1929 ഏപ്രിൽ 14ാം തീയതി യാക്കോബായ സഭയിലെ റമ്പാൻ സ്ഥാനവും അദ്ദേഹത്തിനു കാതോലിക്കാബാവാ നൽകി പുലിക്കോട്ടിൽ മെത്രാൻമാരുടെ പിൻഗാമിയായി മലങ്കര മെത്രാപ്പോലീത്തായാകാൻ സമുദായം ആഗ്രഹിച്ച വ്യക്തിത്വമായിരുന്നു പുലിക്കോട്ടിൽ ജോസഫ് റമ്പാൻ.

നിരന്തരമായ വായനയും പഠനവും പുലിക്കോട്ടിൽ ജോസഫ് റമ്പാന്റെ സത്യാന്വേഷണങ്ങൾക്ക് ആക്കം കൂട്ടി സ്ഥാനമാനങ്ങൾക്കും അധികാരത്തിനും വശംവദനാകാതെ സത്യത്തിനുവേണ്ടി നിലകൊള്ളുമ്പോഴാണ് ജീവിതസാക്ഷാത്ക്കാരം നേടുന്നതെന്ന തിരിച്ചറിവ് ജോസഫ് റമ്പാനുണ്ടായി. ഇതിന്റെ ഫലമായി മലങ്കരസഭയിലെ ആദ്ധ്യാത്മിക നവീകരണത്തിനുവേണ്ടി പോരാടിയ മാർ ഈവാനിയോസിന്റെ പുനരൈക്യപ്രസ്ഥാനവുമായി ജോസഫ് റമ്പാൻ ബന്ധപ്പെട്ടു. കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടേണ്ടത് സത്യസഭയിൽ അംഗമാകുന്നതിന് ആവശ്യമാണെന്നു ബോധ്യമായി. 1930 സെപ്റ്റംബർ 21ന് അദ്ദേഹം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി അഹോരാത്രം യത്നിച്ച പുലിക്കോട്ടിൽ റമ്പാച്ചൻ ചേപ്പാട്ട് ഫീലിപ്പോസ് റമ്പാച്ചനുമായി ചേർന്ന് 'മലങ്കര സഭയുടെ കുഴൽക്കണ്ണാടി' എന്ന പ്രശസ്ത ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. ഈ ഗ്രന്ഥം യാക്കോബായസഭയിൽ വളരെ കോളിളക്കം സൃഷ്ടിക്കുകയും അനേകായിരങ്ങളെ കത്തോലിക്കാസഭയിലേക്കാകർഷിക്കുകയും ചെയ്തു. മാർ ഈവാനിയോസ് പിതാവിന്റെ പ്രഥമ വിദേശ പര്യടന വേളയിൽ (1931/1932 കാലത്ത്) റമ്പാച്ചൻ തിരുവനന്തപുരം അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ സ്ഥാനം ഏറ്റെടുത്തു. മാർ തെയോഫിലോസ് പിതാവ് വിദേശപര്യടനത്തിനു പോയ അവസരത്തിൽ (1935 /36) തിരുവല്ലാ രൂപതയുടെ അഡ് മിനിസ്ട്രേറ്ററായും റമ്പച്ചൻ

www.malankaralibrary.com



**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വളർച്ചയ്ക്കും ഭാവിയ്ക്കും വേണ്ടി ഈ യുഗപുരുഷന്മാർ ചെയ്ത സേവനങ്ങൾ ഓർമ്മിക്കുവാനും നാം ഇന്ന് അനുഭവിക്കുന്ന ശാശ്വത സമാധാനത്തിന് നന്ദിപറയാനും നമുക്ക് ഈ അവസരം വിനിയോഗിക്കാം.**

സേവനമനുഷ്ഠിച്ചു.

പിൽക്കാലത്ത് അധികാരണളിൽനിന്നെല്ലാം വിട്ടൊഴിഞ്ഞ് 1936 മുതൽ കുന്നംകുളത്ത് ഒരു ചാപ്പലും സമീപം ഒരു ബംഗ്ലാവും പണികഴിപ്പിച്ച് പ്രാർത്ഥനയിലും പരിത്യാഗത്തിലും ഒരു ദയറാജീവിതം നയിക്കുന്നതിൽ റമ്പാച്ചൻ വ്യാപൃതനായി ഇക്കാലത്ത് തിരുവിതാംകൂറിൽ സി.പി. രാമസ്വാമിയുടെ കിരാതനയത്തിന്റെ ഭാഗമായി നിരോധിക്കപ്പെട്ട "മലയാള മനോരമപ്പത്രം' പിറ്റേദിവസം മുതൽ കുന്നംകുളത്തു നിന്നും പ്രസിദ്ധപ്പെടുത്തിയത് റമ്പാച്ചന്റെ സാഹസികപ്രവർത്തനഫലമാണ്. കുന്നംകുളത്തുവച്ച് അദ്ദേഹം രോഗബാധിതനായി 1941 ജൂലൈ 6-ാം തീയതി സ്വർഗലോകപ്രാപ്തനായി മാർ ഇവനിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അദ്ദേഹത്തിൻറെ ഭൗതികശരീരം കുന്നകുളം സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളിയിൽ സംസ്കരിച്ചു.

ഇരു ശരീരവും ഒരു മനസ്സുമായി പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി അഹോരാത്രം പ്രവർത്തിച്ച് ധന്യൻ ആർച്ചുബിഷപ് മാർ ഈവാനിയോസും വന്ദ്യ പുലിക്കോട്ടിൽ ജോസഫ് റമ്പാനും സഭാചരിത്രത്തിൽ ഒരു നൂതന അദ്ധ്യായം രചിച്ചു. വി. പൗലോസ് ശ്ലീഹാ പറഞ്ഞതുപോലെ 'നല്ലപോർ പൊരുതി ഓട്ടം തികച്ചു. നീതിയുടെ കിരീടം നേടി',

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വളർച്ചയ്ക്കും ഭാവിയ്ക്കും വേണ്ടി ഈ യുഗപുരുഷന്മാർ ചെയ്ത സേവനങ്ങൾ ഓർമ്മിക്കുവാനും നാം ഇന്ന് അനുഭവിക്കുന്ന ശാശ്വത സമാധാനത്തിന് നന്ദി പറയാനും നമുക്ക് ഈ അവസരം വിനിയോഗിക്കാം. ജൂലൈ മാസം ഓരോ മലങ്കര കത്തോലിക്കനും ദൈവത്തോട് നന്ദിപറയാനും ഈ വന്ദ്യതാതന്മാരോട് മാദ്ധ്യസ്ഥ്യം യാചിച്ച് നമ്മുടെ സിരകളിലെ രക്തത്തിൽ സഭാസ്നേഹം കൂടുതൽ ലയിപ്പിക്കാനും ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

www.malankaralibrary.com

# ഓർമ്മയിൽ ശ്രേഷ്ഠാചാര്യന്മാർ

ܕܘܟܪܢܐ ܕܐܒܗܬܐ



## ആർച്ചുബിഷപ്പ് ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ സന്തതസഹചാരിയും അനുചരനുമായിരുന്ന വന്ദ്യ പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചന്റെ ഓർമ്മപ്പെരുന്നാൾ

## ജൂലൈ 6

www.malankaralibrary.com



# ഇവാനിയോസ് പിതാവും വരിക്കണ്ണാമല വൈദ്യനും



അനീഷ് വരിക്കണ്ണാമല


'മഴയത്ത് ഒരു കുടം വച്ചാൽ മഴതുള്ളികൊണ്ട് ക്രമേണ കുടം നിറയുന്നതുപോലെ ധർമ്മവും ധനവും വിദ്യയും ആദരവും ക്രമേണ വർദ്ധിക്കുമെന്നറിയുക' എന്ന് നീതിസാരം ഉപദേശിക്കുന്നു. വിശുദ്ധ ലൂക്കോസിൻറെ സുവിശേഷം 'നല്ല മനുഷ്യൻ തൻറെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്ന് നല്ലത് പുറുപ്പെടുവിക്കുന്നു. ദുഷ്ടൻ ദോഷമായതിൽ നിന്ന് മോശം പുറപ്പെടുവിക്കുന്നു. ഹൃദയത്തിൽ നിറഞ്ഞ് കവിയുന്നതല്ലോ വായ് പ്രസ്താവിക്കുന്നത് എന്നും പറയുന്നു. ഒരു നൂറ്റാണ്ടിന് അപ്പുറം വരിക്കണ്ണാമല വൈദ്യൻ എൻ നാരായണപണിക്കരും ധന്യൻ മാർ ഇവാനിയോസ് തിരുമേനിയും ചേർന്ന് തുറന്ന് വച്ച കുടത്തിൽ നിറഞ്ഞ ധർമ്മത്തിൻറെയും ആദരവിൻറെയും സ്നേഹത്തിൻറെയും സാഹോദര്യത്തിൻറെയും വികാരമാണ് ഈ കഴിഞ്ഞ രാണ്ടഴ്ചക്കാലം ഞാനും എൻറെ കുടുംബവും അനുഭവിച്ചത്.

ജൂലൈ 15ന് പട്ടം സെൻറ് മേരീസ് മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രൽ വച്ച് മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്ക ബാവാ പിതാവിൻറെ നന്മനിറഞ്ഞ ഹൃദയത്തിൽ നിന്നും പുറപ്പെടുവിക്കപ്പെട്ട സ്നേഹ ശകലങ്ങൾ നിറയെ വാത്സല്യമായിരുന്നു. പിതാവിൻറെ വാക്കുകൾ എൻറെ കർണ്ണപടത്തിൽ മുഴങ്ങുമ്പോൾ ഒരു നൂറ്റാണ്ടിനപ്പുറം തുറന്ന് വച്ച ആ കുടം നിറഞ്ഞ് കവിഞ്ഞ് പുറത്തേക്ക് ഒഴുകുന്ന അനുഭൂതിയായിരുന്നു.

വരിക്കണ്ണാമല തറവാടും മലങ്കര സുറിയാനി കത്തോലിക്ക സഭയും തമ്മിലുള്ള ബന്ധം ഒരു കാലഘട്ടത്തിൻറെ അടയാളപ്പെടുത്തലാണ്. അതിരുകൾ തിരിച്ച് അതിനുള്ളിൽ ഒതുങ്ങുന്ന വർത്തമാന കാലത്തിന് ചിന്തിക്കാൻ സാധിക്കുന്നതാണോ ആ വിശാലതയെന്ന് അറിയില്ല. വൈവിധ്യങ്ങളെ പുൽക്കി ഉണർത്തിയ നമ്മുടെ നാടിൻറെ പാരസ്പര്യത്തിൻറെ പ്രതീകമാണ് അത്. വൈദ്യനപ്പൂപ്പൻ അറിയും തോറും ഒരു അത്ഭുതമായി തോന്നിയിട്ടുണ്ട്. ഒരിക്കൽ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത എന്നോട് ചോദിച്ചു വൈദ്യനദ്ദേഹത്തെ കണ്ടിട്ടുണ്ടോ എന്ന്. ഇല്ല എന്ന

www.malankaralibrary.com





MOST REV. BENEDICT MAR GREGORIOS
O. I. C. M. A. D. D.
ARCHBISHOP OF TRIVANDRUM.

ARCHBISHOPS HOUSE
TRIVANDRUM-695004
KERALA, INDIA.
12-2-1977

[illegible] പുല്ലാട് വരിക്കണ്ണാമല വൈദ്യൻ ശ്രീ. നാരായണപ്പണിക്കരുടെ സ്മരണയെ ആദരിച്ച് ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ നിശ്ചയിച്ചത് ഏറ്റം സമുചിതമായിരിക്കുന്നു. ഈ പരിശ്രമത്തിന്റെ പിന്നിലുള്ള എല്ലാവരെയും ഞാൻ അഭിനന്ദിക്കുകയും ചെയ്യുന്നു.

കർമ്മധീരനും ഒരുത്തമ ദേശസ്നേഹിയുമായ ശ്രീ. നാരായണപ്പണിക്കരുടെ ധീരമായ നേതൃത്വവും നിർലോപമായ സേവനവും പുല്ലാട് ഗ്രാമത്തിന്റെ സീമകളെയും കടന്നു പരിസര പ്രദേശങ്ങളിലേക്കും വ്യാപിച്ചിരുന്നു. ആ പ്രദേശത്തിന്റെ സർവതോന്മുഖമായ പുരോഗതിയുടെ പാതയിൽ അദ്ദേഹം മാർഗദർശിയും ആദർശവാനായ നേതാവുമായിരുന്നു. നിസ്വാർത്ഥവും ത്യാഗപൂർണ്ണവുമായ അദ്ദേഹത്തിന്റെ സേവനം ചെന്നെത്താത്തൊരു പ്രവർത്തന മണ്ഡലവും ആ പ്രദേശത്തുണ്ടായിട്ടില്ല.

എന്റെ മുൻഗാമിയും ഈ അതിരൂപതയുടെ പ്രഥമ ആർച്ചുബിഷപ്പുമായിരുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും ശ്രീ. നാരായണപ്പണിക്കരും ഉറ്റസുഹൃത്തുക്കളായിരുന്നു, മാർ ഇവാനിയോസ് തിരുമനസിലെ വിവിധ പ്രവർത്തനങ്ങൾക്കു ഇദ്ദേഹം നൽകിയിട്ടുള്ള സഹായസഹകരണങ്ങളെ ഈ അവസരത്തിൽ ഞാൻ നന്ദിപൂർവം അനുസ്മരിക്കുന്നു. വ്യക്തിപരമായ താല്പര്യങ്ങളും നേട്ടങ്ങളും അവഗണിച്ച് പൊതു നന്മയെ ലക്ഷ്യമാക്കി ജീവിച്ച ഒരു മഹത് വ്യക്തിയെന്ന നിലയിൽ ശ്രീ. നാരായണപ്പണിക്കർ നമ്മുടെ സമൂഹത്തിൽ എന്നും സ്മരിക്കപ്പെടും. അർപ്പണ മനോഭാവവും, ത്യാഗസന്നദ്ധതയും, ആത്മാർത്ഥതയും കൈമുതലായുള്ള നേതാക്കൾ ഇന്നു തുലോം വിരളമായിരിക്കുന്ന നമ്മുടെ സമൂഹത്തിനു ശ്രീ. നാരായണപ്പണിക്കരുടെ ജീവിതം പ്രചോദനവും ചൈതന്യവും പകർന്നു തരട്ടെ.

(Sd.)

Most. Rev. Benedict Mar Gregorios
Arch Bishop of Trivandrum

എൻറെ മറുപടിക്ക് ഞാൻ കണ്ടിട്ടുണ്ടെന്നും അറിയാനും പഠിക്കാനും ശ്രമിക്കണമെന്നും അദ്ദേഹം പറയുക ഉണ്ടായി. അന്നുമുതൽ വൈദ്യനപ്പൂപ്പനെ അറിയാൻ ശ്രമിക്കുകയാണ്. തിരുവിതാംകൂർ ശ്രീമൂലം തിരുന്നാൾ പ്രജാസഭാംഗമായിരുന്ന വരിക്കണ്ണാമല വൈദ്യൻ ആസ്ഥാന കൊട്ടാരം വൈദ്യൻ കൂടിയായിരുന്നു. കോഴഞ്ചേരി സെൻറ് തോമസ് കോളേജിൻറെ രൂപീകരണത്തിൽ കുറുന്തോട്ടിക്കൽ അച്ചനൊപ്പം നടത്തിയ പരിശ്രമത്തെ തുടർന്ന് മാർത്തോമ്മാ സഭയുടെ കോളേജ് ഗവേണിംഗ് കൗൺസിലിൽ അംഗമായ നായർ സമുദായാംഗമാണ് അദ്ദേഹം.

പുല്ലാട് സെഹിയോൻ മാർത്തോമ്മാ ചർച്ചിൻറെ പ്രാരംഭ കാലത്ത് നടത്തിയ ഇടപെടലുകളിലൂടെ ഇടവകയുമായി ഉണ്ടാക്കിയത് പുക്കിൾ കൊടി ബന്ധമാണ്.

കേരള ഹിന്ദു മിഷൻറെ സ്ഥാപക നേതാവായ വൈദ്യൻ പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് വിദ്യാഭ്യാസം നൽകാനും പന്തിഭോജന സദ്യ ഒരുക്കാനും മുന്നിൽ നിന്നു. പുല്ലാടും സമീപപ്രദേശങ്ങളിലും കാണുന്ന വികസന പ്രവർത്തനങ്ങളുടേയും സർക്കാർ സ്ഥാപനങ്ങളുടേയും ശിൽപിയും അദ്ദേഹമാണ്. കേരള രാഷ്ട്രീയത്തിലെ പ്രഗത്ഭമതികളായ നേതാക്കളുടെ സ്ഥിരം സന്ദർശന വേദിയായിരുന്നു അദ്ദേഹത്തിൻറെ ഭവനം. അങ്ങനെ നിരവധിയായ വ്യക്തിത്വത്തിൻറെ ഉടമയായിരുന്നു വരിക്കണ്ണാമല വൈദ്യൻ.

രണ്ടായിരത്തി ഇരുപത് ജനുവരി മാസത്തിൽ മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ വെണ്ണിക്കുളം മേഖലാ സംഗമത്തിലേക്ക് ക്ഷണിക്കാൻ ശ്രീ ബിജു വടക്കത്രയും, ശ്രീ ഷാജി പൂച്ചേരിയും എത്തിയപ്പോൾ ആണ് പുനരൈക്യ ശിൽപി ധന്യൻ മാർ ഈവാനിയോസ് പിതാവും വൈദ്യനപ്പൂപ്പനും തമ്മിലുള്ള സുദൃഢമായ ബന്ധത്തെക്കുറിച്ച് കൂടുതൽ അറിവുകൾ നേടുന്നത്. പിന്നീട് ധന്യമായ ആ ബന്ധത്തിൻറെ ചരിത്രം മനസ്സിലാക്കാൻ നിരവധി അവസരം ഉണ്ടായി. ആ അറിവുകൾ ആവേശം പകരുന്നതായിരുന്നു. ഇവാനിയോസ് പിതാവ് സഭയുടെ രൂപീകരണ കാലത്ത് മുണ്ടൻ മലയിൽ നിന്നും വരിക്കണ്ണാമലയിൽ എത്തി അഥിതിയായി താമസിച്ച ചരിത്രം ഹർഷപുളകിതരായി മാത്രമേ ഞങ്ങൾക്ക് കേൾക്കാൻ സാധിക്കുകയുള്ളൂ. കാരണം പുനരൈക്യ പ്രസ്താനത്തിന് ഉജ്ജ്വലവും വിനീതവുമായ തുടക്കം കുറിക്കുവാൻ ഇവാനിയോസ് പിതാവിനെ പോലെ ഒരു മഹാത്മാവ് തെരഞ്ഞെടുത്ത ഇടങ്ങളിൽ ഒന്ന് ഞങ്ങളുടെ തറവാടാണ് എന്നത് ദൈവ നിയോഗമാണ്. പിന്നീട് പിതാവിന് വൈദ്യനപ്പൂപ്പൻ താമസ സൗകര്യം ഒരുക്കികൊടുക്കുകയും വെണ്ണിക്കുളം ബഥനി ആശ്രമത്തിന് സ്ഥലം വാങ്ങി നൽകുകയും ചെയ്തു എന്ന് വെണ്ണിക്കുളം മേഖലാ സമ്മേളനത്തിൽ വച്ച് അഭിവന്ദ്യ ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കുറിലോസ് മെത്രാപ്പോലീത്ത പ്രസംഗിച്ച് കേട്ടപ്പോൾ സന്തോഷവും അതിലേറെ അഭിമാനവും തോന്നി. പിന്നീട് ആശ്രമത്തിൻറെ നിർമ്മാണത്തിന് മാടോലിൽ വൈദ്യകലാനിധി ചാക്കോ വൈദ്യനൊപ്പം തൊഴിലാളികളെ നൽകിയതും ശേഷം സഭയുടെ ആദ്യ

www.malankaralibrary.com



വരിക്കണ്ണാമല വൈദ്യൻ
എൻ. നാരായണ പണിക്കർ

ഇടവകകളിൽ ഒന്നായ സെൻറ് ആൻറണീസ് മലങ്കര കത്തോലിക്ക പള്ളി രൂപം കൊള്ളുകയും ചെയ്തു എന്നതും ചരിത്രം. ശ്രീമൂലം പ്രചാസഭാംഗമായിരുന്ന വരിക്കണ്ണാമല വൈദ്യൻറെ പിൻബലത്തിലാണ് മാർ ഇവാനിയോസ് മെത്രാപ്പോലീത്ത തൻറെ പ്രേക്ഷിത പ്രവർത്തനത്തിൻറെ ആസ്ഥാനം തിരുവനന്തപുരത്തേക്ക് മാറ്റിയതെന്നും രാജകൊട്ടാരത്തിൽ നിന്ന് പതിച്ച് നൽകിയ സ്ഥലത്ത് സഭയുടെ ആസ്ഥാനം ഉയർന്നതെന്നും സഭാമക്കൾ പറഞ്ഞപ്പോൾ ഞങ്ങൾ പുതിയ തലമുറയ്ക്ക് ആവേശം പകരുന്ന പുതിയ അറിവായിരുന്നു. സ്ഥലം നൽകാമെന്നും തിരുവനന്തപുരത്ത് സ്ഥിരതമാസമാക്കണമെന്നും അമ്മതമ്പുരാട്ടി പറഞ്ഞപ്പോൾ തൻറെ കർമ്മമണ്ഡലം പുല്ലാട് ആണ് എന്ന് പറഞ്ഞ വൈദ്യനപ്പൂപ്പൻ പരിശുദ്ധപിതാവിൻറെ പ്രക്ഷിത പ്രവർത്തനങ്ങളുടെ ആസ്ഥാനം തിരുവനന്തപുരമാകണം എന്ന് ചിന്തിച്ചത് ദീർഘ വീക്ഷണം കൊണ്ടാണ്.

അഞ്ചുപേരിൽ നിന്നും ആരംഭിച്ച ഇവാനിയോസ് തിരുമനസ്സിൻറെ സഭ ഇന്ന് ലക്ഷോപലക്ഷം വിശ്വാസികളുടെ ആത്മീയ അഭയ കേന്ദ്രമാണ്. ദൈവത്തിൻറെ പ്രതിപുരുഷനായ തിരുമേനി ഇന്ന് വിശുദ്ധ തേജസോടെ നമ്മെ അനുഗ്രഹിക്കുകയാണ്. ഉയർന്ന വിദ്യാഭ്യാസം നേടിയിരുന്ന തിരുമേനി കെട്ടിപ്പടുത്ത മഹാപ്രസ്ഥാനത്തിന് മാത്രമല്ല നിരവധി നാനാ ജാതി മതസ്തർക്കും ആ വെളിച്ചം വഴികാട്ടുന്നു.

ദാർശനികരായ പിതാക്കന്മാർ തുറന്ന് വച്ച ആ കുടം നിറഞ്ഞ് കവിഞ്ഞപ്പോൾ ഒരു നൂറ്റാണ്ടിനിപ്പുറം ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കുറിലോസ് തിരുമേനി പദയാത്രയുമായി വരിക്കണ്ണാമല തറവാടിന് മുന്നിലെത്തി. അവിടെ ഞാനും എൻറെ കുടുംബവും തീർത്ഥാടന പദയാത്രികർക്കായി ലഘു സൽക്കാരവുമായി കാത്തു നിന്നു. വല്ലി കുരുശിന് അഭിവാദ്യമർപ്പിച്ച് പദയാത്രയെ ഞങ്ങൾ സ്വീകരിച്ചപ്പോൾ അഭിവന്ദ്യ തിരുമേനി വൈദ്യനപ്പൂപ്പൻറെ ഇളയ മകൾ ലളിതാ ഗോപിനാഥിനെ ആദരിക്കുകയും നെഞ്ചോട് ചേർത്ത് ആശ്ലേഷിക്കുകയും ചെയ്തു.

തുടർന്ന് ഓർമ്മപ്പെരുനാളിന് എത്തിയ



എന്നെ ക്ലിമ്മിസ് തിരുമേനി മാറോട് ചേർത്തതും ജപ മാല സമ്മാനിച്ചതും അദ്ദേഹത്തോടൊപ്പം ഭക്ഷണം കഴിക്കാൻ കൂട്ടികൊണ്ട് പോയതും മരണം വരെ സൂക്ഷിക്കുവാനുള്ള ഓർമ്മകളാണ് എനിക്ക് സമ്മാനിച്ചത്. ഇവാനിയോസ് പിതാവിൻറെ കബറിൽ പ്രാർത്ഥിക്കുമ്പോൾ വൈദ്യനപ്പൂപ്പനും തിരുമേനിയും ചേർത്ത് തുറന്ന് വച്ച ആ സ്നേഹവാൽസല്യത്തിൻറെ കുടം ഒരു പോറൽ പോലും ഏൽക്കാതെ തലമുറകളോളം സൂക്ഷിക്കാൻ സാധിക്കണമേയെന്ന പ്രാർത്ഥനയാണ് മനസ്സിൽ മന്ത്രിച്ചത്. രണ്ട് വഴികളിലൂടെ രണ്ട് വിശ്വാസങ്ങളിലൂടെ സഞ്ചരിക്കുമ്പോഴും നന്മയുടേയും പ്രാർത്ഥനയുടേയും വഴി എത്തി ചേരുന്നത് അവസാനം ഈശ്വരനിൽ തന്നെയാണ്. ആ ഈശ്വരൻ ഒന്നാണ്... അത് എല്ലാവരുടേതുമാണ്...

'നിന്നെപ്പോലെ നിൻറെ അയൽക്കാരനെയും സ്നേഹിക്കണം' എന്ന ബൈബിൾ വചനം ജീവിതത്തിൽ യാഥാർത്ഥ്യമാക്കിയ ഇവാനിയോസ് പിതാവിൻറെയും വരിക്കണ്ണാമല വൈദ്യനപ്പൂപ്പൻറെയും സ്മരണകൾക്ക് മുൻപിൽ പ്രണാമം അർപ്പിച്ചുകൊള്ളട്ടെ...

**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
*Ref: 927/KCBC/K-6/KPR/DS* 30.07.2024

**വയനാട് ഉരുൾപൊട്ടൽ:**
**സഭാസംവിധാനങ്ങൾ ജാഗ്രതയോടെ പ്രവർത്തിക്കണം - കെസിബിസി**

കൊച്ചി: വയനാട് ജില്ലയിലെ മേപ്പാടി മേഖലയിൽ ചൂരൽമലയിലും മുണ്ടക്കൈയിലും മറ്റും ഉണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും ജീവൻ നഷ്ടമായവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഉറ്റവരെയും ഉടയവരെയും നഷ്ടമായവരുടെയും പരിക്കേറ്റവരുടെയും വേദനയിൽ പങ്കുചേരുകയും അവർക്കായി പ്രാർഥിക്കുകയും ചെയ്യുന്നു.

രക്ഷാപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തുന്ന സർക്കാർ സംവിധാനങ്ങളോട് സഭാ സംഘടനകളും പ്രസ്ഥാനങ്ങളും സഹകരിച്ച് പ്രവർത്തിക്കണം. കേരള സഭയുടെ മുഴുവൻ ശ്രദ്ധയും ദുരന്ത ബാധിത പ്രദേശങ്ങളിൽ ഉണ്ടാകണം. ദുരന്തത്തിന് ഇരയാവർക്ക് സമാശ്വാസം പകരാനുള്ള സർക്കാർ നടപടികളോട് കേരള കത്തോലിക്കാ മെത്രാൻ സമിതി പൂർണ്ണമായും സഹകരിക്കുന്നതായിരിക്കും.

ദുരിത ബാധിതർക്ക് ആവശ്യമായ ഭൗതിക സഹായങ്ങൾ ചെയ്യുന്നതിനും അവരെ ആശ്വസിപ്പിക്കുന്നതിനും പ്രതിസന്ധികളെ തരണം ചെയ്യാൻ ആവശ്യമായ ആത്മധൈര്യം അവർ വീണ്ടെടുക്കുന്നതിനും വേണ്ടി ആ മേഖലയിലെ രൂപതാ സമിതികൾക്കും മറ്റു സന്നദ്ധ പ്രവർത്തകർക്കുമൊപ്പം ഒരൊറ്റ ജനതയായി നമുക്ക് പ്രവർത്തിക്കാം.

**+ കാർഡിനൽ ബസേലിയസ് ക്ലീമിസ് കാതോലിക്കാ ബാവാ (പ്രസിഡന്റ്, കെസിബിസി)**
**+ മാർ പോളി കണ്ണൂക്കാടൻ (വൈസ് പ്രസിഡന്റ്, കെസിബിസി)**
**+ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല (സെക്രട്ടറി ജനറൽ, കെസിബിസി)**

PRESIDENT
His Beatitude
**CARDINAL MAR BASELIOS CLEEMIS CATHOLICOS**
Major Archbishop of Syro Malankara Church
Major Archbishop's House,
Pattom, Trivandrum 695 004.
Ph: +91 471 2541642, 2542643, 2540446
Email: baselioscleemis@gmail.com

VICE-PRESIDENT
His Excellency
**MAR PAULY KANNOOKADAN**
Bishop of Irinjalakuda
Bishop's House
Irinjalakuda 680 121
Ph: 0480 – 2826830, 2826820
Email: paulykannookadan@gmail.com

SECRETARY GENERAL
His Excellency
**RT. REV. DR. ALEX VADAKUMTHALA**
Bishop of Kannur, Bishop's House
Chovva P.O., Kannur 670 006
Ph: +91497 2729922, 2729988
Email: fralexv@gmail.com

DEPUTY SECRETARY GENERAL
**FR. JACOB G. PALACKAPPILLY**
POC, PB No. 2251
Palarivattom, Kochi-685 025
Ph: 0484-2805815, 2805722
Email: jacobgpala@gmail.com



## മുവാറ്റുപുഴയിൽ നിന്നും

# ആ പുണ്യ പിതാവിന്റെ കബറിങ്കലേക്ക്...

Rev. Fr. Jose Kuttikeril

1653 ൽ കൂനൻകുരിശ് സത്യത്തോടെരണ്ടായ ഭാരത സഭ പുത്തൻകൂർകാരെന്നും പഴയ കുറ്റുകാരെന്നും അറിയപ്പെട്ടു. സഭയ്ക്കുണ്ടായിട്ടുള്ള വേർപെടുത്തലുകൾ വേദനയോടുകൂടി സഭാമക്കൾ സഹിച്ചപ്പോൾ അതിനന്ത്യം വരുത്താൻ ശ്രമിച്ച ഋഷിവര്യനായ മാർ ഇവാനിയോസ് 1930 സെപ്റ്റംബർ 20–ാം തീയതി പുനരൈക്യ പ്രസ്ഥാനത്തിലൂടെ കത്തോലിക്ക സഭയുമായി ഐക്യപ്പെട്ട് പുതിയ പന്ഥാവ് വെട്ടിത്തുറന്നു. ഇന്ന് കാണുന്ന മലങ്കര സുറിയാനി കത്തോലിക്ക സഭ ലോകത്തിന് നൽകുന്ന വലിയ സന്ദേശമായ ഐക്യം മറ്റെങ്ങും കാണാനാവില്ല. ആ പുണ്യപിതാവിന്റെ കബറിങ്കലേക്കുള്ള യാത്രയായിരുന്നു മൂവാറ്റുപുഴയിൽ നിന്നും ആരംഭിച്ചത്. മനുഷ്യകുലത്തിന്റെ ആരംഭം മുതൽ മനുഷ്യൻ ദൈവത്തെ തേടിപ്പോയിരുന്നു; ദൈവാന്വേഷിയായിരുന്നു. അതോടൊപ്പം ദൈവമനുഷ്യരെ തിരഞ്ഞ് പിടിച്ച് കണ്ടെത്താൻ മനുഷ്യൻകാണിച്ചഅഭിവാഞ്ചയാണ്ലോകചരിത്രം.

www.malankaralibrary.com




ഇവിടെ നന്നാണ് ഈ പദയാത്രയ്ക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുക. ശ്രമകരമായ ഈ യാത്ര അനേകർക്ക് ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കാം. അനേകർക്ക് മാനസികമായ പ്രയാസം ബോധ്യമായേക്കാം. എന്നാലും എത്തിച്ചേരുന്നത് ഒരു പുണ്യവാന്റെ കബറിങ്കലാണല്ലോ.

1882 സെപ്റ്റംബർ 21 മാവേലിക്കരയിൽ പൂജാതനായ മാർ ഇവാനിയോയ് തിരുമേനി ഈ ഭാരത മണ്ണിൽ പ്രത്യേകിച്ച് കേരളത്തിൽ നടത്തിയ ജീവിത യാത്രയുടെ അനുരണനമായിരുന്നു ജൂലൈ 6 ന് മൂവാറ്റുപുഴയിൽ നിന്നും ആരംഭിച്ച പദയാത്ര. 4 ദിവസം കൊണ്ട് തിരുവല്ലയിലെത്തിയ പദയാത്ര വീണ്ടും 5 ദിവസം എടുത്തു തിരുവനന്തപുരത്തെ പട്ടം കത്തീഡ്രൽ പള്ളിയിൽ സ്ഥിതി ചെയ്യുന്ന ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ കബറിടത്തിൽ എത്തിച്ചേരുവാൻ. ആദ്യദിവസം 20 കി.മീ. പദയാത്ര നടത്തി മാർ ഇവാനിയോസ് പിതാവിന്റെ പാദസ്പർശമേറ്റ കൂത്താട്ടുകുളം സെന്റ് ജൂഡ് പള്ളിയിൽ അന്തിയുറങ്ങി. മുവാറ്റുപുഴയിൽ നിന്നും ഭദ്രാസനാധിപൻ അഭി. ആബൂൻ യുഹാനോൻ മാർ തെയോഡേഷ്യസ് മെത്രാപ്പോലീത്ത വള്ളിക്കുരിശിൽ ഹാരമണിയിച്ച് അരംഭിച്ച പദയാത്രയ്ക്ക് അഭി. പിതാവും മൂവാറ്റുപുഴ ബഥനി സന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യാൾ പെരിയ. ബഹു. മദർ ജോസ്ന്റയും ബഥനി സന്യാസ സമൂഹത്തിന്റെ പ്രൊവിൻസ് പ്രൊക്യുറേറ്റർ ബഹു. ഫാ. ജേക്കബ് ഒ.ഐ.സി. തുടങ്ങിയവർ നേതൃത്വം നൽകി. ഏകദേശം 100ലധികം വിശ്വാസികളും, ബഹു. സിസ്റ്റേഴ്സും മൂവാറ്റുപുഴ ഭദ്രാസന വികാരി ജനറാൾ പെരിയ ബഹു. തോമസ് ഞാറക്കാട്ട് ഉൾപ്പെടെ അനേക വൈദികരുടെ സാന്നിധ്യത്തിൽ പദയാത്രയ്ക്ക് ആരംഭം കുറിച്ചു.

കോതമംഗലം രൂപതയിലെ ഈസ്റ്റ് മാറാടി പള്ളിയിൽ ഫാ. അഗസ്റ്റിൻ വട്ടക്കാട്ടിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും നൽകുന്ന സ്വീകരണത്തേക്കാൾ ഉപരിയായ മോടിയോടുകൂടി ഈ വർഷവും പദയാത്രയെ ഹാർദ്ദവമായി സ്വീകരിച്ച് യാത്രികർക്ക് ലഘുഭക്ഷണവും ക്രമീകരിച്ചിരുന്നു. ഉച്ചയ്ക്ക് മീങ്കുന്നം സെന്റ് ജോസഫ്സ് പള്ളിയിൽ ഫാ. ജേക്കബ് തലപ്പിള്ളിയിയുടെ നേതൃത്വത്തിൽ ഉച്ചഭക്ഷണം ക്രമീകരിച്ചിരുന്നു. തുടർന്ന് വിവിധ സ്ഥലങ്ങളിൽ ലഘുഭക്ഷണവും വെള്ളവും ക്രമീകരിച്ചിരുന്നു.

രണ്ടാം ദിവസത്തെ യാത്ര 07-ാം തീയതി ഞായറാഴ്ച രാവിലെ 5.30ന് കൂത്താട്ടുകുളം സെന്റ് ജൂഡ് ദൈവാലയത്തിൽ ബഹു. മാത്യു മുട്ടത്താനം അച്ചന്റെയും, ജോസ് കുറ്റിക്കേരിൽ അച്ചന്റെയും നേതൃത്വത്തിൽ അർപ്പിച്ച വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ച് പ്രഭാത ഭക്ഷണത്തിനുശേഷം യാത്ര പുതുവേലി സെന്റ് ജോസഫ്സ് ദേവാലയത്തിലെത്തി. ഫാ. ജോസഫ് ഏഴാറത്തിന്റെ നേതൃത്വത്തിൽ പദയാത്രയ്ക്ക് സ്വാഗതം നൽകി. ഉദയഗിരി പള്ളിയിൽ ഫാ. തോമസ് മലയിൽ പുത്തൻപുര അച്ചനും സ്വീകരണം നൽകി.

കുറവിലങ്ങാട് സെന്റ് മേരീസ് ഫൊറോന പള്ളിയിൽ എത്തിയപ്പോൾ ഉഷ്മളമായ സ്വീകരണത്തിനു ശേഷം പദയാത്രികർക്ക് ഒരുക്കിയ ഉച്ചഭക്ഷണത്തിനു ശേഷം അവിടെനിന്നും പുറപ്പെട്ടു. വടക്കൻ പാലക്കുഴയിൽ ശ്രീ. സോണി മാത്യുവിന്റെ നേതൃത്വത്തിലും, ഉപ്പുകണ്ടം ജംഗ്ഷനിൽ ഓണക്കൂർ സെന്റ് മേരീസ് ദൈവാലയത്തിന്റെ നേതൃത്വത്തിലും നൽകിയ സ്വീകരണവും ലഘുഭക്ഷണവും, പാനീയവും, പദയാത്രികർക്ക് ഉന്മേഷം നൽകി. കാളികാവ് സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ ഫാ. ജോസഫ്



www.malankaralibrary.com



പദയാത്ര തിരുവല്ലയിൽ എത്തിയപ്പോൾ മോസ്റ്റ് ഫാ. ഡോ. ഐസക് പാറപള്ളിൽ ( വികാരി ജനറാൽ ) സ്വീകരിക്കുന്നു

പാണ്ട്യാമാക്കിലിന്റെ നേതൃത്വത്തിൽ നൽകിയ സ്വീകരണത്തിനു ശേഷം ഏറ്റുമാനൂർ പട്ടിത്താനം സെന്റ് ജോസഫ് ദൈവാലയത്തിൽ അവസാനിച്ച പദയാത്രയ്ക്ക് ഫാ. ലൂക്ക് കരിമ്പിൽ ഇടവകാംഗങ്ങളോടൊപ്പം അത്താഴ ഭക്ഷണം ഒരുക്കി.

എട്ടാം തീയതി രാവിലെ 6.30ന് പട്ടിത്താനം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ അർപ്പിച്ച വിശുദ്ധ കുർബാനയ്ക്ക് ശേഷം പ്രഭാത ഭക്ഷണത്തോടുകൂടി പദയാത്ര ആരംഭിച്ചു. പേരൂർ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ ഫാ. സൈമൺ പുല്ലാട്ടും, സണ്ണി സാറും നൽകിയ സ്വീകരണത്തിനുശേഷം തിരുവഞ്ചൂർ സെന്റ് പോൾ & പീറ്റർ ദൈവാലയത്തിൽ ഫാ. ജോർജ് തേക്കടയിൽ ഇടവകഅംഗങ്ങളോടൊപ്പം നൽകിയ ഊഷ്മളമായ സ്വീകരണത്തിനു ശേഷം മണർകാട് ബഥനി കോൺവെന്റിലെത്തി. ബഹു. സിസ്റ്റേഴ്സ് നൽകിയ സ്വീകരണത്തിനു ശേഷം നൽകിയ ഉച്ചഭക്ഷണം കഴിച്ചു. തുടർന്ന് പുതുപ്പള്ളി ദൈവാലയത്തിൽ നൽകിയ സ്വീകരണത്തിനുശേഷം യാത്ര തുടർന്നു. വാകത്താനം സെന്റ് തോമസ് പള്ളിയിൽ ഫാ. രഞ്ജിത്ത് അലുങ്കലിന്റെ നേതൃത്വത്തിൽ നൽകിയ സ്വീകരണത്തിനുശേഷം വിവിധ സ്ഥലങ്ങളിൽ ക്രമീകരിച്ചിരുന്ന താമസസ്ഥലങ്ങളിലേക്ക് യാത്രികർ പുറപ്പെട്ടു. അവിടങ്ങളിൽ അവർ അന്തിയുറങ്ങി.

ഒൻപതാം തീയതി രാവിലെ 6.30ന് വാകത്താനം പള്ളിയിൽ അർപ്പിച്ച വിശുദ്ധ കുർബാനയ്ക്കും പ്രഭാത ഭക്ഷണത്തിനും ശേഷം പദയാത്ര തുടർന്നു. തെങ്ങണയിലെത്തിയപ്പോൾ സുരേഷും, തൃക്കൊടിത്താനത്ത് മാത്യു വാഴയിൽ അച്ചൻ ഇടവകാംഗങ്ങളോടൊപ്പം നൽകിയ സ്വീകരണവുമായി. പുഷ്പഗിരി മെഡിസിറ്റിയിൽ എത്തിയപ്പോൾ തിരുവല്ല അതിഭദ്രാസനം ഔദ്യോഗികമായ സ്വീകരണം നൽകി. ഉച്ചഭക്ഷണത്തിനു ശേഷം മൂവാറ്റുപുഴ ഭദ്രാസനാധ്യക്ഷനൊപ്പം അനേക വൈദികരും ചേർന്ന് പദയാത്ര തിരുവല്ല സെന്റ് ജോൺക് കത്തീഡ്രലിലേക്ക് കടന്നുചെന്നു. ഉഷ്മളമായ സ്വീകരണത്തിനു പ്രാർത്ഥനയ്ക്കും ശേഷം കബറിങ്കൽ ധൂപപ്രാർത്ഥനയോടുകൂടി പദയാത്രയുടെ ആദ്യഘട്ടം അവസാനിച്ചു. തുടർന്നുള്ള യാത്ര പത്താം തീയതി ആരംഭിച്ച് വെണ്ണിക്കുളം വഴി പുല്ലാട് ആദ്യദിവസം അന്തിയുറങ്ങി. തുടർന്നുള്ള യാത്ര അടൂരിൽ എത്തിയപ്പോൾ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെയും പത്തനംതിട്ട ഭദ്രാസനത്തിന്റെയും നേതൃത്വത്തിലുള്ള പദയാത്രയുമായി ഒന്നുചേർന്നു. 14ന് കബറിങ്കലെത്തുന്നതു വരെ അത്യഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ പദയാത്രയ്ക്ക് മുൻനിരയിൽ നേതൃത്വം നൽകി. ഈ യാത്രയിൽ അനേകായിരങ്ങളോടൊപ്പം അഭി. പിതാക്കന്മാരുടെ വലിയ നിരയും ബഹു. വൈദികരുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. 71-ാം ഓർമ്മപ്പെരുനാളിൽ വിവിധ സ്ഥലങ്ങളിൽനിന്നും ഭദ്രാസനങ്ങളിൽ നിന്നും ആരംഭിച്ച് പട്ടം കത്തീഡ്രലിൽ എത്തിച്ചേർന്നപ്പോൾ ലക്ഷത്തിലധികം പേർ ഉണ്ടായിരുന്നു. അത് സാക്ഷ്യപ്പെടുത്തുന്നതായിരുന്നു ഈ വർഷത്തെ മെഴുകുതിരി പ്രദക്ഷിണം. നിൽക്കാൻ ഇടയില്ലായിരുന്നു എന്നതിലുപരി ആ വലിയ ഇടയന്റെ പാദാന്തികത്തിൽ എത്തിയ സന്തോഷമായിരുന്നു എല്ലാവരുടേയും മുഖത്ത്. പിറ്റേദിവസം 15-ാം തീയതി രാവിലെ 8.30ന് ആരഭിച്ച വിശുദ്ധ കുർബാനയ്ക്കുശേഷം തിരിച്ചുപോന്നപ്പോൾ ഉണ്ടായ അനുഭവം പറഞ്ഞറിയിക്കാനാവാത്തതാണ്.

www.malankaralibrary.com



# വിശുദ്ധ കൂദാശകൾ

തുടർ പഠനം
2



**സകല കൂദാശകളിലും പ്രഥമമായതും, മറ്റു കൂദാശകൾ സ്വീകരിയ്ക്കുന്നതിനു ഒരുവനെ യോഗ്യനാക്കുന്ന കൂദാശയുമായ വിശുദ്ധ മാമോദീസായെ സംബന്ധിച്ച കാര്യങ്ങളാണ് ഇനി വിവരിക്കുന്നത്.**

## വിശുദ്ധ മാമോദീസ.

'ബാപ്റ്റിസോ' എന്ന ഗ്രീക്ക് പദത്തിൽ നിന്നുമാണ് 'മാമോദീസ' എന്ന സുറിയാനി പദം ഉത്ഭവിച്ചത്. ശുദ്ധിയാക്കുക, മുക്കുക, തളിയ്ക്കുക, നനയ്ക്കുക, കഴുകുക, എന്നെല്ലാം ഈ പദത്തിനു അർത്ഥമുണ്ട്. സ്നാനപ്പെടുത്തുവാൻ പൂർണ്ണമായും വെള്ളത്തിൽ മുക്കണമെന്ന് പറയുന്നത് ശരിയല്ലെന്ന് പദത്തിന്റെ അർത്ഥത്തിൽ നിന്നും വ്യക്തമായിട്ടുണ്ടാകുമെന്ന് കരുതട്ടെ. മുങ്ങലിന്റെ അടയാളമായി വെള്ളം തളിക്കുന്ന പാരമ്പര്യമാണ് എപ്പിസ്ക്കോപ്പൽ സഭകളിലുള്ളത്. സഭ നിശ്ചയിച്ചിട്ടുള്ള ഏഴ് വിശുദ്ധ കൂദാശകളും വിശുദ്ധ മാമോദീസ ലഭിച്ചവർക്കേ (സ്വീകരിച്ച) കൊടുക്കാറുള്ളു. ഒരുവൻ ക്രിസ്തീയ സഭയിൽ അംഗമാകുന്നത് മാമോദീസ സ്വീകരണത്തിലൂടെയാണെന്ന് വ്യക്തം.

യേശുക്രിസ്തുവിന്റെ സഹോദരങ്ങളും സഭാംഗങ്ങളും നിത്യജീവനു അവകാശികളുമാകാൻ നമ്മെ സഹായിക്കുന്ന വിശുദ്ധ മാമോദിസായെ കുറിച്ച് വിശുദ്ധ വേദപുസ്തകത്തിൽ പ്രതിബാധിക്കുന്ന സംഭവങ്ങളും വിശേഷണങ്ങളും നമ്മുക്ക് നോക്കാം...ശുദ്ധീകരണത്തിനായി വെള്ളം കൊണ്ടുള്ള കഴുകൽ യഹൂദർക്കിടയിൽ ഉണ്ടായിരുന്നു. യോഹന്നാൻ സ്നാപകൻ അംഗമായിരുന്ന കുമ്റാൻ സമൂഹത്തിൽ സ്നാനം ആചരിച്ചിരുന്നതായി പാരമ്പര്യം അവകാശപ്പെടുന്നുണ്ട്.

അനന്തരം, മോശ അഹറോനെയും പുത്രൻമാരെയും മുൻപോട്ടുകൊണ്ടുവന്ന് അവരെ വെള്ളംകൊണ്ടു കഴുകി; (ലേവ്യർ 8 : 6)

ഏഴാം ദിവസം അവൻ തലയും താടിയും പുരികവും ക്ഷൗരം ചെയ്യണം. വസ്ത്രങ്ങൾ കഴുകിവെള്ളത്തിൽകുളിക്കണം.അപ്പോൾഅവൻ ശുദ്ധിയുള്ളവനാകും. (ലേവ്യർ 14 : 9) സാമൂഹത്തിലേയ്ക്കുള്ള പ്രവേശനത്തിന്റെ ആദ്യകർമ്മമായി അവർ സ്നാനം സ്വീകരിച്ചിരുന്നു. യേശുക്രിസ്തു യോഹന്നാൻ സ്നാപകനിൽ നിന്നുമേറ്റ ജലത്താൽ മാത്രമുള്ള സ്നാനമല്ല ക്രിസ്തീയ സഭകൾ

www.malankaralibrary.com




സ്വീകരിയ്ക്കുന്നതെന്ന് അറിയാമല്ലോ, ക്രിസ്തീയ സ്നാനം അഥവാ വിശുദ്ധ മാമോദീസ യേശു ക്രിസ്തുവിനാൽ സ്ഥാപിതമായതാണ്. ക്രിസ്തീയ സ്നാനം ജലത്തിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നുമുള്ളതാണ്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാതമ്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. (മത്തായി 28 : 20)

## വിശുദ്ധ മാമോദീസ വിശ്വാസത്തിന്റെ കൂദാശ.

വിശ്വാസത്തിന്റെ കൂദാശയെന്നാണ് വിശുദ്ധ മാമോദിസായെ സഭാപിതാക്കന്മാർ വിശേഷിക്കുന്നത്. വിശുദ്ധ മാമോദീസ സ്വീകരിയ്ക്കുന്ന ആളെ കൊണ്ടോ, മധ്യസ്ഥനെ കൊണ്ടോ വിശ്വാസം ഏറ്റ് പറയിച്ചതിന് ശേഷമാണല്ലൊ വിശുദ്ധ മാമോദീസ ശുശ്രൂഷ നടത്തുന്നത്. ആദിമ സഭയിൽ, സ്ഥാനാർത്ഥിയെ വിശ്വാസം പഠിപ്പിച്ചതിനു ശേഷം അയാളെയും, മക്കളെയും, ബന്ധുക്കളെയും സ്നാനപ്പെടുത്തുന്നതായി നാം വായിക്കുന്നുണ്ട്. (അപ്പോ 16:1, 2തിമോ 1:4-5, 2തിമോ 3:14-15)

## വിശുദ്ധ മാമോദീസ വീണ്ടും ജനനത്തിന്റെ കൂദാശ.

ഒരു വ്യക്തി മാതൃഗർഭത്തിൽ നിന്ന് ലോകത്തിലേയ്ക്ക് ജനിയ്ക്കുന്നത് ഒന്നാമത്തെ ജനനമാണെന്ന് നമ്മുക്ക് അറിയാം. മാമോദീസാ തൊട്ടിയിലെ ജലത്തിലൂടെ പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലൂടെ പുതിയ സൃഷ്ടിയായി വീണ്ടും ജനിയ്ക്കപ്പെടുന്നു. വിശുദ്ധ മാമോദീസായിലൂടെ ഒരുവൻ ക്രിസ്തുവിനോട് കൂടി ചേരുകയും പുതു ജീവൻ പ്രാപിയ്ക്കുകയും ചെയ്യുന്നു. (2 കൊരി 5:17). ജഡപ്രകാരം ജനിച്ചവാൻ ആത്മീയമായി വീണ്ടും ജനിയ്ക്കുന്നു.

## വിശുദ്ധ മാമോദീസ പ്രകാശത്തിന്റെ കൂദാശ.

പ്രകാശിപ്പിക്കുക എന്നർത്ഥമുള്ള 'മനഹാറോറൂസ' എന്ന വിശേഷണം വിശുദ്ധ മാമോദീസായ്ക്ക് സഭാപിതാക്കന്മാർ കൊടുത്തിട്ടുണ്ട്. പ്രകാശം സൗന്ദര്യത്തെ വെളിപ്പെടുത്തുകയും അപകടങ്ങളെ ഒഴിവാക്കുകയും ചെയ്യും. (ഹെബ്രാ 6:4, 10:32, കൊളോസ്യ 1:13)

വിശുദ്ധ മാമോദീസായെ വിശേഷിപ്പിക്കുന്നതിൽ ചുരുങ്ങിയ വിശേഷണങ്ങൾ ആണ് മുകളിൽ സൂചിപ്പിച്ചത്.

ഗർഭത്തിൽ ഉരുവായ ഒരു ശിശുവിനു വീണ്ടും മാനുഷിക ജീവൻ നൽകേണ്ടത് ആവശ്യമില്ലാത്തത് പോലെ, വെള്ളത്താലും ആത്മാവിനാലും ജനിച്ചുകഴിഞ്ഞ ഒരു വിശ്വാസിയെ വീണ്ടും മാമോദീസായ്ക്ക് മുക്കുന്നത് യുക്തിയ്ക്ക് നിരക്കാത്തതാകുന്നു. ചുരുക്കത്തിൽ ആവർത്തിക്കപ്പെടാൻ

പാടില്ലാത്ത ഒരു കൂദാശയാണ് വിശുദ്ധ മാമോദീസ. എങ്കിലും, അത്യാവശ്യ സാഹചര്യത്തിൽ ഒരു വിശ്വാസിക്ക്( വൈദികർ അല്ലാത്തവർ) പരികർമ്മം ചെയ്യുവാൻ അനുവാദമുള്ള കൂദാശയാണ് വിശുദ്ധ മാമോദീസായെന്ന് എത്രപേർക്ക് അറിയാം...

തുടരും

www.malankaralibrary.com



# മലങ്കര സഭാ ചരിത്രം (ഭാഗം 7)



ബിനു തോമസ്

## മലങ്കര സഭാ ചരിത്രം ഗോവ വഴി ഉദയം പേരൂരിലേക്ക്

ഉദയംപേരൂർ സുനഹദോസ്ചരിത്രം പരിശോധിക്കുന്നതിന് മുമ്പ് മാർ അബ്രഹാം ഇവിടുത്തെ അവസാന സുറിയാനി മെത്രാനായിരിക്കെ നടന്ന 1585ലെ ഗോവ പ്രാദേശിക സുനഹദോസ് നടപടികൾ കൂടി മനസ്സിലാക്കണം. മാർ അബ്രഹാം പൗരസ്ത്യ സുറിയാനി കത്തോലിക്ക പാത്രിയർക്കീസിനാൽ മാർപാപ്പയുടെ അനുവാദത്തോടെ അങ്കമാലിയുടെ മെത്രാപ്പോലീത്തയായി നിയമിതനായ വ്യക്തിയായിട്ടും ഒരു സാമന്ത മെത്രാനായാണ് 1585 ലെ സുന്നഹദോസ് അദ്ദേഹത്തെ സ്വീകരിച്ചത്. മുൻപ് രുതവണ പോർട്ട്ഗീസുകാർ അദ്ദേഹത്തെ തടവിൽ ആക്കിയിരുന്നതിനാൽ അദ്ദേഹത്തെ ഉപദ്രവിക്കരുത് എന്ന് മാർപാപ്പ പ്രത്യേകം ഗോവയിലെ വൈസ്രോയിക്ക് എഴുതിയിരുന്നു. ഈ ഉറപ്പിലാണ് മാർ അബ്രഹാം ഗോവയിലെ 1585 സുനഹദോസിൽ പങ്കെടുത്തത്. തനിക്ക് ഒരു പ്രാദേശിക സുനഹദോസ് നടത്താൻ സാമന്ത മെത്രാന്മാർ ഇല്ലാത്തതിനാലും സുറിയാനി കത്തോലിക്ക പാത്രിയർക്കീസ് ബാബിലോണിൽ വിളിക്കുന്ന സുന്നഹദോസുകളിൽ വിദൂരമായ മലബാറിൽ നിന്ന് എത്തിച്ചേരാൻ സാധ്യമല്ലാത്തതിനാലും ഗോവ പ്രാദേശിക സുനഹദോസുകളിൽ പങ്കെടുക്കാൻ മാർപാപ്പ നിർദ്ദേശിക്കുകയായിരുന്നു.

1585ലെ ഗോവൻ പ്രാദേശിക സുനഹദോസ് സുറിയാനിക്കാരെ സംബന്ധിച്ച് എടുത്ത പ്രധാന തീരുമാനങ്ങൾ ഇവയായിരുന്നു. ഗോവ മെത്രാപ്പോലീത്തായെ തന്റെ സാക്ഷ്യപത്രങ്ങൾ കാണിച്ച് അനുവാദം വാങ്ങാതെ ഒരു വൈദികനയോ മേലധ്യക്ഷനയോ അങ്കമാലിയിൽ സ്വീകരിക്കരുത്.

റോമൻ കത്തോലിക്ക സഭയുടെ കർമ്മങ്ങളും റോമൻ പൊന്തിഫിക്കലും സുറിയാനിയിലേക്ക് തർജ്ജിമ ചെയ്തു ഉപയോഗത്തിൽ വരുത്തണം. തർജ്ജമയിൽ സഹായത്തിന് സുറിയാനി ഭാഷ പഠിച്ചിരുന്ന ഈശോ സഭ വൈദികനായ ഫാദർ ഫ്രാൻസിസ് റോസ് എസ് ജെ-യെ നിയമിച്ചു. ഗോവയിലെ ഇൻക്വിസ്സിഷൻ

(മതദ്രോഹ വിചാരണ കോടതി) ന്റെ അധികാരപരിധി മാർത്തോമാ ക്രിസ്ത്യാനികൾക്ക് മേലേക്കും വ്യാപിപ്പിച്ചു. അങ്കമാലി മെത്രാസനം ഇൻക്വിസിഷന്റെ പരിധിയിലായി.

എന്നാൽ താൻ സംബന്ധിച്ച 1585ലെ ഗോവ സുനഹദോസ് നിർദ്ദേശങ്ങൾ നടപ്പിലാക്കിയില്ലെന്ന കാരണം ചൂിക്കാട്ടി മാർ അബ്രഹാം വീും വേട്ടയാടപ്പെട്ടു. ഒളിവിലും തെളിവിലുമായി അദ്ദേഹം മുന്നോട്ട് പോയി.തന്റെ പിൻഗാമിയായി തന്റെ അർക്കദിയാക്കോനെ നിയമിച്ചു കിട്ടാൻ ഇക്കാലയളവിൽ അദ്ദേഹം ശ്രമിച്ചുകൊിരുന്നു. അങ്ങനെ 1597 മാർ അബ്രഹാം കാലം ചെയ്തു. 1599 നവംബർ അഞ്ചാം തീയതി ഫ്രാൻസിസ് റോസ് എസ്. ജെ അബ്രഹാമിന്റെ പിൻഗാമിയായി നിയമിക്കപ്പെട്ടു. അങ്ങനെ 16 നൂറ്റാുകൾക്ക് ശേഷം സ്പെയിൻകാരനായ ഒരു പാശ്ചാത്യ കത്തോലിക്ക ജെസ്യൂട്ട് മാർത്തോമാ നസ്രാണികളുടെ തലവനായി നിയമിതനായി.

ഇത്രയും പറഞ്ഞത് 1585 മുതൽ ആരംഭിച്ച ഒരു പദ്ധതിയുടെ വിജയകരമായ പൂർത്തീകരണമാണ് ഉദയംപേരൂർ സുനഹദോസ് എന്ന് വ്യക്തമാക്കാനാണ്. 1597ൽ കാലം ചെയ്യുന്നതിന് മുമ്പ് മാർ അബ്രഹാം അന്നത്തെ അർക്കദിയാക്കോനെ അങ്കമാലി ഭദ്രാസനത്തിന്റെ ഭരണ ചുമതല ഏൽപ്പിച്ചിരുന്നു.1595 ൽ ദോം അലക്സോ ഡെ മെനസിസ് എന്ന പ്രഭുകുലജാതനായ അഗസ്തീനിയൻ സന്യാസിയെ ഗോവയുടെ ആർച്ച് ബിഷപ്പായി നിയമിച്ചു. തെന്ത്രോസ് സുനഹദോസിന്റെ ആഹ്വാനത്തിൽ ആവേശഭരിതനായിരുന്ന അദ്ദേഹം കത്തോലിക്കാ സഭയെ ശക്തീകരിക്കുക എന്ന ദൃഢലക്ഷ്യവുമായാണ് ഗോവയിലേക്ക് എത്തിയത്.

തുടരും..


# അറിഞ്ഞിരിക്കാം



## യാമപ്രാർത്ഥന

സങ്കീർത്തനങ്ങളും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ പിതാക്കന്മാർ രചിച്ചിട്ടുള്ള ദൈവസ്തുതി കീർത്തനങ്ങളുമാണ് യാമപ്രാർത്ഥനയിലെ ഉള്ളടക്കം. മലങ്കര പാരമ്പര്യമനുസരിച്ച് വിശുദ്ധ കുർബാനയ്ക്കു മുമ്പ് യാമനമസ്കാരം നടത്തണമെന്ന് സഭ നിഷ്കർഷിക്കുന്നു (CPCSMCC 482). (യാമപ്രാർത്ഥനയോട് കൂടിയാണ് വിശുദ്ധ കുർബാന ആരംഭിക്കുന്നത്). യാമനമസ്കാര സമയത്ത് മറ നീക്കി, ത്രോണോസിന്റെ മധ്യഭാഗത്തുള്ള മെഴുകുതിരി മാത്രം കത്തിക്കുന്നത്, പ്രപഞ്ചോല്പത്തിയിൽ ത്രിയേക ദൈവം പ്രകാശം കൊണ്ട് സൃഷ്ടികർമ്മം ആരംഭിച്ചതിന്റെ പ്രതീകമായിട്ടാണ്.

www.malankaralibrary.com






ഫാ. ജോർജ് തേക്കടയിൽ
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
എക്യുമെനിക്കൽ കമ്മീഷൻ സെക്രട്ടറി
രാഷ്ട്രദീപിക എക്സിക്യൂട്ടീവ് ഡയറക്ടർ

തുടർ ലേഖനം

# ഏഴരപ്പള്ളികൾ

## നസ്രാണി സഭകളുടെ പൊതു പൈതൃകം

### ഏഴര പള്ളികളും മാർത്തോമ്മ നസ്രാണി സാമുദായിക ഐക്യവും.

മാർത്തോമ്മാ നസ്രാണിസഭകൾ ഒരു സമുദായമെന്ന നിലയിൽ പൊതുസമൂഹത്തിന്റെ ഭാഗമാണ്. പൊതു സമൂഹവുമായി ബന്ധപ്പെട്ട രാഷ്ട്രീയവും, സാമൂഹികവും, സാംസ്കാരികവുമായ എല്ലാ കാര്യങ്ങളിലും ഉൾച്ചേർന്ന്കൊ് സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ഭൗതികവും, രാഷ്ട്രീയവും, ധാർമ്മികവും സാംസ്കാരികവുമായ എല്ലാ വിഷയങ്ങളിലും അനുദിനം പങ്കുചേർന്ന് ജീവിക്കുകയും, സാമൂഹിക വളർച്ചക്ക് ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യേ് അനിവാര്യമാണ്. സഭകളുടെ ഐക്യം കുറെക്കൂടെ സങ്കീർണ്ണമാണ്. സഭകളുടെ ഐക്യത്തിനു മനുഷ്യപ്രയത്നത്തോടൊപ്പം ദൈവീക ഇടപെടലുകളും അവശ്യഘടകമാണ്. സാമുദായിക ഐക്യം കാലഘട്ടം ആവശ്യപ്പെറ്റുന്നു എന്ന വസ്തുത ഓർമ്മിക്കേു. സഭാചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിയ്ക്കും, സഭകളുടെ ഭിന്നതയ്ക്ക് പലപ്പോഴും രാഷ്ട്രീയ, സാമൂഹിക, ഭാഷാ, സ്വാധീനങ്ങൾ കാരണമായിട്ടു്. പരസ്പരം മനസ്സിലാക്കുന്നതിനും വിട്ടുവീഴ്ചകൾ ചെയ്യുന്നത്തിനുമൊക്കെ തയ്യാറാകാതിരുന്ന സാഹചര്യങ്ങളിൽ ഭിന്നിപ്പുകൾ സഭയിലുായിട്ടു്. പഴയകാല സാഹചര്യങ്ങൾ മറ്റൊരു വിധത്തിൽ ഇന്നും നിലനിൽക്കുന്നു്. അതുകൊ് തന്നെ ഒരു സമുദായമെന്ന നിലയിൽ സമൂഹത്തിൽ നിലനിൽക്കുന്ന വിവിധ ശക്തികളുടെ പ്രേരണയ്ക്കും പ്രലോഭനങ്ങൾക്കും വശംവദരാകാതെ മുന്നേറേ് വളരെ അത്യാവശ്യമാണ്.

സമുദായം ഒന്നാകേ് പൊതു സമൂഹത്തെയും രാഷ്ട്രത്തെയും ബലപ്പെടുത്താനും ശക്തിപ്പെടുത്താനുമാണ്. നാടിന്റെ നന്മയ്ക്കുവേി ഒറ്റക്കെട്ടായി നിന്ന് മറ്റു സമൂഹങ്ങളും സമുദായങ്ങളുമായി സഹകരിച്ച് പ്രയത്നിക്കാനാണ്. ജനാധിപത്യലോക ക്രമത്തിൽ സമുദായത്തിന്റെ ഒരുമയും കൂട്ടായ്മയും വളരെ പ്രധാനമാണ്. ഒരു രാഷ്ട്രീയ കക്ഷികളുടെയും പ്രലോഭനങ്ങൾക്കും സ്വാധീനങ്ങൾക്കും വശംവദരാകാതെ പൊതുസമൂഹത്തിന്റെ വളർച്ചയ്ക്കുവേി പ്രയത്നിക്കേ് അത്യാവശ്യമാണ്.

സഭയിലെ പിതാക്കന്മാരും വൈദീകരുമൊക്കെ കക്ഷിരാഷ്ട്രീയത്തിനു അതീതമായി ജീവിക്കേരും പ്രവർത്തിക്കേരുമാണ്. ഓരോരുത്തർക്കും അവരവരുടേതായ രാഷ്യട്രീയ ചിന്താഗതി സ്വാഭാവികമാണ്. എന്നാൽ അൽമായർക്ക് കക്ഷിരാഷ്ട്രീയത്തിൽ സജീവമായി ഇടപെട്ട് പ്രവർത്തിക്കുന്നതിനു തടസമില്ല.


www.malankaralibrary.com

'മാർത്തോമ്മാ മാർഗ്ഗ'ത്തിൽ ആത്മീയവും ഭൗതീകവുമായ ജീവിതത്തിനു ഒരു താളക്രമമുായിരുന്നു. ആത്മീയ നേതൃത്വം 'ഇന്ത്യ മുഴുവന്റെയും മെത്രാപ്പോലീത്തായും വാതിലും' എന്ന സ്ഥാനപ്പേര് ഉായിരുന്ന മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലും ഇടവകകളിൽ വികാരിയച്ചന്മാരുടെ നേതൃത്വത്തിലുമായിരുന്നു. പേർഷ്യൻ സഭയിൽ നിന്നുമുള്ള മെത്രാന്മാർ ആയിരുന്നു ആത്മീയ നേതൃത്വം നൽകിയിരുന്നത്. ഒരു പക്ഷേ, നാലാം നൂറ്റാുമുതൽ പേർഷ്യൻ സഭയിൽ നിന്നുമുള്ള മെത്രാന്മാർ ഇവിടെ ആത്മീയ ഭരണാധികാരികളായി വന്നു കാണണം എന്നാണ് പൊതുവെയുള്ള പണ്ഡിതാഭിപ്രായം. ഭൗതീക കാര്യങ്ങളുടെ സഭാതലത്തിലുള്ള നേതൃത്വം 'ഇന്ത്യ മുഴുവന്റെയും ആർക്കദിയാക്കോൻ' (ആർച്ച് ഡീക്കൻ) എന്ന സ്ഥാനപ്പേരിൽ അറിയപ്പെട്ടിരുന്ന സമുദായ നേതാവിന് ആയിരുന്നു. അദ്ദേഹം വൈദികസ്ഥാനി ആയിരുന്നു.

ഇടവകയോഗം, പ്രാദേശികയോഗം, സഭാതല പൊതുയോഗം എന്നിങ്ങനെ ത്രിവിധ തലങ്ങളിലുള്ള് ഭരണസംവിധാനമായിരുന്നു മാർത്തോമ്മാ നസ്രാണികളുടേത്. ഏറ്റവും മുതിർന്ന വൈദീകന്റെ അധ്യക്ഷതയിൽ ഇടവകക്കാരായ് മറ്റു വൈദീകരും കുടുംബങ്ങളുടെ തലവന്മാരും ചേരുന്ന ആലോചനാ യോഗമാണ് ഇടവകയോഗം. ഇടവകയിലെ ഭരണകാര്യങ്ങളുടെ നടത്തിപ്പ് ഈ യോഗത്തിന്റെ ചുമതലയായിരുന്നു. വിവിധ ഇടവകകളിലെ വിശ്വാസികളുടെ പ്രതിനിധികളും വൈദീകരും അടങ്ങിയ സമിതിയായിരുന്നു പ്രാദേശിക യോഗം. ഇന്ത്യയുടെയൊക്കെയും അർക്കദക്കിയോൻ വിളിച്ച് കൂട്ടുന്നതും, അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ കൂട്ടുന്നതുമായ യോഗമാണ് പൊതുയോഗം. സഭയെ മുഴുവൻ ബാധിക്കുന്ന നിയമനിർമാണവും മറ്റു തീരുമാനങ്ങളും എടുക്കുന്നതും ഈ സഭാതൽ പൊതുയോഗത്തിന്റെ ചുമതലയായിരുന്നു. പോർച്ചുഗീസ് മിഷണറിമാരുടെ ആഗമനത്തിനും, അധീശത്വത്തിനും ശേഷം 1599 ലെ ഉദയംപേരൂർ സുന്നഹദോസിനോടെ തന്നെ മാർത്തോമ്മാ നസ്രാണികൾ നൂറ്റാുകളായി പരിപാലിച്ചു പോരുന്ന 'സിനഡാത്മക' സഭാഭരണ സംവിധാനം നസ്രാണികൾക്ക് നഷ്ടമായി. പിന്നീട് കൂനൻ കുരിശ് സത്യത്തോടെ കാതോലികവും ശ്ലൈഹീകവും ഏകവും വിശ്വാസവുമായിരുന്ന മാർത്തോമ്മാ നസ്രാണി സഭയും, സമുദായവും വിഭജിതമായി. പിന്നീടുള്ള പലകാലങ്ങളിലും പലവിധ കാരണങ്ങൾ കൊ് നസ്രാണി സമുദായവും സഭയും വിഭജിക്കപ്പെടുകയും ബലഹീനമായി തീരുകയും ചെയ്തു. അതിന്നും വ്യത്യാസമില്ലാതെ തുടരുകതന്നെ ചെയ്യുന്നു.

## മെത്രാഭിഷേക വാർഷികത്തിന്റെ പ്രാർത്ഥനാശംസകൾ

ജൂലൈ 15



His Excellency Most Rev. Dr. Mathews Mar Polycarpos




His Excellency Most Rev. Dr. Antony Mar Silvanos

www.malankaralibrary.com


# അമ്മച്ചി വർത്തമാനം

" ബലഹീനരായ ആളുകളെ മനസ്സ് വേദനിപ്പിക്കരുത്. അവർക്ക് നമ്മളോട് പകരം പറയാൻ ആകത്തില്ല അപ്പോൾ അവരുടെ ഹൃദയം വേദനിക്കുന്നത് സ്വർഗ്ഗം കാണും അത് മൂന്നിരട്ടി പ്രതിഫലത്തോടെ നമ്മൾക്ക് കിട്ടും. ഓരോരുത്തരും ഏത് സമയത്ത് വേണേലും നിലം പതിക്കുന്നത് അല്ലേൽ എന്റെ പ്രവർത്തി കൊണ്ടാവരുത് എന്നൊരു ഭയം നമ്മൾക്ക് ഉണ്ടായിരിക്കണം "

സ്നേഹത്തോടെ
അമ്മച്ചി
ശു
ദൈവം അനുഗ്രഹിക്കട്ടെ




## ഓർക്കാം



മലങ്കര പാരമ്പര്യം അനുസരിച്ച് വിശുദ്ധ കുർബാനയ്ക്ക് നാല് (4) ഭാഗങ്ങളുണ്ട്.

1) ഒരുക്ക ശുശ്രൂഷ (തൂയോബോ)
2) വചന ശുശ്രൂഷ (തുൽമോദോ)
3) യാഗാർപ്പണം (അന്നാഫുറ)
4) യാഗവിരുന്ന് (മെശ്ഖുസോ)




ഭാരതത്തിന്റെ അപ്പസ്തോലനായ മോർ തോമാ ശ്ലീഹായുടെ
നാമധാരിയായ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ
ബത്തേരി ഭദ്രാസനാധിപൻ

**ആബൂൻ ജോസഫ് മോർ തോമസ്**
**മെത്രാപ്പോലീത്തായ്ക്ക്**

# നാമഹേതുക പെരുന്നാൾആശംസകൾ

www.malankaralibrary.com

www.malankaralibrary.com



# ശ്രേഷ്ഠനായ എന്റെ അമ്മാച്ചൻ



Rev. Fr. Abraham Joseph Kanneeleth



**തോമസ് പി. ജോൺ,**
**കൊട്ടാരക്കര (മുൻ വൈസ് പ്രസിഡണ്ട്, മരുഭൂയിലെ നീരുറവ, സൗദി അറേബ്യ)**

ജീവിത യാത്രയിൽ ദൈവം കല്പിച്ചിട്ടുള്ള നിയോഗങ്ങൾ പൂർത്തീകരിച്ചു മിന്നി മറഞ്ഞുപോകുന്ന ചില ചില ഉജ്ജ്വല നക്ഷത്രങ്ങളെ നമുക്ക് കാണാനായിട്ട് സാധിക്കും. അത്തരത്തിൽ ഒരു തിളക്കമാർന്ന നക്ഷത്രമായിരുന്നു നമ്മെ വിട്ടുപിരിഞ്ഞ വന്ദ്യ എബ്രഹാം ജോസഫച്ചൻ...

എന്റെ മാതൃ സഹോദരനും, ചേപ്പാട് കന്നിലെത്ത് കുടുംബാംഗവും ആയ വന്ദ്യ എബ്രഹാം ജോസഫ് അച്ചൻ എന്റെ ഉപദേശകനും വഴികാട്ടിയും ആയിരുന്നു. വന്ദ്യ അച്ചൻ തന്റെ കൗമാരകാലം മുതൽ കൊട്ടാരക്കര ഞങ്ങളുടെ ഭവനത്തിൽ സ്ഥിര സാന്നിധ്യമായിരുന്നു. അദ്ദേഹം താ– പെങ്ങൾ ( തങ്കമ്മ പെങ്ങളിന്റെ ചുരുക്കപേര് ) എന്ന് വിളിച്ചിരുന്ന എന്റെ അമ്മയും, അദ്ദേഹത്തിന്റെ അളിയൻ ആയ എന്റെ പിതാവും വന്ദ്യ അച്ചന്റെ ജീവിതത്തിലെ നിർണ്ണായക ഘട്ടങ്ങളിൽ എടുത്ത ചില കടുത്ത തീരുമാനങ്ങൾക്ക് എല്ലാ പിന്തുണയും നൽകിയിരുന്നു എന്ന് അദ്ദേഹം പലപ്പോഴും പറഞ്ഞിട്ടുണ്ട്. പിന്നെ യൗവനകാലം മുതൽ അച്ചൻ താമസിച്ചത് അഞ്ചൽ ദേശത്താണ്. അച്ചൻ സഹധർമിണി കുഞ്ഞുമോൾ അമ്മായിയോടും മക്കളായ ജെസ്സനോടും (Annie) ബെറ്റനോടുമൊപ്പം(Mary) ആ ദേശത്തിന്റെ ഭാഗമായി. അവസാന ശ്വാസം വരെയും ആത്മീയ ഗോളത്തിൽ നിറഞ്ഞു നിന്നു. അഞ്ചൽ ദേശത്ത് തുടങ്ങി ദൈവത്തോടും മനുഷ്യരോടുമുള്ള അചഞ്ചലമായ സമർപ്പണവും അനുകമ്പയും സ്നേഹവും കൊണ്ട് ലോകമെമ്പാടും എണ്ണമറ്റ വ്യക്തികളുടെ ജീവിതത്തിൽ അദ്ദേഹം സ്പർശിച്ചു. ഇപ്പോൾ നികത്താനാവാത്ത ഒരു ശൂന്യത അവശേഷിപ്പിച്ചു ദൈവസന്നിധിയിലേക്ക് കടന്നുപോയിരിക്കുന്നു. എന്റെ ഏറ്റവും ഇളയ അമ്മാച്ചൻ എന്ന നിലയിൽ, എബ്രഹാം ജോസഫ് അച്ചൻ (മുതിർന്ന അമ്മാച്ചൻ പരേതനായ ശ്രീ. ജെ. ജോഷ്വാ, സ്നേഹവീട് ഡയറക്ടർ ഫാ. ജോർജ് ജോഷ്വായുടെ പിതാവ് ആണ് ) ഒരു കുടുംബാംഗം എന്നതിലുപരി ഒരു വഴികാട്ടിയായിരുന്നു, ജ്ഞാനത്തിന്റെ ഉറവിടമായിരുന്നു, പല ബന്ധുക്കളുടെയും ജീവിതത്തിലെ നിരന്തരമായ സാന്നിധ്യമായിരുന്നു. വിശ്വാസം, പ്രത്യാശ, ദാനധർമ്മം എന്നിവയുടെ മൂല്യങ്ങൾ ആത്മീകമായും അദ്ദേഹം ഉൾക്കൊള്ളുകയും അദ്ദേഹത്തിന്റ്റെ

www.malankaralibrary.com




കാൽച്ചുവടുകൾ പിന്തുടരാൻ ഞങ്ങളെ പ്രചോദിപ്പിക്കുകയും ചെയ്തു. ഒരു ഗുരുശ്രേഷ്ഠൻ എന്ന നിലയിൽ, ധാരാളം ശിഷ്യസമ്പത്ത് അച്ചനുണ്ടായിരുന്നു. അവരുടെ ഭൗതികവും ആത്മീയവുമായ യാത്രയെ രൂപപ്പെടുത്തുന്നതിൽ അദ്ദേഹം ഒരു പ്രധാന പങ്ക് വഹിച്ചു. സമസ്ത മേഖലകളിലും വ്യക്തി മുദ്ര പതിപ്പിച്ച അനേകം ശിഷ്യഗണങ്ങൾ അദ്ദേഹത്തിനുണ്ട്. വേദശാസ്ത്രപരമായ സംവാദങ്ങളും മാർഗനിർദേശവും പിന്തുണയും പ്രോത്സാഹനവും ഒക്കെ വ്യക്തിപരമായി ഞങ്ങൾക്ക് ചൊരിഞ്ഞു തന്നു. ജീവിതത്തിന്റെ വെല്ലുവിളികളെ നേരിടാനും ക്രിസ്തു വിശ്വാസത്തെ ആഴത്തിലാക്കാനും അത് ഞങ്ങളെ സഹായിച്ചു. ആ ഭവന വാതിൽ എപ്പോഴും തുറന്നിരുന്നു, എനിക്ക് ഉപദേശമോ ആശ്വാസമോ ആവശ്യമുള്ളപ്പോഴെല്ലാം അദ്ദേഹത്തിന്റ്റെ വചസ്സുകൾ ഒരു സങ്കേതമായിരുന്നു. സ്വന്തകുടുബത്തിലെ സാമ്പത്തീക ഞെരുക്കം അനുഭവിച്ചിരുന്ന സഹോദരങ്ങളെ അദ്ദേഹത്താൽ കഴിയും വിധം സഹായിച്ചിരുന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ വിവാഹിത പട്ടക്കാരൻ ആയി തുടരുമ്പോഴാണ് ആർച്ച് ബിഷപ്പ് അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയാൽ ആകൃഷ്ടനായി സിറോ മലങ്കര കത്തോലിക്കാ സഭയിലേക്ക് ചേർന്നത്. അന്നുതൊട്ടിന്നോളം ക്രിസ്ത്യൻ
പുരോഹിതൻ, സാമൂഹിക പരിഷ്കർത്താവ്, ലിറ്റിൽവേ അസോസിയേഷൻ പ്രസിഡന്റ്, മികച്ച അദ്ധ്യാപകൻ, പ്രഗത്ഭ വാഗ്മി, ഫാമിലി കൗൺസിലർ എന്നീ നിലകളിൽ വന്ദ്യ അച്ചന്റെ സ്വാധീനം കുടുംബത്തിനും അപ്പുറത്തേക്ക് വ്യാപിച്ചു. ദരിദ്രരുടെയും ദുർബ്ബലരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ആവശ്യങ്ങൾക്കായി അദ്ദേഹം പോരാടി. അത്തരം സംഘടനകളോട് അടുത്ത് പ്രവർത്തിച്ചുവെങ്കിലും അതിലെ സാമൂഹിക നീതി നിഷേധങ്ങൾക്ക് എതിരെ അദ്ദേഹം ശബ്ദിക്കുകയും തന്മൂലം കൂടുതൽ നീതിയും അനുകമ്പയും ഉള്ള ഒരു സമൂഹത്തിനായി പ്രവർത്തിക്കാൻ എണ്ണമറ്റ വ്യക്തികളെ പ്രചോദിപ്പിക്കുകയും ചെയ്തു.

ആരാധനക്രമങ്ങളോടും കൂദാശകളോടുമുള്ള അച്ചന്റെ സ്നേഹം അദ്ദേഹം വിശുദ്ധ കുർബാന അർപ്പിച്ച ഭക്തിയിലും സന്തോഷത്തിലും പ്രകടമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ എല്ലായ്പ്പോഴും ജ്ഞാനം, നർമ്മം, ഉൾക്കാഴ്ച എന്നിവയാൽ നിറഞ്ഞിരുന്നു. ദൈവവചനം അവന്റെ ശ്രോതാക്കളുടെ ഹൃദയങ്ങളിൽ ലളിത ഭാഷയിലൂടെ സജീവമാക്കി.

വന്ദ്യ അച്ചൻ എ ലോകത്തിൽ നിന്ന് പോയേക്കാം, പക്ഷെ എന്റേതുൾപ്പെടെ അദ്ദേഹം സ്പർശിച്ച എണ്ണമറ്റ ജീവിതങ്ങളിൽ ആ ആത്മാവ് ജീവിക്കുന്നു. നമ്മുടെ ജീവിതം ലക്ഷ്യത്തോടും അനുകമ്പയോടും സ്നേഹത്തോടും കൂടി ജീവിക്കാനുള്ള ഒരു ഓർമ്മപ്പെടുത്തലായി അദ്ദേഹത്തിന്റെ പൈതൃകം വർത്തിക്കുന്നു. ശ്രദ്ധേയനായ വ്യക്തിയും ഉപദേശകനും പുരോഹിതനുമായി അദ്ദേഹം വിടപറയുമ്പോൾ, കർത്താവിന്റെ സന്നിധിയിൽ സ്വർഗത്തിന്റെ സന്തോഷത്തിലും മഹത്വത്തിലും മുഴുകിയിരിക്കുവാൻ പോയിരിക്കുന്നു എന്ന അറിവിൽ ഞാൻ ആശ്വസിക്കുന്നു.
വന്ദ്യ പിതാവേ സമാധാനത്തിൽ അങ്ങ് വിശ്രമിക്കൂ... ഞങ്ങളുടെ പ്രിയ അഞ്ചൽ അച്ചാ അങ്ങയുടെ ഓർമ്മകൾ എനിക്കും അങ്ങയെ സ്നേഹിച്ച എല്ലാവർക്കും അനുഗ്രഹമായിരിക്കും...
ആ മധ്യസ്ഥതയിൽ ആശ്രയിക്കുന്നു.
ബാഷ്പാഞ്ജലി....

www.malankaralibrary.com


# മണിവിളക്ക്



Manivilaku June 2024




Manivilaku May 2024




Manivilaku April 2024



Manivilaku February 2024



Manivilaku January 2024



Manivilaku March 2024

**മുൻ ലക്കങ്ങൾ വായിക്കുന്നതിനായി മണിവിളക്കിന്റെ വെബ്സൈറ്റ് സന്ദർശിക്കുക**

**www.manivilaku.com**

www.malankaralibrary.com



# മരണനിഴലിലും ഭയമേശാത്ത മിഷനറി:- സി മാർട്ടിൻ മേരി ഡി എം



സിസ്റ്റർ മെർലിൻ മരിയ ഡി. എം

ദൈവം എന്റെ കൂടെയുള്ളതിനാൽ മരണത്തിന്റെ നിഴൽ വീണ താഴ്വരയിൽ കൂടി നടന്നാലും ഞാനതെല്ലും ഭയപ്പെടുകയില്ല എന്ന സങ്കീർത്തനം തന്റെ ജീവിതത്തിലും മരണാനന്തരവും പ്രഘോഷിച്ചു കൊണ്ടിരിക്കുന്ന ഒരു ധീര മിഷനറിയാണ് ഞങ്ങളുടെ പ്രിയപ്പെട്ട സിസ്റ്റർ മാർട്ടിൻ മേരി ഡി.എം.

കോതമംഗലം രൂപതയിൽ നെടിയശാല ഇടവകയിൽ ഉപ്പുകണ്ടത്തിൽ ശ്രീമാൻ ജോണിന്റെയും ശ്രീമതി ഏലിക്കുട്ടിയുടെയും മൂത്ത മകളായി 1942 ഡിസംബർ 26-ാം തിയ്യതി ജനിച്ചു. ദൈവവിളിയാൽ സമ്പന്നമായ ഈ കുടുംബത്തിലെ മറ്റ് സഹോദരിമാരായ സി. മേരി SD സി. ഡാമിയൻ SD, സി. വിമല CMC എന്നിവരും മൂത്ത ചേച്ചിയുടെ പാത പിൻതുടർന്ന് സന്യാസജീവിതം തിരഞ്ഞെടുത്തു 1960 ജൂൺ 15 ന് മാർത്താണ്ഡത്ത് അർത്ഥിനിയായി എത്തിച്ചേർന്നു. പരിശീലന കാലഘട്ടം പൂർത്തിയാക്കി 1963 ൽ ആദ്യ വ്രതവും 1968 ൽ നിത്യവ്രതവും സ്വീകരിച്ചു.

## കർമ്മനിരതയായ മിഷനറി:-

ചെല്ലംകോണം, കിരാത്തൂർ, പനച്ചമൂട്, അഞ്ചൽ, കാഞ്ചിയോട്, പോങ്ങുംമൂട്, അഴകിയ മണ്ഡപം, ധനുവച്ചപുരം, പഞ്ചാബ്, പുന്നാവൂർ , കാട്ടാക്കട, നരിക്കൽ,നെല്ലിമൂട് തുടുങ്ങിയ സ്ഥലങ്ങളിൽ കർമ്മനിരതയായ ഒരു മിഷനറിയായിരുന്നു സി. മാർട്ടിൻ മേരി. തന്നോടിടപെടുന്ന എല്ലാവരിലും താൻ ചെന്നെത്തുന്ന എല്ലാ ഇടങ്ങളിലും ദൈവം തന്നെ ഭരമേൽപ്പിച്ച പ്രേഷിതശുശ്രൂഷ വളരെ തീക്ഷ്ണതയോടെ നിർവഹിച്ച ഒരു അസാധാരണ മിഷനറിയായിരുന്നു സിസ്റ്റർ. പാവപ്പെട്ടവരെയും, പാർശ്വവത്ക്കരിക്കപ്പെട്ടവരെയും തന്റെ ഹൃദയത്തോട് ചേർത്ത് നിർത്തി. വളരെ കൃത്യനിഷ്ഠയോടെ മുതിർന്നവരെയും കൊച്ചുകുട്ടികളെയും കൂദാശ സ്വീകരണത്തിനൊരുക്കി.

## സംലഭ്യതയുടെ ആൾ രൂപം:

ആഴമായ ദൈവസ്നേഹം അനുഭവിച്ചറിഞ്ഞ സിസ്റ്റർ തന്നെ സമീപിച്ചിട്ടുള്ള അനേകരെ വ്യക്തിപരമായ സ്നേഹത്തിലൂടെയും കരുതലിലൂടെയും ക്രിസ്തീയ വിശ്വാസത്തിലേക്ക് ആനയിച്ചു. എത്ര വിലപ്പെട്ടവയും ആവശ്യക്കാർക്ക് നൽകുന്നതിൽ സിസ്റ്റർ എന്നും താൽപര്യം കാണിച്ചു. സാമ്പത്തിക സഹായം നൽകിയും മറ്റ് സാധനങ്ങൾ നൽകിയും എല്ലാറ്റിനു പരി:ക്രിസ്തുവിനെ അവർക്കു നൽകിയും സിസ്റ്റർ ഔദാര്യമുള്ള ഒരു ഹൃദയത്തിന്റെ ഉടമയായി ജീവിച്ചു. ഹൃദയം തകർന്നു വരുന്ന ഒരു വ്യക്തിയെയും ഈ അമ്മ നിരാശയോടെ ഒരിക്കലും പറഞ്ഞു വിട്ടിട്ടില്ല.

www.malankaralibrary.com




## കരുതലിന്റെ മാതൃ വാത്സല്യം :–

കണ്ടുമുട്ടുന്നവർക്കും, കൂടെ വസിക്കുന്നവർക്കും കരുതലും, വാത്സല്യവും പകരുന്ന മാതൃ സ്നേഹത്തിന്റെ ഉടമയായിരുന്നു സിസ്റ്റർ. എല്ലാവരോടും കരുതലിന്റെ കാവൽ നൽകുകയും രോഗികളോട് പ്രത്യേക സ്നേഹം പുലർത്തുകയും ചെയ്തു. വീട്ടിൽ നിന്നും പൈതൃകമായി ലഭിച്ച നാട്ടുചികിത്സാ രീതികൾ തുടരുകയും ആവശ്യമുള്ളവർക്ക് ചെറിയ മരുന്നുകൾ ഉണ്ടാക്കി നൽകുകയും ചെയ്തു. ഇത് അനേകം നിർദ്ധനരായ രോഗികൾക്ക് വലിയ ആശ്വാസത്തിനു കാരണമായിട്ടുണ്ട്.

## ഉത്തമയായ സന്യാസിനി : –

ദിവ്യകാരുണ്യ സന്നിധിയിൽ നിന്നും നേടിയെടുത്ത ആത്മിയ ശക്തി ഏത് പ്രതിസന്ധിയെയും ആഴമായ വിശ്വാസത്തിന്റെ വെളിച്ചത്തിൽ നേരിടുവാൻ സിസ്റ്ററിനെ പ്രാപ്തയാക്കി. Sacristian എന്ന നിലയിൽ ചാപ്പലും അൾത്താരയും കേന്ദ്രീകരിച്ചുള്ള ജീവിതവും പരിശുദ്ധനായവന്റെ ആലയം പരിശുദ്ധിയോടെ സൂക്ഷിക്കുവാനുള്ള ജാഗ്രത സവിശേഷമായ പ്രത്യേകതയാണ്. ഇടവകദേവാലയങ്ങളിൽ മനോഹരമായ വിരികൾ തയ്യിച്ചിടുന്നതും മനോഹരമായി വൃത്തിയായി സൂക്ഷിക്കുന്നതിനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അടുക്കും, ചിട്ടയും, നിഷ്ഠയുമുള്ള സന്യാസജീവിതത്തിന്റെ ഉടമയായിരുന്നു സിസ്റ്റർ. വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ചും മറ്റ് ക്രിസ്തീയ ഗ്രന്ഥങ്ങളെക്കുറിച്ചും ദൈവീക ജ്ഞാനമുള്ള വ്യക്തിയായിരുന്നു സിസ്റ്റർ. ഈ ജ്ഞാനം മറ്റുള്ളവർക്ക് പകർന്നു നൽകുന്നതിൽ വളരെ തല്പരയുമായിരുന്നു. തന്റെ മരണത്തിനു വേണ്ടി പ്രാർത്ഥനാപൂർവ്വം ഒരുങ്ങി കാത്തിരുന്നു പ്രിയ മാർട്ടിൻ മേരിയമ്മ. 82 വർഷത്തെ ഈ ലോക ജീവിതവും 61 വർഷത്തെ സന്യാസജീവിതവും ആത്മാക്കളുടെ രക്ഷയ്ക്കു വേണ്ടി സമർപ്പിക്കുവാൻ സിസ്റ്ററിന് സാധിച്ചു.



' ജ്ഞാനികൾ ആകാശവിതാനത്തിൽ പ്രഭ പോലെ വിളങ്ങും അനേകരെ നീതിയിലേക്കു നയിക്കുവാൻ എന്നുമെന്നും പ്രകാശിക്കും'. (ദാനി 12 : 3) ഈ തിരുവചനം അന്വർത്ഥമാക്കി കൊണ്ട് അനേകരെ നീതിയിലേക്ക് നയിച്ച് ദൈവസന്നിധിയിൽ എന്നുമെന്നും പ്രഭചൊരിയുന്ന ഈ വെളിനക്ഷത്രം മേരി മക്കൾ സമൂഹത്തിലൂടെ സഭയ്ക്കും, ഈ ലോകത്തിനും മുഴുവനും നൽകിയ പ്രകാശം സഹസന്യാസിനികളായ നമ്മിലൂടെ എന്നുമെന്നും പ്രകാശിക്കട്ടെ.

ഒരു സുകൃത ജീവിതത്തിന്റെ മരിക്കാത്ത ഓർമ്മകൾ സമ്മാനിച്ച് നിത്യസൗഭാഗ്യത്തിലേക്ക് പ്രവേശിച്ച പ്രിയ സിസ്റ്ററിന് സ്നേഹപൂർവ്വം ഞങ്ങൾ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

www.malankaralibrary.com





# വിശുദ്ധ അൽഫോൻസാമ്മ

സഹനത്തിൻ തീയിൽ നിന്നും
വിശുദ്ധയായ അമ്മേ അൽഫോൻസാമ്മേ
യേശുവിൻ മണവാട്ടിയാകുവാൻ
ത്യാഗം സഹിച്ച അമ്മേ അൽഫോൻസാമ്മേ
ത്യാഗത്തിൻ നെടുവീർപ്പിൽ നീ
ഭുവനത്തിൻ വിശുദ്ധയായി
വേദന സർവ്വം നീയറിഞ്ഞീടുമ്പോൾ
യേശുവിൻ മുറിവുകളോർത്ത അമ്മേ
നിൻ യാതനയും നിൻ വേദനയും
നീ വളരെ ചെറുതാക്കി
കത്തോലിക്കർ തൻ വിശുദ്ധയായി നീ
വാഴ്ത്തപ്പെട്ട നാൾ
ഞങ്ങൾ തൻ നിൻ സഹനത്തെയെല്ലാം
വേദനയായി ഓർത്തു
വേദന സർവ്വം സഹിച്ചവളെ
വേദന സർവ്വം അറിഞ്ഞവളെ
ഭൂവനത്തിൻ മുറിവുകൾ മാറ്റി നീ
ഞങ്ങളെ തൃപ്തരാക്കീടേണമേ
കുരുന്നുകൾ തൻ പ്രിയ സുന്ദരി അമ്മേ
ഞങ്ങൾക്കായി പ്രാർത്ഥിക്കണേ
അൽഫോൻസാമ്മേ ഞങ്ങൾക്കായി പ്രാർത്ഥിക്കണേ!



റോണാ മേരി അലക്സാണ്ടർ



www.malankaralibrary.com



# സിസ്റ്റർ ജസ്റ്റീന എസ്. ഐ. സി [87]

ഈശോയ്ക്കു വേണ്ടി ജീവിക്കാൻ
ഈശോയെ നല്കാൻ എന്നെ ദൈവം വിളിച്ചു.
വചനം ശ്രവിക്കാൻ വചനം വിതക്കാൻ
പാരിൽ നിയോഗിച്ചയച്ചു, പാരിൽ നിയോഗിച്ചയച്ചു

സിസ്റ്റർ ജസ്റ്റീന തന്റെ ഡയറിയിൽ കോറിയിട്ടു വച്ചിരുന്ന കവിതയിലെ ഏതാനും വരി കളാണിത്. 60 വർഷത്തെ ധന്യമായ സന്ന്യാസ പ്രതിഷ്ഠാ ജീവിതത്തിലൂടെ ഈ നിയോഗം പൂർത്തിയാക്കി ദൈവസന്നിധിയിലേക്ക് യാത്രയായിരിക്കുന്ന പ്രീയപ്പെട്ട സിസ്റ്റർ ജസ്റ്റിനാക്ക് ബഥനി സഹോദരിമാരുടെ സ്നേഹനിർഭരമായ ആദരാഞ്ജലികൾ.

നെടുകുന്നം തോണിപ്പാറക്കൽ, പരേതരായ ശ്രീമാൻ വറുഗീസിന്റെയും ശ്രീമതി മറിയാ മ്മയുടെയും 12 മക്കളിൽ ഏഴാമത്തെ മകളായി 1937 ഫെബ്രുവരി 2 ന്, സിസ്റ്റർ ജസ്റ്റിനാ ജനിച്ചു. പുന്നത്തറ സെന്റ് മേരീസ് പള്ളിയിൽ മാമോദീസായും ത്രേസ്യാമ്മ എന്ന നാമവും സ്വീകരിച്ചു. സിസ്റ്ററിന്റെ 11 സഹോദരങ്ങളിൽ 5 പേർ ദൈവ സന്നിധിയിലേക്ക് സിസ്റ്ററിനു മുമ്പേ യാത്രയായി. ഒരു സഹോദരൻ ബ്രദർ സേവ്യർ ജോസഫ്, സെന്റ് പാട്രിക് സന്ന്യാസ സമൂഹത്തിലെ അംഗമാണ്.

പ്രാഥമിക വിദ്യാഭ്യാസം നെടുകുന്നം കർമ്മലീത്താമഠം വക സ്കൂളിൽ പൂർത്തിയാക്കിയതിനു ശേഷം Needle work and garment making course ചെയ്ത് സിസ്റ്റർ, diploma കരസ്ഥമാക്കി. 1959 ൽ, വിജയപുരം രൂപതയുടെ കീഴിലുള്ള തൊടുപുഴ വെള്ളിയാമറ്റം Christ the King U P Schoolൽ അദ്ധ്യാപികയായി ജോലി നോക്കി.

തന്റെ ദൈവവിളി തിരിച്ചറിഞ്ഞ ത്രേസ്യാമ്മ, 1961 ആഗസ്റ്റ് 10 ന് തിരുമൂലപുരം മഠത്തിൽ അർഥിനിയായി ചേർന്നു. സിസ്റ്റർ ദബഹാ സിസ്റ്റർ അൽഫോൻസാ എന്നിവരുടെ നേതൃത്വത്തിൽ തിരുമൂലപുരത്ത് ആസ്പിരൻസിയും സിസ്റ്റർ വിമലയുടെ നേതൃത്വത്തിൽ പോസ്റ്റുലൻസി പരിശീലനവും പൂർത്തിയാക്കി.

1963-64 വർഷത്തിൽ തിരുവനംന്തപുരത്ത് സിസ്റ്റർ മോനിക്കയുടെയും സിസ്റ്റർ ദഹിയായുടെയും നേതൃത്വത്തിൽ നവശിഷ്യപരിശീലനം പൂർത്തിയാക്കി. 1964 മെയ് 12-ന് ആദ്യവതവാഗ്ദാനം നടത്തി, സിസ്റ്റർ ജസ്റ്റീന എന്ന സന്ന്യാസനാമം സ്വീകരിച്ചു. 1970 മെയ് 15 ന് നിത്യവ്രതവാഗ്ദാനം ചെയ്ത് ദൈവത്തിനും ദൈവജനത്തിനുമായി തന്നെത്തന്നെ നിത്യമായി പ്രതിഷ്ഠിച്ചു.

കുന്നംകുളം ബഥനി കോൺവന്റിലേക്കായിരുന്നു സിസ്റ്ററിന്റെ ആദ്യത്തെ നിയമനം. 1964 മുതൽ ബഥനി കോൺവന്റ് സ്കൂളിൽ തയ്യൽ അദ്ധ്യാപികയായി സേവനം ആരംഭിച്ചു. 1969 ൽ TTC (Teachers Training Course) പഠിച്ച് പാസ്സായി. ഇതിനിടയിൽ, 1 വർഷം കോട്ടയം MOC യിൽ Theology പഠനത്തിനായി വിനയോഗിച്ചു. കൂടാതെ, കേരളത്തിനകത്തും കേരളത്തിനു പുറത്തുമായി നടന്ന Guidingന്റെ വിവിധ തലങ്ങളിലുള്ള കോഴ്സുകളിൽ സംബന്ധിച്ച് State level Adult Trainer & Resource Person ആയി സിസ്റ്റർ തിരഞ്ഞെടുക്കപ്പെട്ടു.

www.malankaralibrary.com



ഈ മേഖലയിലുള്ള തന്റെ സജീവ പ്രവർത്തനങ്ങൾ അനേകം കുട്ടികൾക്ക് അനുഗ്രഹമായിത്തീർന്നു. ചാവക്കാട്, കോട്ടയം ജില്ലകളിൽ cub/bulbul വിഭാഗത്തെ വളർത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുവാൻ സിസ്റ്ററിനു സാധിച്ചു. സിസ്റ്ററിന്റെ സ്കൗട്ട് & ഗൈഡിംഗ് പ്രസ്ഥാനത്തോടുള്ള സമർപ്പണം ഈ മേഖലയിൽ ആയിരിക്കുന്നവർക്ക് എന്നും അനുകരണീയമാണ്. സിസ്റ്ററിന്റെ അവിശ്രാന്ത പരിശ്രമം, ധാരാളം കുട്ടികൾക്ക് രാജ്യപുരസ്കാർ, രാഷ്ട്രപതി പുരസ്കാർ നേടുവാൻ സാധിച്ചിട്ടുണ്ട്.
29 വർഷക്കാലം അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ച് 1992 മാർച്ചിൽ തന്റെ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചുവെങ്കിലും, അതിനുശേഷവും വിവിധ സ്കൂളുകളിൽ ഗൈഡിംഗിലൂടെ തന്റെ സേവനം സമൂഹത്തിനു നല്കിക്കൊണ്ടിരുന്നു.
വിരമിക്കലിനുശേഷം, 1992 ൽ പോട്ട ധ്യാനകേന്ദ്രത്തിൽ പ്രാർഥനയും ഗാനശുശ്രൂഷയും മറ്റുമായി, 3 മാസം ചെലവഴിച്ചു. തുടർന്ന്, മണർകാട്, അഞ്ചൽപ്പെട്ടി, ചക്കുപള്ളം ചെറുകുളഞ്ഞി, കടമാൻകുളം, ചെങ്ങന്നൂർ, മല്ലപ്പള്ളി മഠങ്ങളിൽ അംഗമായിരുന്നു. മണർകാടു മഠത്തിൽ അംഗമായിരുന്നുകൊണ്ട്, കോട്ടയം, മൗണ്ട് മേരി ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിക്കുന്നതിലും അതിന്റെ വളർച്ചയിലും നിർണ്ണായകമായ പങ്കുവഹിച്ചുകൊണ്ട് അവിടെ 12 വർഷക്കാലം സേവനം ചെയ്തു.

2005- ൽ ചക്കുപള്ളം മഠത്തിലേക്കു ട്രാൻസ്ഫറായ സിസ്റ്റർ, ആദ്യം പാവപ്പെട്ട കുട്ടികളെ ട്യൂഷൻ നല്കി പഠനത്തിനു സഹായിച്ചു. പിന്നീട്, ചക്കുപള്ളത്തെ മേരി മാതാ ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിക്കുന്നതിനും അതിന്റെ വളർച്ചക്കും വേണ്ടി മുൻ നിരയിൽ നിന്നു പ്രവർത്തിച്ചു. 2008 ൽ റാന്നി ചെറുകളഞ്ഞി മഠത്തിലേക്കു ട്രാൻസ്ഫറായി. സിസ്റ്റർ അവിടെ യുണ്ടായിരുന്ന ഓർഫനേജിലെ കുട്ടികളുടെ ചുമതല ഏറ്റെടുത്തു, തുർന്ന് കടമാൻകുളം, ചെങ്ങരൂർ മഠംങ്ങളിലേക്ക് ട്രൻസറായപ്പോൾ അവിടെയെല്ലാം കുട്ടികളെ കണ്ടെത്തി അവരുടെ പഠനത്തിലും, പാഠ്യേതര വിഷയങ്ങളിലുമുള്ള കഴിവുകൾ വളർത്തുന്നതിനും താല്പര്യത്തോടെ പ്രവർത്തിച്ചിരുന്നു. ഒഴിവു സമയങ്ങളിൽ കുട്ടികളെ ചാപ്പലിൽ കൊണ്ടുപോയി പ്രാർഥിപ്പിക്കുന്നതിലും ദൈവസ്നേഹത്തിൽ വളർത്തുന്നതിലും സിസ്റ്റർ ശ്രദ്ധിച്ചിരുന്നു. എന്റെ സമ്പത്ത് കുട്ടികളാണ് എന്ന് സിസ്റ്റർ പറയുമായിരുന്നു.

തന്റെ ജീവിതത്തിന്റെ നല്ലൊരു സമയവും, കഴിവുമുഴുവനും കുട്ടികളെ സൽ സ്വഭാവികളും ദൈവ പുണ്യമുള്ളവരുമാക്കുവാൻ സിസ്റ്റർ വിനയോഗിച്ചിരുന്നു. സിസ്റ്ററിന്റെ ഹൈസ്കൂൾ പഠനകാലത്ത്, 1959-ൽ നടന്ന വിമോചന സമരത്തിൽ സിസ്റ്റർ പങ്കെടുത്തതിന് കറുകച്ചാൽ ജയിലിൽ കഴിയേണ്ടതായി വന്നിട്ടുണ്ട്. 2009 നവംബറിൽ അതിന്റെ 50 -ാം വാർഷികത്തിൽ, അന്ന് സമരത്തിൽ പങ്കെടുത്തവരെ ആദരിച്ചപ്പോൾ, ബഹുമതി പത്രം നല്കി സിസ്റ്ററിനെ ആദരിച്ചു. അതുകൂടാതെ ധാരാളം അവാർഡുകൾ നേടാൻ സിസ്റ്ററിന് സാധിച്ചിട്ടുണ്ട്. Medel of Merit Award 1978,1992, 1998, 2000, 2007 വർഷങ്ങളിൽ അതാതു കാലത്തെ വിദ്യാഭ്യാസ മന്ത്രിയിൽ നിന്ന് ഏറ്റു വാങ്ങി. 1991 ൽ National Foundation for Teachers Award, കരസ്ഥമാക്കി. പാട്ടുകൾ, കവിതകൾ എന്നിവ പഠിക്കുകയും പാടുകയും ചെയ്യുന്നത് സിസ്റ്ററിനു ഏറെ സന്തോഷമായിരുന്നു. സ്വന്തമായി കവിതകൾ, ഗാനങ്ങൾ ഇവ രചിച്ചു പാടുമായിരുന്നു. ഭാരതത്തിന്റെ സാമൂഹിക നേതാക്കന്മാരെ അനുസ്മരിച്ചു പ്രസംഗം, കവിതകൾ ഇവ എഴുതി സമ്മാനത്തിന് അർഹയായിട്ടുണ്ട്.

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ 125-ാം ജന്മ ദിനത്തോട് അനുബന്ധിച്ച്, 2009

www.malankaralibrary.com


ഒക്ടോബറിൽ തിരവനന്തപുരം വി.ജെ ടി ഹാളിൽ, ഗാന്ധി ഫെഡറേഷൻ സംഘടിപ്പിച്ച കവിതാ മത്സരത്തിൽ സിസ്റ്റർ പങ്കെടുത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

2014 ൽ സിസ്റ്ററിന്റെ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ചു. 2014ൽ അങ്കമാലി ഡിവൈൻ ധ്യാന കേന്ദ്രത്തിൽ മദ്ധ്യസ്ഥ പ്രാർഥനാ ഗ്രൂപ്പിൽ ചേർന്ന് പ്രാർഥനക്കുമാത്രമായി ഒരു വർഷം ചെലവഴിച്ചു. തുടർന്ന്, മല്ലപ്പള്ളി മഠത്തിലെ മൂന്നു വർഷത്തെ താമസത്തിനു ശേഷം, 2018 മുതൽ തിരുമൂലപുരത്ത് മദർ ഹൗസിൽ വിശ്രമജീവിതം നയിച്ചു വന്നു. തിരുമൂലപുരം മഠത്തിൽ നടക്കുന്ന ആരാധനയിൽ സജീവ പങ്കാളിത്വം വഹിച്ചുകൊണ്ട് ലോകം മുഴുവനുവേണ്ടി പ്രാർഥനകൾ സമർപ്പിച്ചുകൊണ്ട് സിസ്റ്റർ തന്റെ വിശ്രമ ജീവിതം നയിച്ചു. എത്ര ക്ഷീണിതയാണെങ്കിലും കരുണയുടെ തിരുമണിക്കൂറിൽ, കരുണയുടെ ജപമാല നടത്തിന് സിസ്റ്റർ ചാപ്പലിൽ അണഞ്ഞിരുന്നതും ദീർഘ നേരം ദിവ്യകാരുണ്യ സന്നിധിയിലായിരുന്നു പ്രർഥിച്ചിരുന്നതും എന്നും ഞങ്ങൾക്ക് മാതൃകയാണ്.

സിസ്റ്ററിനെ, ഉദരസംബന്ധമായ അസ്വസ്ഥതമൂലം 2024, മെയ് 17-ന് പുഷ്പഗിരി മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. ഒരു സർജറി ആവശ്യമായി വന്നു. ബഹുമാനപ്പെട്ട തോമസ് പരിയാരത്ത് അച്ചൻ, മദർ പ്രാവിൻഷ്യൽ മദർ ജോബ് സിയുടെയും സിസ്റ്റേഴ്സിന്റെയും സാന്നിദ്ധ്യത്തിൽ സിസ്റ്ററിനു തൈലാഭിഷേകം നല്കി. സിസ്റ്ററിന്റെ നില ഗുതരാവസ്ഥയിലേക്ക് മാറികൊണ്ടിരുന്നു. അവസാനം വരെ നല്ല സുബോധത്തോടെ ആയിരിക്കുവാൻ സിസ്റ്ററിനു ദൈവം അനുഗ്രഹം നല്കി.

സിസ്റ്റേഴ്സും സിസ്റ്ററിന്റെ കുടുംബാംഗങ്ങളെല്ലാവരും പലപ്രാവശ്യം വന്ന് സന്ദർശിച്ച് പ്രാർഥിച്ചക്കുകയും ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഏതാണ്ട് 40 ദിവസത്തെ ആശുപത്രി കിടക്കിയിലെ സഹനത്തിലൂടെ ദൈവം തന്റെ മകളെ ശോഭയുള്ള വളാക്കി, ജൂൺ 28- നു രാവിലെ 11.30-ന് തന്റെ പറുദീസായിലേക്ക് വിളിച്ചു ചേർത്തു. സന്ന്യാസ ജീവിത്തിന്റെ ആനന്ദം അനുഭവിച്ച് അനേകർക്ക് നന്മ ചെയ്ത് ദൈവം നല്കിയ ജീവിതം അനുഗ്രഹകരമായി പൂർത്തിയാക്കിയ പ്രീയപ്പെട്ട സിസ്റ്റർ ജസ്റ്റീനാക്ക് ബഥനി സോദരിമാരുടെ പ്രാർഥനാപൂർവമായ ആദരാഞ്ജലികൾ.

തയാറാക്കിയത് :
Bethany, Thiruvalla Province



www.malankaralibrary.com

# ഓർമ്മയിൽ ആചാര്യന്മാർ

ആചാര്യരാ നിൻരഹസ്യങ്ങൾ
പരികർമ്മിച്ചൊരു ആചാര്യനേകുക
പുണ്യം നാഥാ സ്തോത്രം!

www.manivilaku.com

## Thiruvananthapuram

| | |
|---|---|
| Rev. Fr. Thomas Panickar Parampil (Mavelikara) | 07-07-1975 |
| Rev. Fr. Samuel Pallivathuckal | 15-07-2017 |
| Rev. Fr. Philipose Kochukallil (Elanthoor) | 29-07-1955 |
| Rev. Fr. Mathai Kizhakevila (Kundara) | 15-07-1974 |
| Rev. Fr. Mani Yohannan Cheravallil (Kurathikadu) | 15-07-1934 |
| Rev. Fr. George Mootheril | 16-07-1995 |
| Rev. Fr. George Kuttiyil | 14-07-2005 |
| Rev. Fr. Geevarghese Mankavil (Kattanam) | 25-07-1943 |
| Rev. Fr. Eapen Kaplacheril | 07-07-1994 |

## Bathery

| | |
|---|---|
| REV. FR. CHACKO PUTHUPARAMBIL | 16-07-2009 |

## Triruvalla

| | |
|---|---|
| Rt. Rev. Pulikottil Joseph Ramban | 06-07-1941 |
| Rt. Rev. Msgr. Thomas Vadassery | 20-07-1966 |
| Rev. Fr. T. V. John | 20-07-1970 |
| Rev. Fr. Mathew Vadakkemury | 22-07-2001 |
| Rev. Fr. Kuriakose Nellatt | 06-07-1978 |
| Rev. Fr. Kuriakose Padinjaremannil | 02-07-2000 |
| Rev. Fr. Jacob Valiaparambil | 12-07-2005 |
| Rev. Fr. Jacob Ayanthy | 08-07-1986 |
| Rev. Fr. George Plathingal | 03-07-2007 |
| Rev. Fr. Boniface Lewis | 20-07-1976 |
| Rev. Fr. Alexander Arakapadavil | 11-07-2001 |
| Rev. Fr. Abraham Pallipurathussery | 04-07-1996 |
| Rev. Fr. Abraham Maret | 01-07-1954 |
| Rev. Fr. Abraham Edassery | 04-07-1984 |

www.manivilaku.com

## Bethany

| | |
|---|---|
| Fr. Athmanand Pezhummootil OIC | 30 July 2015 |

ഓർമ്മയിൽ ആചാര്യന്മാർ

www.malankaralibrary.com

# ഓർമ്മയിൽ വന്ദ്യ സന്ന്യാസിനിമാർ

നിൻ ദയയിങ്കൽ ശരണിതയായ്
നിദ്രയടഞ്ഞൊരു സോദരിയെ
നിൻ മഹിമോദയ ദിവസത്തിൽ നിൻ
കാരുണ്യം കാട്ടേണം

## ബഥനി സന്ന്യാസിനിമാർ

| | |
|---|---|
| Mother Sybar SIC | 10-07-1982 |

### Thiruvananthapuram

manivilaku.com

| | |
|---|---|
| Sr. Emera - SIC | 15-07-1986 |

### Thiruvalla

| | |
|---|---|
| Sr. Mary Getrude SIC | 12-07-1982 |
| Sr. Thresia SIC | 22-07-1995 |
| Sr. Virginia SIC | 27-07-2017 |
| Sr. Laura SIC | 16-07-2021 |
| Sr. Blessy SIC | 22-07-2021 |

### Pathanamthitta

| | |
|---|---|
| Sr. Haliyuse SIC | 17-07-2017 |

## മേരി മക്കൾ സന്ന്യാസിനിമാർ

### Daughters of Mother Mary

| | |
|---|---|
| Rev.Sr.Carmel DM | 14-07-1962 |
| Rev.Sr.Regina Jacob DM | 21-07-1993 |
| Rev.Sr.Gino Francis DM | 18-07-1995 |
| Rev.Sr.Catherine DM | 12-07-1995 |
| Rev.Sr.Antonio DM | 22-07-1996 |
| Rev.Sr.Francis DM | 19-07-2001 |
| Rev.Sr.Gerard DM | 24-07-2003 |
| Rev.Sr.Isabella DM | 10-07-2009 |
| Rev.Sr.Mary Michael DM | 23-07-2013 |
| Rev.Sr.Seraphia DM | 22-07-2013 |
| Rev.Sr.Ananciata DM | 19-07-2013 |
| Rev.Sr.Navya Jose DM | 17-07-2013 |
| Rev.Sr.Mary Sabeena DM | 18-07-2014 |
| Rev.Sr.Mary Xavier DM | 01-07-2015 |
| Rev.Sr.Mary Francina DM | 01-07-2019 |
| Rev.Sr.Baptista DM | 05-07-2021 |
| Rev.Sr.Mary Jaya DM | 05-07-2022 |

ഓർമ്മയിൽ വന്ദ്യ സന്ന്യാസിനിമാർ

www.malankaralibrary.com





# ദൈവദാസൻ ഫാ. ആർമണ്ട് കപ്പൂച്ചിൻ



**ഫാദർ വിൻസന്റ് കുരിശുംമൂട്ടിൽ**
വിമലഗിരി കപ്പൂച്ചിൻ ആശ്രമം , ഇരിട്ടി

പാലാ അടുത്ത് മരങ്ങാട്ട്പള്ളിയിൽ 1930 നവംബർ 25നു മാധവത്ത് കുടുംബത്തിൽ ജനിച്ചു. ഫ്രാൻസിസ് എന്നാണ് മാമോദീസ പേര്. പ്രൈമറി വിദ്യാഭ്യാസം മരങ്ങാട്ടുപള്ളിയിലും മിഡിൽ സ്കൂൾ വിദ്യാഭ്യാസം കടപ്ലാമറ്റത്തും നടത്തി. കപ്പുച്ചിൻ സഭയിലെ പ്രശസ്ത ധ്യാനഗുരുവായിരുന്ന ലിയോ അച്ചൻ സ്കൂൾ സന്ദർശിയ്ക്കവേ അജ്മീരിലെ മിഷനിലേയ്ക്ക് താത്പര്യമുള്ളവരെ ക്ഷണിച്ചപ്പോൾ ഫ്രാൻസീസും മറ്റൊരു കുട്ടിയും അജ്മീരിൽ പോകാൻ തയ്യാറായി, അവിടെയാണ് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. ഗോവയിലെ മൈനർ സെമിനാരിയിലും മംഗലാപുരം, കൊല്ലം, കോട്ടഗിരി തുടങ്ങിയ സ്ഥലങ്ങളിലും വൈദീക പഠനം പൂർത്തിയാക്കിയ ശേഷം 1960 മെയ് 25ാം തീയതി ഊട്ടി ബിഷപ്പ് മാർ ആന്റണി പടിയറയിൽ നിന്നും പൗരോഹിത്യ പട്ടം സ്വീകരിച്ചു. വായനാട്ടിലെ നടവയൽ പള്ളിയിൽ ആണ് പ്രഥമ വിശുദ്ധ കുർബാന അർപ്പണം (മാധവത്ത് കുടുംബം വയനാട്ടിൽ താമസം മാറ്റിയിരുന്നു). മൂവാറ്റുപുഴയിൽ ലോരെറ്റൊ ആശ്രമത്തിൽ മൂന്ന് വർഷം നോവിസ് മാസ്റ്റർ ആയും തുടർന്ന് മൂന്ന് വർഷം അവിടെ സുപ്പീരിയർ ആയി സേവനം അനുഷ്ഠിച്ചു. പിന്നീട് ഭരണങ്ങാനം അസീസി ആശ്രമത്തിൽ സ്ഥലം മാറുകയും ഏകദേശം 20 വർഷത്തോളം സേവനം ചെയ്യുകയുമുണ്ടായി. ദൈവദാസൻ ഫാ. ആർമണ്ട് പ്രാൽ കപ്പുച്ചൻ സഭയിലെ ഒരംഗമാണ്. 1975–ൽ ബോംബെ ടീം കോഴിക്കോടും കോട്ടയത്തും നടത്തിയ കരിസ്മാറ്റിക് ധ്യാനങ്ങളിൽ ആറമണ്ടച്ചനും ബ. ഗ്രേഷ്യസച്ചനും M.S. F.S സഭാംഗമായ _. K. K ജോൺ അച്ചനും പങ്കെടുത്തു. അവർക്ക് അത് വലിയൊരു അനുഭവമായിരുന്നു. ഈ ധ്യാനം മലയാള ഭാഷയിൽ നടത്തണമെന്ന് അവർ ആഗ്രഹിച്ച്, ഒരാഴ്ച അവർ ഒന്നിച്ചിരുന്ന് പ്രാർത്ഥിച്ച്, ഷെയർ ചെയ്ത് ധ്യാനത്തിന് ഒരുങ്ങി. 1976 സെപ്റ്റംബറിൽ അവർ മലയാളത്തിൽ ആദ്യത്തെ കരിസ്മാറ്റിക് ധ്യാനം ഭരണങ്ങാനം അസ്സിസി ദേവാലയത്തിൽ വച്ച് നടത്തി. അന്ന് കുറച്ചു പേര് പങ്കെടുത്തു. തുടർന്ന് എല്ലാ മാസവും ഓരോ ധ്യാനം നടത്താൻ തുടങ്ങി. പങ്കെടുത്തവരുടെ എണ്ണം വർദ്ധിച്ചു വന്നു. 1978

www.malankaralibrary.com



ഫാ.ആർമ് മാധവത്തിന്റെ
സഹോദരി മറിയക്കുട്ടി

ആയപ്പോഴേക്കും താമസിച്ച് ധ്യാനിക്കാനുള്ള സൗകര്യങ്ങളായി. അസ്സിസി ധ്യാനകേന്ദ്രംസജ്ജമായി. തുടർന്ന് 1996 വരെ 18 വർഷങ്ങൾ, മാസത്തിൽ മൂന്ന് ധ്യാനങ്ങൾ വീതം നടത്തി അനേകായിരങ്ങൾ നവീകരണത്തിലേക്കു വരാൻ അതുതന്നെ കർത്താവ് ഉപകരണമാക്കി.

മലബാറിൽ അതുപോലെ ഒരു ധ്യാനകേന്ദ്രം തുടങ്ങണമെന്ന് ദൈവ പ്രേരണ അനുസരിച്ചു അധികാരികളുടെ അനുവാദത്തോടെ അദ്ദേഹം 1996 ഇരിട്ടിയിൽ വന്നു പട്ടാരമെന്ന സ്ഥലത്ത് സ്ഥലം വാങ്ങി. അവിടെ ഉണ്ടായിരുന്ന ഒരു ചെറിയ വീട്ടിൽ താമസിച്ചുകൊണ്ട് ധ്യാനകേന്ദ്രത്തിനുള്ള ഒരുക്കങ്ങൾ ചെയ്തു. ശനിയാഴ്ചകളിൽ ഒരു പ്രാർത്ഥന കൂട്ടായ്മ മാത്രമാണ് രണ്ടുവർഷത്തേയ്ക്കു ഉണ്ടായിരുന്നത്. മറ്റു ദിവസങ്ങളിൽ അടുത്തുള്ള ഇടവകകളിൽ ഭവനംതോറും കയറിയിറങ്ങി ധ്യാനകേന്ദ്രത്തെ പറ്റി പറയുകയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ജനങ്ങളുടെ സഹകരണത്തോടെ താൽക്കാലിക ഷെഡുകൾ ഉണ്ടാക്കി 98-ൽ ധ്യാനം ആരംഭിച്ചു. 2000-ൽ സെപ്റ്റംബറിൽ അദ്ദേഹത്തിന് ശ്വാസകോശത്തിൽ കാൻസർ ആണെന്ന് കണ്ടെത്തി. തൃശ്ശൂർ അമല ആശുപത്രിയിൽ ചികിത്സിച്ചു എന്നാൽ 2001 ജനുവരിയിൽ അദ്ദേഹം ഇഹലോക വാസം വെടിഞ്ഞു. ഇതിനകം ധ്യാനകേന്ദ്രത്തിന്റെ താഴത്തെ നില 2 വിങ്ങ് പണിപൂർത്തിയാക്കി വെഞ്ചിരിപ്പ് നടത്തി. ഇതിനകം ഭരണങ്ങാനത്തും വിമലഗിരി പ്രട്ടാരയിലും നാല്പതോളം അംഗങ്ങളുടെ ഓരോ പ്രേഷിത കൂട്ടായ്മയ അദ്ദേഹം രൂപീകരിച്ചു. അവരിൽ പലരും നല്ല കൗൺസിലേസും വചനപ്രഘോഷകരുമായി വളർന്നിട്ടുണ്ട്.

സുദീർഘമായ 25 വർഷങ്ങൾ കരിസ്മാറ്റിക് നവീകരണ രംഗത്തും പ്രവർത്തിച്ചതിലൂടെ അനേകായിരങ്ങൾ നവീകരണത്തിലേക്ക് വന്നിട്ടുണ്ട്. അവരുടെ കുടുംബങ്ങളും തലമുറയും നവീകരിക്കപ്പെട്ടിട്ടുണ്ട്. ഈ എളിയ ചെറിയ മനുഷ്യനിലൂടെ ദൈവം വലിയ കാര്യങ്ങൾ ചെയ്തു. 12 വർഷങ്ങൾ ആർമനച്ചനോടൊപ്പം ഭരണങ്ങാനം അസ്സിസി ആശ്രമത്തിൽ വസിക്കുകയും അതിൽ മൂന്നു വർഷങ്ങൾ അദ്ദേഹത്തോടൊപ്പം ധ്യാനകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്യാനും ദൈവം എനിക്ക് ഭാഗ്യം തന്നു. അദ്ദേഹത്തെ പറ്റി എനിക്ക് പറയുവാനുള്ളത് , ഈശോ പറഞ്ഞ വാക്കുകളാണ് **ഇതാ കളങ്കമില്ലാത്ത ഒരു യഥാർത്ഥ ഇസ്രായേൽക്കാരൻ** നിഷ്കളങ്കനും, വിനീതനും, മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠരായ കണ്ട് ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നവൻ. ആഴമായ ദേവാശ്രയ ബോധവും പ്രാർത്ഥനാരൂപിയും ആയിരുന്നു അദ്ദേഹത്തിന്റെ ശക്തി സ്രോതസ്സ്. എപ്പോഴും പരിശുദ്ധാത്മാവിനോട് ആലോചന ചോദിച്ചിട്ട് എല്ലാം ചെയ്തിരുന്നു. സ്വന്തം പരിമിതികൾ ഒന്നും തന്നെ തളർത്താതെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ശുശ്രൂഷകൾ ചെയ്തിരുന്നു. ആത്മാവിന്റെ അഭിഷേകത്തോടു കൂടിയുള്ള വചന ശുശ്രൂഷ ശ്രോതാക്കളുടെ ഹൃദയങ്ങളെ സ്പർശിച്ചു. അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുള്ളവരൊക്കെ അദ്ദേഹത്തെ ഒരു വിശുദ്ധനായി കണ്ടു. അതുകൊണ്ടുതന്നെ അദ്ദേഹം മരിച്ചപ്പോൾ മുതൽ അനേകർ അദ്ദേഹത്തിന്റെ കബറിടത്തിൽ വന്ന പ്രാർത്ഥിക്കുകയും,അനേകർക്ക് ഒത്തിരി അനുഗ്രഹങ്ങൾ ലഭിക്കുകയും ചെയ്തതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ജൂലൈ 13ന് അഭിവന്ദ്യ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ ഏതാണ്ട് 4,000 ഓളം വിശ്വാസികളെ സാക്ഷ്യമാക്കി കൊണ്ട് അദ്ദേഹത്തെ ദൈവദാസൻ എന്ന് പ്രഖ്യാപിച്ചു. എന്നെങ്കിലും അദ്ദേഹത്തെ വിശുദ്ധ പദവിയിലേക്ക് ഉയർത്തും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.





# ആത്മാവിന്റെ വിലാപം



**റോയി പൂച്ചേരിൽ**
**ബഹ്റൈൻ**

പുതിയൊരു സൃഷ്ടിയായ് ജഗത്തെ ജയിക്കുവാൻ
ഉത്ഥിതനാഥാ ഉയിരേകൂ വീണ്ടും

ഏരിയുമീ ആഴിതൻ കനൽ തീരത്തുഴലുന്നു
തിരയുമീ നരകത്തിൻ മോക്ഷവാതിൽ

ആർത്തനാദങ്ങൾ തൻ അലയടി ദുസ്സഹം
ആർത്തിരമ്പുന്നിതാ ഗദ്ഗദങ്ങൾ

ജീവകാലം ചെയ്ത പാപത്തിൻ ശിക്ഷകൾ
ആവതില്ല ഭീതീതം, നിനവിനുമപ്പുറം

ദുഷ്ക്കർമ്മങ്ങൾ പ്രതിധ്വനിച്ചെത്തുന്നു
ദുർജ്ജന്മങ്ങൾ അട്ടഹാസം മുഴക്കുന്നു

പാപത്തിന്നടിമയായ് ജീവൻ വെടിഞ്ഞവർ
കോപത്തിന്നിരയാം ആത്മാക്കളനവധി

കൽപ്പനകൾ കേട്ടു ഞാൻ, പാലിച്ചില്ലൊന്നുമേ
ജല്പനങ്ങൾ മറയാക്കി ജീവനം നടിച്ചു

അയോഗ്യനായ് ഭക്ഷിച്ചു നിൻ, ദിവ്യമാം മേനിയെ
അവഗണിച്ചൊന്നായ് ദീനരാം സഹജരെ

കരച്ചിലും വിലാപവും അന്ന് ഞാൻ അറിഞ്ഞപോൽ
എരിഞ്ഞമരുന്നിതാ നരകത്തിൻ ചൂളയിൽ

പുനരുദ്ധരിക്കണേ പൂർണ്ണമായ് ഇനിയൊരു
പുനർജന്മമേകണേ നന്മനുജനാവാൻ

ശാന്തിതൻ തീരമണയാൻ വെമ്പുന്നു
ശുദ്ധീകരിക്കണേ വിലപിക്കുമാത്മത്തെ

ശോഭിതതിരുമുഖ ശാന്തി ദർശിക്കുവാൻ
മോഹിത സാഫല്യം അരുളണേ ദേവാ

അനുതപിക്കാൻ മറന്നോരീ പാപിയേ
ജനിപ്പിക്കൂ വീണ്ടും പുതിയൊരു സൃഷ്ടിയായ്

ജീവനാം സ്വർഗ്ഗം നേടിടാം താതനായ്
ജീവനേകുമോ നാഥാ, കാക്കുന്നു, നിൻ വിളി ?

www.malankaralibrary.com



ജെയ്മോൻ അയ്യനേത്ത്
സെന്റ് മേരീസ് മലങ്കര സുറിയാനി .
കത്തോലിക്കാ പള്ളി, അഞ്ചൽ



# നാം എന്തിന് വിശുദ്ധരോടും മാതാവിനോടും മധ്യസ്ഥം അപേക്ഷിക്കുന്നത് ?

നമ്മുടെ ആവശ്യഘട്ടങ്ങളിൽ നാമോരോരുത്തരും പരിശുദ്ധ മറിയത്തോടും വിശുദ്ധരോടും ഒക്കെ മാധ്യസ്ഥം യാചിക്കുന്നവരാണ് അതിനുള്ള കാരണം ചിലപ്പോൾ ബാല്യം മുതലേ ഞാൻ അങ്ങനെ ശീലിച്ചത് കൊണ്ടുമാവാം എന്നാൽ സഭാപ്രബോധനങ്ങൾ അനുസരിച്ച് നാം വിശുദ്ധരോട് മാധ്യസ്ഥം അപേക്ഷിക്കേണ്ട ആവശ്യകത ഇപ്രകാരമാണ്:

## 1) വിശുദ്ധരുടെ സഭ

വിശുദ്ധന്മാരുടെ സഭ ദൈവത്തിന്റെ നിത്യപാരമ്പര്യം ഉൾക്കൊള്ളുന്ന ഒന്നാണ്. ജീവിച്ചിരിക്കുന്ന വിശ്വാസികളും ദൈവസന്നിധിയിൽ ചെന്ന വിശുദ്ധരും ഒരേ ദൈവികകുടുംബത്തിൽ പങ്കാളികളാണ്. വിശുദ്ധന്മാർ, ദൈവത്തിന്റെ സന്നിധിയിൽ നിൽക്കുന്നവരെക്കാളും കൂടുതൽ അടുത്തുള്ളവർ ആകുന്നതുകൊണ്ട്, അവരുടെ മധ്യസ്ഥത ഉയർന്ന പ്രാധാന്യമാണ് കത്തോലിക്കാ സഭ നൽകുന്നത്.

## 2) ദൈവത്തിന്റെയും അടുക്കൽ ഇരിക്കുന്നവരുടെ ശക്തി

വിശുദ്ധന്മാർ ദൈവത്തിന്റെ സന്നിധിയിൽ അവർ തന്നേയുള്ളവർ, അവർക്കുള്ള പ്രാർത്ഥനകൾ ദൈവം പ്രത്യേക ശ്രദ്ധയോടെ ശ്രവിക്കുന്നു എന്ന് വിശ്വാസം. അതിനാൽ, നമ്മുടെ പ്രാർത്ഥനകൾ ദൈവത്തിന് മുന്നിൽ സമർപ്പിക്കാൻ വിശുദ്ധന്മാരെ മധ്യസ്ഥരാക്കുന്നത് കൂടുതൽ ഫലപ്രദം ആയിരിക്കും.

## 3) വിശുദ്ധന്മാരുടെ മാതൃക

വിശുദ്ധന്മാർ ജീവിതത്തിൽ ദൈവത്തിന്റെ സ്നേഹവും വിശ്വാസവും മികച്ച രീതിയിൽ പാലിച്ചവർ ആകുന്നു. അവരുടെ ജീവിതം ദൈവത്തിന്റെ അനുഗ്രഹത്തിന്റെയും കൃപയുടെയും ഉദാഹരണമാണ്. അവർ സ്വന്തം പാപങ്ങളെ ചെറുത്തു, ദൈവത്തിന് അനുയോജ്യമായ ജീവിതം നയിച്ചു. അതിനാൽ, അവർ നമ്മുടെ പ്രാർത്ഥനകളെ ദൈവത്തിന് മുന്നിൽ സമർപ്പിക്കാൻ കഴിവുള്ളവരാണെന്നും അവരുടെ മാതൃക നമ്മെ പ്രചോദിപ്പിക്കുമെന്നും വിശ്വാസം.

## 4) പരസ്പര പ്രാർത്ഥന

വിശ്വാസികൾക്ക് തമ്മിൽ പ്രാർത്ഥിക്കാനുള്ള ശക്തി ദൈവം നല്കിയ ഒരു അനുഗ്രഹമാണ്. വിശുദ്ധപൗലോസിന്റെ ലേഖനങ്ങളിൽ (എഫെസ്യർ 6:18) മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കാനുള്ള ആവശ്യകത അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.


അവനെപ്പോലെ, വിശുദ്ധന്മാരും ദൈവത്തിന്റെ സന്നിധിയിൽ നമ്മുടെ വേണ്ടി പ്രാർത്ഥിക്കുന്നു എന്നാണ് വിശ്വാസം.

## 5) ദൈവ കരുണയും ക്ഷമയും

വിശുദ്ധന്മാരുടെ മധ്യസ്ഥതയുടെ പ്രധാന ലക്ഷ്യം ദൈവിക കരുണയും ക്ഷമയും പ്രാപിക്കലാണ്. ദൈവത്തിന്റെ ദയയും പവിത്രതയും അനന്തമാണ്. വിശുദ്ധന്മാരുടെ പ്രാർത്ഥനകൾ നമ്മുടെ പ്രാർത്ഥനകൾക്കൊപ്പം ചേർന്ന് ദൈവത്തിന്റെ കരുണയെ പ്രാപിക്കാൻ സഹായിക്കുന്നു.

നമ്മുടെ മാധ്യസ്ഥ പ്രാർത്ഥനകൾ ഒരിക്കലും വിശുദ്ധരെ ആരാധിക്കുന്നതിന് തുല്യമല്ല പിന്നെയോ അവർ വഴി രക്ഷകനായ ക്രിസ്തുവിൻറെ കരുണയും കടാക്ഷവും നമ്മലേക്കും നമ്മുടെ കൂട്ടായ്മയിലേക്ക് എത്തുന്നതിനാണ് നാം മധ്യസ്ഥ പ്രാർത്ഥനകൾ നടത്താറ്......

www.malankaralibrary.com



www.malankaralibrary.com

legal




# NEW CRIMINAL LAWS IN INDIA



Adv Shini Mary Sanu
kerala high court
+91 86064 95264



രാജ്യത്തെ ക്രിമിനൽ നിയമങ്ങൾ (Criminal Laws) പൊളിച്ചെഴുതുന്ന ബില്ലുകൾ 01/07/2024 മുതൽ പ്രാബല്യത്തിൽ. 164 വർഷം പഴക്കമുള്ള ഇന്ത്യൻ ശിക്ഷാനിയമം അടക്കമുള്ള (ഐ.പി.സി.) മൂന്നു നിയമങ്ങൾ ഇതോടെ ചരിത്രമാകും. ഐപിസിയും (IPC) സിആർപിസിയും (CrPC) എടുത്തുമാറ്റി പകരം പുതിയ നിയമങ്ങൾ ആകും ഇനി ഭാരതീയ ന്യായ സൻഹിത, ഭാരതീയ നാഗ്രിക് സുരക്ഷാ സൻഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നിവയാണ് പുതിയ ക്രിമിനൽ നിയമങ്ങൾ. ഇവ കഴിഞ്ഞ ഡിസംബർ 21ന് പാർലമെന്റ് പാസാക്കിയിരുന്നു.

ഇന്ത്യൻ പീനൽ കോഡ്, കോഡ് ഓഫ് ക്രിമിനൽ പ്രൊസീജ്യർ, ഇന്ത്യൻ എവിഡൻസ് ആക്ട് എന്നീ നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള മൂന്ന് ബില്ലുകളാണ് അവതരിപ്പിച്ചിരിക്കുന്നത്. പുതിയ നിയമത്തിൽ ഐ.പി.സി ഇനി മുതൽ ഭാരതീയ ന്യായ സംഹിത, 2023 എന്ന പേരിൽ അറിയപ്പെടും. സി.ആർ.പി.സി ഇനി ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയും ഇന്ത്യൻ എവിഡൻസ് ആക്ട് ഭാരതീയ സാക്ഷ്യ അധിനിയവുമാകും.

1860ൽ തയാറാക്കിയതാണ് ഇന്ത്യൻ പീനൽ കോഡ് അഥവാ ഐപിസി. കോഡ് ഓഫ് ക്രിമിനൽ പ്രൊസിജ്യർ (CrPC) 1973ലുള്ളതാണ്. ഇന്ത്യൻ എവിഡൻസ് ആക്റ്റ് 1872ലും. ഇതിനു പകരം കൊണ്ടു വന്ന മൂന്ന് നിയമസംഹിതകൾ കഴിഞ്ഞ വർഷം പാർലമെന്റ് പാസാക്കിയിരുന്നു. രാഷ്ട്രപതി ഒപ്പുവെച്ചതോടെ ഇവ നിയമമായിരുന്നു. തീവ്രവാദം, ആൾക്കൂട്ടക്കൊല, ദേശീയ സുരക്ഷയെ അപകടപ്പെടുത്തുന്ന കുറ്റകൃത്യങ്ങൾ എന്നിവയ്ക്കുള്ള ശിക്ഷകൾ കൂടുതൽ കർശനമാക്കുന്നതാണ് പുതിയ നിയമങ്ങൾ.

www.malankaralibrary.com



# ANTIMICROBIAL RESISTANCE AND ANTIBIOTIC STEWARDSHIP



Dr Aniket Naha
Scientist, Medical Biotechnology and
Computational Drug Designing Laboratory,
Pushpagiri Research Centre,

Antimicrobial resistance (AMR) is a critical global health issue that threatens the effectiveness of antibiotics, antifungals, antivirals and antimalarials. One of the major causes being the indiscriminate and overuse of third line antibiotics or drug of last resort which bottlenecks the treatment regime. As pathogens evolve to resist treatments, the efficacy of these drugs diminishes, leading to longer illnesses, higher healthcare costs, and increased mortality. The adaptability of the bacterial pathogens occurs predominantly through multiple processes like efflux pumps, mutations in drug targets, production of antibiotic degrading enzymes (β-lactamases), changes in membrane permeability of porin channels.
Several global health organizations as well as governing bodies including the Food and Agriculture Organization of the United Nations (FAO) and the World Organization of Animal Health (OIE) have taken various measures to minimize the potential effects of AMR. In addition, WHO has established the Global Action Plan (GAP-AMR) for managing AMR and launched the Global Antimicrobial Resistance and Use Surveillance System (GLASS) to continuously close the existing knowledge gaps thereby achieving the goals of GAP-AMR programme.

Addressing AMR requires a holistic strategy, and the One Health approach, which integrates human, animal, and environmental health perspectives, is essential for a comprehensive response. According to the World Health Organization (WHO), at least 700,000 people die each year due to drug-resistant diseases. By 2050, this number could rise to 10 million deaths annually if no action is taken. The impact of AMR is so profound that it threatens to render common medical procedures, such as surgeries and chemotherapy, increasingly risky due to the potential for untreatable infections. The economic burden is also substantial, with increased healthcare costs stemming from longer hospital stays, more intensive care, and the need for more expensive medications. The economic cost of AMR could reach $100 trillion globally by 2050, with a significant impact on global GDP.

## The One Health Approach

The One Health approach recognizes the interconnectedness of human, animal, and environmental

health. By addressing AMR through this integrated perspective, it becomes possible to implement more effective and sustainable solutions.

* **Human Health:** In the medical sector, antibiotic stewardship programs (ASPs) are extremely vital as these programs aim to optimize antibiotic use by ensuring that patients receive the right antibiotic at the right dose for the right duration. This reduces unnecessary antibiotic use and helps prevent the development of resistance. Education and training for healthcare providers, as well as public awareness campaigns, are crucial for promoting judicial usage of antibiotic use which includes prescribing narrow spectrum antibiotics unless extreme critical condition is encountered.
* **Animal Health:** The use of antibiotics in animals is expected to increase by 67% by 2030 if no action is taken, further exacerbating the AMR problem. The agricultural and veterinary sectors also play a significant role in combating AMR. The use of antibiotics in livestock should be limited to therapeutic purposes, avoiding their use for growth promotion or disease prevention without veterinary oversight. Good animal husbandry practices, such as maintaining hygiene, proper nutrition and vaccination, can reduce the need for antibiotics. Proper action plans for veterinarians and farmers in accordance to national health policy would further ensure proper usage and administration of antibiotics.
* Environmental Health: The environment acts as a reservoir for resistant microorganisms and antibiotic residues. Waste from pharmaceutical manufacturing, healthcare facilities, and agricultural runoff can introduce antibiotics into natural ecosystems, promoting the development and spread of resistance. Effective waste management practices, such as proper disposal of unused medications and treatment of wastewater, are essential. Monitoring environmental contamination and regulating antibiotic discharge are also critical steps.

## Strategies for Antibiotic Stewardship

Combating AMR requires a multifaceted strategy that encompasses surveillance, regulation, research and education. Studies have shown that ASPs can reduce inappropriate antibiotic use by 30-50%, significantly decreasing the incidence of resistant infections. The Global Antimicrobial Resistance Surveillance System (GLASS) collects data from 66 countries, highlighting the widespread prevalence of AMR. Integrated surveillance systems can provide comprehensive data, helping to identify trends and guide interventions. This data is essential for informing policies and strategies to combat AMR. Regulatory agencies must collaborate internationally to harmonize standards and practices. The European Union banned the use of antibiotics as growth promoters in animal feed in 2006, leading to a significant reduction in antibiotic resistance in livestock.

The pharmaceutical industry is investing over $1 billion annually in research and development to combat AMR, yet only a few new antibiotics have been approved in the past decade. Investment in research is critical for developing new antibiotics, alternative treatments, and rapid diagnostic tools. Understanding the mechanisms of resistance and identifying novel targets for antimicrobial development are essential. Research should also focus on finding sustainable agricultural practices and new ways to reduce the environmental impact of antibiotics. Public awareness campaigns have successfully reduced antibiotic prescriptions by up to 20% in several countries, demonstrating the effectiveness of education in combating AMR. Raising awareness about AMR and the importance of antibiotic stewardship is fundamental. Educational campaigns targeting healthcare professionals, veterinarians, farmers, and the general public can promote responsible antibiotic use. Training programs and materials should emphasize the risks associated with inappropriate use and the benefits of adhering to stewardship principles.

Antibiotic stewardship and one health approach, as a core component of tackling AMR ensures the responsible use of antibiotics, preserving their effectiveness for future generations. Through vigilant surveillance, stringent regulation, dedicated research, and widespread education, we can mitigate the silent war of AMR and safeguard the efficacy of vital antimicrobial therapies.

www.malankaralibrary.com

# തനിയെ ഒരാൾ



ശ്രീ.മനോജ് എബ്രഹാം ചന്ദനപള്ളി

പത്തനംതിട്ട ജില്ലയിലെ ചന്ദനപ്പള്ളിയിൽ 1972 സെപ്റ്റംബർ 20–ന് ആണ് ശ്രീ മനോജ് എബ്രഹാമിന്റെ ജനനം. പാലവിളയിൽ കെ.റ്റി. എബ്രഹാം,കുഞ്ഞൂഞ്ഞമ്മ എബ്രഹാം എന്നിവരാണ് അദ്ദേഹത്തിന്റെ മാതാപിതാക്കൾ ചന്ദനപ്പള്ളി വിമലമാതാ ഇംഗ്ലീഷ് മീഡിയംസ്കൂൾ, വെള്ളപ്പാറ ഇംഗ്ലീഷ് മിഡിയഅസ്കൂൾ എന്നിവിടങ്ങളിൽ പ്രൈമറി സ്കൂൾ വിദ്യാഭ്യാസം നേടുകയും കൈപ്പട്ടൂർ സെന്റ് ജോർജ്ജ് മൗണ്ട് ഹൈസ്ക്കൂളിൽ, ഹൈസ്ക്കൂൾ വിദ്യാഭ്യാസം നേടുകയും ചെയ്തു.

സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദവും, ഇംഗ്ലീഷ്സാഹിത്യത്തിലും, മലയാളസാഹിത്യത്തിലും ബിരുദാനന്തര ബിരുദവും വിവിധ സർവ്വകലാശാലകളിൽ നിന്ന് നേടി. മദ്രാസ് സർവ്വകലാശാലയിൽ നിന്ന് പേഴ്സണൽ മാനേജ്മെന്റിൽ രണ്ടാം റാങ്കോടെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ നേടിയതിനുശേഷം ചെന്നൈയിൽ ലീലാകോട്ടിഷ് ലെയ്സ് ലിമിറ്റഡ് കമ്പനിയിൽ അസിസ്റ്റന്റ് പേഴ്സണൽ ഓഫീസർ ആയി പ്രവർത്തിക്കുകയും ചെയ്തു.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് ബാച്ചിലർ ഓഫ് എഡ്യൂക്കേഷൻ ഡിഗ്രിയ്ക്കുശേഷം, സീഡീസ് ഓറിയന്റൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലും, തിരുവനന്തപുരം നാലാഞ്ചിറ സർവ്വോദയവിദ്യാലയത്തിലും അധ്യാപകനായി സേവനം അനുഷ്ഠിച്ചു. ഇപ്പോൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പട്ടം സെന്റ് മേരീസ് ഹയർ സെക്കി സ്കൂളിൽ അധ്യാപകനാണ്. ചലച്ചിത്രരംഗത്ത് ഏഴോളം സിനിമകളിലും ഒരു മെഗാ സീരിയലിലും അസിസ്റ്റന്റ് ഡയറക്ടറായി പ്രവർത്തിച്ചു. ചന്ദനച്ചെപ്പ് എന്ന പേരിൽ ദൂരദർശനിലും, ചന്ദനജാലകം എന്ന പേരിൽ മനോരമ ചാനലിലും ശക്തിഭദ്രമഹാരാജാവിനെക്കുറിച്ച് ഡോക്യുമെന്ററി എഴുതി സംവിധാനം ചെയ്യുകയുണ്ടായി.

നിരവധി ക്രിസ്തീയ ഗാനങ്ങളുടെ രചയിതാവ് ആണ് ശ്രീ മനോജ് എബ്രഹാം ചന്ദനപള്ളി. റാന്നി പെരുന്നാട്ടിൽ നിന്നും ആരംഭിക്കുന്ന തീർത്ഥാടനപദയാത്രയിലെ ധന്യൻ മാർ ഈവാനിയോസ് പിതാവിനെക്കുറിച്ച് മലങ്കരയുടെ പരിശുദ്ധ പുണ്യപിതാവേ.... എന്ന ഗാനത്തിന്റെയും അനന്തപുരി പള്ളികൊള്ളും പുണ്യവാൻ തുണ ചെയ്യണേ ... എന്ന ഗാനത്തിന്റേയും, 2019–ൽ കേരള ഗവൺമെന്റ് തെരഞ്ഞെടുത്ത് ഉപയോഗിച്ച കേരളപ്പിറവി ഗാനത്തിന്റേയും രചയിതാവ് ആണ്. ഗാനരചനയ്ക്ക് ഇരിങ്ങാലക്കുട രൂപത ഏർപ്പെടുത്തിയ പോൾ ആളുക്കാരൻ സ്മാരക അവാർഡും കോട്ടപ്പുറം രൂപത ഏർപ്പെടുത്തിയ ഫാ.ജേക്കബ് കല്ലറയ്ക്കൽ സ്മരക അവാർഡും ലഭിക്കുകയുണ്ടായി. ആനുകാലികങ്ങളിൽ സ്ഥിരമായി എഴുതുന്നു.

ചങ്ങനാശ്ശേരി തൃക്കൊടിത്താനം ഇയ്യാംവേലിൽ പരേതനായ ബോബി അലക്സിന്റെയും ലീലാമ്മയുടേയും മകൾ ബോബിനാ ബോബിയാണ് സഹധർമ്മിണി. ആൻമരിയ മനോജ്, ഇവാ മരിയ മനോജ്, ഇസാൻ ജിയോ മനോജ് എന്നിവരാണ് മക്കൾ.

ശ്രീ വിനോദ് എബ്രഹാം ,ഫാ. തോമസ് പ്രമോദ് പാലവിളയിൽ ഒ.ഐ.സി എന്നിവർ ആണ് സഹോദരങ്ങൾ

പുനരൈക്യം നിഴലും നിലാവും, കുതിരത്തമ്പുരാൻ , അനുഗ്രഹത്തിന്റെ ആയിരം വാഗ്ദത്ത വചനങ്ങൾ, ദൈവത്തിനുള്ള സമ്മാനം എന്നിവയാണ് ശ്രീ മനോജ് എബ്രഹാം രചിച്ചിട്ടുള്ള കൃതികൾ. സാമൂഹിക – സാംസ്കാരിക മേഖലകളിൽ ഉയർന്നു നിന്നുകൊണ്ടു മലങ്കര സഭക്ക് എന്നും അഭിമാനമായി നിൽക്കുന്ന ശ്രീ മനോജ് എബ്രഹാം ചന്ദനപള്ളിയുടെ ജീവിതം ഏവർക്കും മാതൃക ആണ്.



ബിജു ചന്ദനപ്പള്ളി

www.malankaralibrary.com

# മാലാഖമാർക്ക് കെണിയൊരുക്കുന്നവർ

(അവസാന ഭാഗം)




**ജോബി ബേബി**
രെജിസ്റ്റേർഡ് നഴ്സ്കെ ഒ സി ഹോസ്പിറ്റൽ,
കുവൈത്ത് മിനിസ്ട്രി ഓഫ് ഹെൽത്ത്
(Email- jobybaby1989@gmail.com )




(Brief summary)


വിദേശ രാജ്യങ്ങളിൽ മെച്ചപ്പെട്ടൊരു തൊഴിൽ നേടി ജീവിതം കരയ്ക്കടുപ്പിക്കുന്നതും സ്വപ്നം കണ്ട് ജീവിക്കുന്ന നിരവധിയാളുകൾ നമുക്കിടയിലുണ്ട്. കഴിഞ്ഞ കുറച്ച് നാളുകൾക്കുള്ളിൽ തന്നെ വിദേശങ്ങളിൽ ജോലിക്കായും, പഠനത്തിനായും ചേക്കേറിയ ലക്ഷക്കണക്കിന് മലയാളികൾ ഉണ്ടെന്നാണ് സർക്കാർ കണക്കുകൾ വ്യക്തമാക്കുന്നത്. ഉയർന്ന ശമ്പളമുള്ള ജോലിയും, മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളുമാണ് പലരെയും വിമാനം കയറാൻ പ്രേരിപ്പിക്കുന്ന പ്രധാന ഘടകം. അക്കൂട്ടത്തിൽ ജോലി തേടി വിദേശ രാജ്യങ്ങളിലേക്ക് നാടും വീടും എല്ലാം വിട്ട് വരുന്നവരിൽ കൂടുതലും പ്രവാസി നഴ്സുമാരാണ്. അവരിൽ പലരും ഇന്നു നിരവധി പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് തൊഴിൽ തട്ടിപ്പിനിരയാകുന്നവർ. വിദേശത്തേക്ക് ജോലിക്കായി നഴ്സുമാരെ ആവശ്യമുണ്ടെന്ന് കാണിച്ചാണ് പലരും തട്ടിപ്പ് നടത്തുന്നത്. പ്രധാനമായും ഗവണ്മെന്റ്,സ്വകാര്യ ആശുപത്രികളുടെ പേരിലാണ് ഈ തട്ടിപ്പ് നടക്കുന്നത്. ഇത്തരത്തിൽ തട്ടിപ്പിനിരയായി പണം നഷ്ടപ്പെട്ട ആയിരത്തോളം ആരോഗ്യപ്രവർത്തകരുടെ കഥയാണ് ഓരോ ദിവസവും പുതുതായി പുറത്ത് വന്ന് കൊണ്ടിരിക്കുന്നത്. അത്തരത്തിലുള്ള തട്ടിപ്പുകളുടെ വിവരങ്ങളും അതിനെ തടയാനുമുള്ള മാർഗ്ഗങ്ങളുമാണ് ഈ ലേഖനത്തിൽ.

www.malankaralibrary.com

## മികച്ച ശമ്പളം വാഗ്ദാനം

അഭിമുഖത്തിന് ഉദ്യോഗാർഥികളായ നഴ്സുമാരെ വിളിക്കും. വളരെ മികച്ച ശമ്പളം ആണ് ഇവർക്ക് വാഗ്ദാനം ചെയ്യുക. ഉദ്യോഗാർഥിയെ നിയമിക്കുന്നതോടെ വിസ എടുക്കാൻ വേണ്ടി പാസ്പോർട്ട് വാങ്ങിവെക്കും. ഓഫർ ലെറ്റർ നൽകി ജോലിക്കായി ഉദ്യോഗാർഥികളെ കൊണ്ടുവരും. പ്രൊബേഷൻ പിരീഡ് എന്ന പേരിൽ തുച്ഛമായ ശമ്പളം നൽകി ഇവരെ കൊണ്ട് ജോലി ചെയ്യിക്കും. മൂന്ന് മാസം കഴിഞ്ഞിട്ടും മുഴുവൻ ശമ്പളവും നൽകാതെ ഇവരെ പിടിച്ചുവെക്കും. എതിർത്ത് സംസാരിക്കുന്നവരെ ഭീഷണിപ്പെടുത്തും. പാസ്പോർട്ട് മടക്കി നൽകാതെ പല തരത്തിലുള്ള അതിക്രമങ്ങൾ ഇവർ നടത്തും. പിന്നീട് ശമ്പളം ഇല്ലാതെ ജോലി ചെയ്യേണ്ടെന്ന് തീരുമാനിച്ച് സ്ഥാപനത്തിൽ നിന്ന് മാറാൻ തീരുമാനിച്ചാൽ അതിന് സാധിക്കില്ല. അങ്ങനെയുള്ളവരോട് നഷ്ടപരിഹാരം ആവശ്യപ്പെടും. വലിയ തുകയാണ് ഇവരോട് നഷ്ടപരിഹാരമായി ആവശ്യപ്പെടുന്നത്. എന്നാൽ പലരും ബാക്കിയുള്ള ശമ്പളം വേണ്ടെന്ന് വെച്ച് പോകും. അപ്പോൾ എങ്ങനെയെങ്കിലും രക്ഷപ്പെട്ടാൽ മതി എന്ന ചിന്തമാത്രമാണ് ഉണ്ടാകുക. ഇങ്ങനെ പോയ ആളുകളുടെ വേക്കൻസിയിൽ പുതിയ ആളുകളെ നിയമിക്കും. മൂന്നോ നാലോ മാസം ഓരോ ഉദ്യോഗാർഥിയെയും പരമാവധി ചൂഷണം ചെയ്യും. സ്ഥാപനത്തിലെ എല്ലാ ജോലികളും ഇവരെ കൊണ്ട് ചെയ്യിപ്പിക്കും.

## വല വിരിക്കാൻ ജോബ് പോർട്ടലുകൾ

പല വിദേശ രാജ്യങ്ങളിലേക്കും ജോലി വാഗ്ദാനം ചെയ്താണ് പലരിൽ നിന്നും ഇത്തരക്കാർ പണം കൈവശപ്പെടുത്തുന്നത്. പ്രമുഖ ജോബ് പോർട്ടലുകൾ മുഖേന പരസ്യം നൽകുന്നതിലൂടെ വിശ്വാസ്യത നേടുകയാണ് ഇത്തരത്തിലുള്ള സംഘം ആദ്യം ചെയ്യുന്നത്. പരസ്യം കണ്ട് വിളിക്കുന്നവരോട് വലിയ വാഗ്ദാനങ്ങൾ നൽകും. പന്നീട് ഈ നമ്പറുകളിൽ നിരന്തരം ബന്ധപ്പെട്ട് അവരുടെ ഓഫീസുകളിൽ സർട്ടിഫിക്കറ്റുകളുമായി എത്താൻ ആവശ്യപ്പെടും. സർട്ടിഫിക്കറ്റുകൾ കൊണ്ടുവരുന്ന വേളയിൽ ഓരോരുത്തരിൽ നിന്നും വലിയ പ്രതിഫലം ആവശ്യപ്പെടുകയും കൈപ്പറ്റുകയും ചെയ്യും. വലിയ ഓഫീസ് സൗകര്യവും മറ്റും കാണുമ്പോൾ ഉദ്യോഗാർഥികൾക്ക് വിശ്വാസ്യത വർധിക്കും. ഇത്തരം ഓഫീസുകൾ തട്ടിപ്പുകാർ നിശ്ചിത കാലത്തേക്ക് വാടകയ്ക്ക് എടുക്കുന്നതായിരിക്കും. പണം കൈപ്പറ്റിയ ശേഷം വിളിച്ചാൽ ഫോൺ കിട്ടില്ല. ഇതോടെയാണ് പറ്റിക്കപ്പെട്ടു എന്ന് ബോധ്യമാകുക. രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നുള്ളവരും ഇത്തരത്തിലുള്ള ജോലി തട്ടിപ്പിന് ഇരയായിട്ടുണ്ട്.

## വ്യാജ പരസ്യങ്ങൾ ശ്രദ്ധിക്കണം

വ്യാജ റിക്രൂട്ട്മെന്റ് സന്ദേശങ്ങളയച്ച് പലരും നഴ്സിംഗ് ഉദ്യാഗാർഥികളിൽ നിന്ന് പണം തട്ടുന്നുണ്ട്. നഴ്സിംഗ് ജോലികളുമായി പ്രചാരത്തിലുള്ള വാട്സാപ്പ് ഗ്രൂപ്പുകളെ ദുരുപയോഗം ചെയ്താണ് ഇത്തരത്തിലുള്ള തട്ടിപ്പ് നടത്തുന്നത്. സന്ദേശങ്ങളിൽ നൽകിയിരിക്കുന്ന ബന്ധപ്പെടാനുള്ള നമ്പറുകളിൽ പലതും തട്ടുപ്പുകാരുടേത് ആയിരിക്കും. കുറച്ചു പേർക്ക് ജോലി കിട്ടുന്ന കാര്യം അല്ലേ, എന്ന് കരുതിയാണ് പല വാട്സാപ്പ് ഗ്രൂപ്പ് അഡ്മിനുകളും ഇത്തരത്തിലുള്ള പരസ്യങ്ങൾ ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നത്. നിരവധി പേർക്ക് ഇത്തരത്തിൽ ജോലിലഭിച്ചിട്ടുള്ള അനുഭവം പലർക്കും ഉണ്ട്. ഈ കാര്യം മുൻനിർത്തിയാണ് പലരും ഗ്രൂപ്പിൽ പോസ്റ്റുകൾ ഇടുന്നത്. വിദേശ സാധ്യതകൾ വ്യാപകമായതോടെ വിദേശത്ത് ജോലി വാഗ്ദാനം ചെയ്ത് പണം തട്ടുന്ന തട്ടിപ്പ് സംഘങ്ങളും നമുക്കിടയിൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ജോലി വാഗ്ദാനം ചെയ്യുന്ന കമ്പനികൾ നിയപരമായി പ്രവർത്തിക്കുന്നതാണോ എന്നറിയാൻ എളുപ്പവഴികളുണ്ടെങ്കിലും അതൊന്നും നോക്കാതെ പരസ്യം കണ്ട് ഇറങ്ങിത്തിരിക്കുന്നവർക്കാണ് പണി കിട്ടുന്നത്.

## നാട്ടിൽ നിന്നും പണം വാങ്ങി മുങ്ങുന്നവർ നിരവധി

നാട്ടിൽ നിന്നും വിദേശ ജോലിക്ക് വേണ്ടി പണം വാങ്ങി നഴ്സിംഗ് ഉദ്യാഗാർഥികളെ പറ്റിക്കുന്ന സംഘങ്ങളെ പറ്റി നിരവധി പരാതികൾ ആണ് ദിനംപ്രതി ഉയർന്നു വരുന്നത്. പലരും വലിയ തുക ഉദ്യോഗാർഥികളിൽ നിന്നും വാങ്ങിയാണ് ജോലി തരപ്പെടുത്തി തരാം എന്ന് പറയുന്നത്. സാമൂഹിക മാധ്യമങ്ങൾ വഴിയാണ് ഇത്തരത്തിലുള്ള തട്ടിപ്പുകൾ നടക്കുന്നത്. വിദേശ ജോലി വാഗ്ദാനം ചെയ്ത് പണം തട്ടുകയാണ് ഇവരുടെ ലക്ഷ്യം. നിരവധി ഉദ്യാഗാർഥികൾ ഇത്തരത്തിൽ പറ്റിക്കപ്പെട്ടിട്ടുണ്ട്. ഉയർന്ന ശമ്പളം, എന്ന തലക്കെട്ട് നൽകിയാണ് വാട്സാപ്പ് ഗ്രൂപ്പുകളിൽ ജോലി ഒഴിവുകളുടെ പരസ്യങ്ങൾ വരുന്നത്. ജോലിക്കായി ഇവരെ സമീപിച്ചാൽ സർവീസ് ചാർജ് എന്ന രീതിയിൽ കുറച്ചു പണം വേണം എന്ന് ആവശ്യപ്പെടും. എല്ലാ വാട്സാപ്പ് ജോലി പരസ്യങ്ങൾ ഇത്തരത്തിൽ തട്ടിപ്പാണ് എന്നല്ല, ഇതിൽ ചിലത് തട്ടിപ്പ് സംഘം കൈകര്യം ചെയ്യുന്നവയാണ്. എല്ലാംവരും ജാഗ്രത പാലിക്കണം എന്നാണ് ഈ രംഗത്തെ വിദഗ്ദർ അഭിപ്രായപ്പെടുന്നത്.

## തട്ടിപ്പ് സംഘങ്ങളെ കരുതിയിരിക്കുക

വിദേശ തട്ടിപ്പ് സംഘങ്ങൾ രാജ്യത്ത് വ്യാപകമായതോടെ ജാഗ്രത പാലിക്കണമെന്നാണ് സർക്കാർ വൃത്തങ്ങൾ നൽകുന്ന മുന്നറിയിപ്പ്. പൂർണ്ണമായും വിശ്വാസ യോഗ്യമായ സംവിധാനങ്ങളിലൂടെ മാത്രമേ ജോലിക്കായി അപേക്ഷ സമർപ്പിക്കാൻ പാടുള്ളൂ. അതിൽ തന്നെ

www.malankaralibrary.com

സർക്കാരിന് കീഴിലുള്ള സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതാണ് അഭികാമ്യം.

### തട്ടിപ്പുകൾ തടയാൻ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ഇവയാണ്:

1. ജോലി സ്ഥാപനത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ആദ്യമായി സംഭാഷണം നടത്തി വളരെ പെട്ടെന്ന് തന്നെ നിങ്ങൾക്ക് അപ്പോയിൻമെന്റ് ലെറ്റർ വരികയാണെങ്കിൽ അതൊരു ജോലി തട്ടിപ്പിന്റെ സൂചനയാണ്.

2. ഓഫർ ലെറ്ററിലോ അല്ലെങ്കിൽ നിങ്ങളെ ജോലിക്ക് എടുത്ത് കൊണ്ടുള്ള അറിയിപ്പിലോ ജോലിയുമായി ബന്ധപ്പെട്ട വ്യക്തമായ വിവരങ്ങൾ ഇല്ലാത്തത് മറ്റൊരു സൂചനയാണ്. വ്യക്തമായി മനസ്സിലാവാത്ത തരത്തിലുള്ള ഒരു ജോലിയാണ് ഓഫർ ലെറ്ററിൽ പറയുന്നതെങ്കിൽ സൂക്ഷിക്കുന്നത് നല്ലതാണ്.

3. നിങ്ങൾക്ക് വന്നിരിക്കുന്ന ഇ-മെയിലിലെ ഭാഷ ശ്രദ്ധിക്കുക. അതിൽ അപാകതകൾ തോന്നുന്നുവെങ്കിൽ ജോലി വാഗ്ദാനം വ്യാജമാണെന്ന് ഉറപ്പിക്കാവുന്നതാണ്.

4. ജോലി ഓഫർ ചെയ്യുന്നതിനോടൊപ്പം നിങ്ങളോട് അങ്ങോട്ട് പണം നൽകാൻ ആവശ്യപ്പെടുന്നുണ്ടെങ്കിൽ വഞ്ചിക്കപ്പെടാനുള്ള സാധ്യത കൂടുതലാണെന്ന് മനസ്സിലാക്കുക.

5. ജോലിക്കായുള്ള അഭിമുഖത്തിനിടയിൽ നിങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ ചോദിക്കുന്നുണ്ടെങ്കിൽ വളരെയധികം സൂക്ഷിക്കുക. അത്തരം വിവരങ്ങൾ പങ്കുവെക്കാതിരിക്കുന്നതാണ് എപ്പോഴും നല്ലത്.

ഇവയെല്ലാം ശ്രദ്ധിച്ചാൽ പോലും കെണിയിൽ വീഴാനുള്ള സാധ്യതകളുണ്ടെന്നാണ് സർക്കാർ വ്യക്തമാക്കുന്നത്. ജോലി വാഗ്ദാനങ്ങളുടെ കാര്യത്തിൽ പരമാവധി ജാഗ്രത പുലർത്തുക എന്നതാണ് പ്രധാനപ്പെട്ട കാര്യം. ഏതെങ്കിലും തരത്തിൽ തട്ടിപ്പിന്ഇരയായെങ്കിൽ നിങ്ങൾക്ക് cybercrime.gov.in എന്ന് വെബ്സൈറ്റ് വഴി പരാതി രജിസ്റ്റർ ചെയ്യാവുന്നതാണ്. പല തരം തന്ത്രങ്ങളിലൂടെയാണ് ജോലി തട്ടിപ്പുകൾ നടക്കുന്നത്.

മണിവിളക്ക്

WhatsApp group

https://chat.whatsapp.com/FtE0473QF0eHCGvPPni3qO

Scan or upload this QR code using the WhatsApp camera to join this group

**മണിവിളക്കിന്റെ വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ ജോയിൻ ചെയ്യാൻ മുകളിൽ കാണുന്ന ലിങ്കിലോ QR കോഡ് പ്രയോജനപ്പെടുത്തുക .**




Fr. Martin Joseph Puthenveedu
(1980-2024)

www.malankaralibrary.com



# ആത്മീയതയുടെ മറവിലെ തട്ടിപ്പ്



**അഭിലാഷ് ലാസർ ജോർജ് തേരകത്ത്**
Human Rights Council Of India
**പ്രസിഡൻറ്, പത്തനംതിട്ട**

ആ ദിവസം അവിടെ എത്തിയത് അനേകായിരം സ്ത്രീകളും പുരുഷന്മാരും ആയിരുന്നു. അവരുടെ വിശ്വസ്തതയുള്ള ദൈവത്തെ ഒന്ന് കാണാൻ, ഒരുപാടുണ്ടായിരുന്നു ആ പാവങ്ങൾക്ക് പറയാൻ. ദൈവത്തെ പോലെ കാണുന്ന മനുഷ്യൻ, അല്ല ദൈവം തന്നെയാണ് അദ്ദേഹത്തിന്റെ പാദസ്പർശമേറ്റ ഭൂമിയെ ഒന്ന് ചുംബിക്കാൻ. എന്നാൽ ആ പാവപ്പെട്ട ജനതയ്ക്ക് അറിയുകയില്ലായിരുന്നു അവർ കബളിപ്പിക്കപ്പെടുകയായിരുന്നുവെന്ന്. ഒരുകൂട്ടം സ്ത്രീകളുടെ മരണത്തിന് കാരണക്കാരനായ ഭോലെ ബാബ എന്ന സ്വയം പ്രഖ്യാപിത ആൾദൈവത്തെ.

ഭോലെ ബാബ ഒരു ഉദാഹരണം മാത്രമാണ്. ഇന്ന് ഇന്ത്യയിൽ അനേകായിരം സ്വയം പ്രഖ്യാപിത ആൾദൈവങ്ങൾ ജീവിച്ചിരിപ്പുണ്ട്. സാമ്പത്തികമായി മുൻപന്തിയിൽ നിൽക്കുന്നവരാണ് പകുതിയിൽ ഏറെയും. രാജ്യം കുറ്റവാളിയെന്ന് പരസ്യമായി പ്രഖ്യാപിച്ചവർ പോലും ഇന്ന് ആത്മീയ ദേവന്മാരായി വേഷം കെട്ടുന്നു. എന്നിരുന്നാലും ഇവർക്കെല്ലാം അനുയായികൾ കൂടുന്നതല്ലാതെ കുറയുന്നില്ല.

സാമ്പത്തികമായി പിന്നോക്കമുള്ള ആളുകളാണ് ഏറെയും ഇവരുടെ കുട്ടത്തിൽ. എങ്ങനെയാണ് ഇതിനെ നിയന്ത്രിക്കാൻ പറ്റുന്നത്? നമ്മുടെ രാജ്യത്ത് പൊതുവേ ഇങ്ങനെയുള്ള ആൾദൈവങ്ങളെ നിയന്ത്രിക്കാൻ ഒരു പ്രത്യേക നിയമം ഇല്ല എന്ന് വേണം പറയാൻ. അതുകൊണ്ടു തന്നെയാണ് ഇന്ത്യയിൽ ഇത്രയധികം ആൾദൈവങ്ങൾ പ്രത്യക്ഷപ്പെടുന്നത്. ഇന്ത്യയിൽ അന്ധവിശ്വാസ ജീവിതം ഒരു കച്ചവടവുമായി മാറിയിരിക്കുന്നതും. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വ്യാജ ആൾദൈവങ്ങൾക്കെതിരെ നടപടി എടുക്കുന്നില്ലെന്നും പലപ്പോഴും അനധികൃത സ്ഥലങ്ങളിൽ നിന്ന് ഇത്തരം അനധികൃത ആശ്രമങ്ങൾ പ്രവർത്തിക്കാൻ അനുവദിക്കുകയാണെന്നുമാണ് പൊതുവേ മനസ്സിലാക്കാൻ കഴിയുന്നത്. വ്യാജ ആൾദൈവങ്ങളും അവരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങളും യഥാർത്ഥ ആത്മീയ നേതാക്കളുടെ പ്രവർത്തനങ്ങളെ പോലും ചോദ്യം ചെയ്യപെടുന്ന വിധം ആകുന്നു, വ്യാജ മത ഗുരുക്കന്മാരെ നേരിടാൻ നടപടികൾ നിർദ്ദേശിക്കാൻ കേന്ദ്ര സർക്കാരിനോട് സുപ്രീം കോടതി നിർദ്ദേശിച്ചിരുന്നു. തട്ടിപ്പ് മുതൽ ബലാത്സംഗം, കൊലപാതകം വരെ, സ്വയം നിയമിതരായ ഈ ആത്മീയ ഗുരുക്കന്മാർ പ്രതികൾ ആകുന്നു എന്നത് മറ്റൊരു പ്രത്യേകതയാണ്. ആശങ്കകളും അപകടങ്ങളും നിലനിൽക്കുമ്പോഴും. 2025 –ജനുവരിയിൽ ഇന്ത്യയിലും വിദേശത്തുനിന്നും 40 കോടിയിലധികം വിശ്വാസികളെ ആകർഷിക്കുന്ന തരത്തിൽ ഒരു മഹാ കുംഭമേള ഇന്ത്യയിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്നു. ഇതിനെ അനുകൂലിച്ചും പ്രതികരിച്ചും നിരവധി വാദങ്ങൾ നടന്നുകൊിരിക്കുന്നു. ആൾദൈവങ്ങളിൽ നിന്നും അകൽച്ച പാലിക്കേണ്ടത് ജനങ്ങളാണ്. 121 പേരുടെ മരണത്തിനിടയാക്കിയ ഹത്രാസ് പോലുള്ള സംഭവങ്ങൾ ഇനിയുമുാകാതിരിക്കട്ടെ. ജാഗരൂകരാകാം.

www.malankaralibrary.com





നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിന്റെ യോഗം ചേർന്നപ്പോൾ



എം.സി.വൈ.എം പുല്ലാട് യുണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയ IVANIAN SYMPHONY A 1st റണ്ണർ അപ്പ് ആയ വാളക്കുഴി ഇടവക. ഇടവക അംഗമായ അനീഷ് മേപ്രത്ത് തന്റെ സ്വന്തം രചനയിൽ രചിച്ച് ഈണം നൽകിയ



ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ 71മത് അനുസ്മരണം, 2024 ജൂലൈ 26 ആം തീയതി വെള്ളിയാഴ്ച ധന്യതയിൽ എന്ന പേരിൽ ബഹ്റൈൻ ങഇഥങ ന്റെ നേതൃത്വത്തിൽ ബഹ്റൈൻ മലങ്കര സമൂഹം ആചരിച്ചു.

www.malankaralibrary.com





പ്രധാനമന്ത്രിയുമായി ഭാരത കത്തോലിക്ക മെത്രാൻ സമിതി പ്രതിനിധിസംഘം കൂടിക്കാഴ്ച നടത്തി. പ്രസിഡന്റ് ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിനു പുറമെ വൈസ് പ്രസിഡന്റും ബത്തേരി ബിഷപ്പുമായ ആബൂൻ ജോസഫ് മോർ തോമസ്, സെക്രട്ടറി ജനറലും ഡൽഹി ആർച്ച് ബിഷപ്പുമായ ഡോ. അനിൽ കൂട്ടോ, ഡെപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഡോ. മാത്യു കോയിക്കൽ എന്നിവരും സിബിസിഐ സംഘത്തിലുായിരുന്നു. ഇന്നലെ വൈകുന്നേരം പ്രധാനമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ച 45 മിനിറ്റോളം നീു. കേന്ദ്ര സഹമന്ത്രിയും തൃശൂർ എംപിയുമായ സുരേഷ് ഗോപിയും കൂടിക്കാഴ്ചയിൽ ഒപ്പമുായിരുന്നു.




1930 ൽ മോർ ഈവാനിയോസ്‌വലിയ പിതാവ് 34 പേർക്ക് മാമോദീസ നൽകി ആരംഭിച്ച പുല്ലാട് സെന്റ് ആന്റണിസ് പള്ളിയിൽ മാർ ഈവാനിയോസ് തിരുമേനിയുടെ കബറിങ്കലേക്കുള്ള തിരുവല്ല അതിഭദ്രാസനത്തിന്റെ പദയാത്ര രണ്ടാം ദിവസം ആരംഭിച്ചപ്പോൾ പെന്തക്കോസ്റ്റ് സഭയിൽ നിന്ന് വന്ന രണ്ട കുടുംബങ്ങളെ പരിശുദ്ധ കത്തോലിക്ക സഭയിലേക്ക് അതിഭദ്രാസനാധിപൻ ആർച്ച്ബിഷപ്പ് ആബൂൻ തോമസ് മോർ കൂറിലോസ് മെത്രാപ്പോലീത്താ സ്വീകരിച്ചു. ഇടവക വികാരി ബഹു. ഫാ. ജോൺസൺ ചിറയിൽ സമീപം

www.malankaralibrary.com

# ആശംസകൾ



മുവാറ്റുപുഴ ഭദ്രാസനത്തിന്റെ ചാൻസലർ ആയി ബഹു. ഫാ. അനൂപ് പന്തീരായിത്തടത്തിൽ നിയമിതനായി.




കല്ലൂപ്പാറ കോട്ടൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ആർച്ച്ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷന്റെ 'ആർച്ച് ബിഷപ് പുരസ്കാരം' (50,000 രൂപ)ഫാ. ജോർജ് ജോഷ്വ കന്നീലേത്തിന്.

# ആദരാഞ്ജലികൾ




**JAYDEN ABRAHAM ANOOP (4)**
VALIYAPARAMBIL



**FR. DR. T J JOSHUA**

# ആദരാഞ്ജലികൾ

www.malankaralibrary.com




# കമ്പ്യൂട്ടറുകളുടെ മരണം കണ്ട് സ്ഥബ്ധരായി ലോകം?

TECHNOLOGY



റ്റോജോ പി തോമസ്
സൈബർ ഫോറൻസിക് ആൻ സെക്യൂരിറ്റി എക്സ്പേർട്ട് & ഇൻവെസ്റ്റിഗേറ്റർ

പോയ വാരം കമ്പ്യൂട്ടറുകളുടെ മരണം കണ്ട് സ്ഥബ്ധരായി ലോകം, മുന്നോട്ട് നേരിടേിവരുന്നത് എന്തായിരിക്കും എന്ന് ആശങ്കയും?.

ഹാക്കർമാർ അമ്മാനമാടുന്ന ഒരു ലോകം അഥവാ ആഗോള സൈബർ ആക്രമണം തന്നെയാണ് വരും മാസങ്ങൾക്കകം ഇത്തരം ഒരു ആക്രമണം ഉണ്ടാകും എന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നതും ആധികാരിക രേഖകൾ സൂചിപ്പിക്കുന്നതും. ഇന്ന്, ആഗോള അരാജകത്വത്തിന് കാരണമായ, എക്കാലത്തെയും ഗുരുതരമായ ഐ ടി തകർച്ചയ്ക്ക് ലോകം സാക്ഷ്യം വഹിച്ചു.

ആകാശവും ഭൂമിയും ഒരുപോലെ സ്തംഭിക്കും, ആകാശത്തിലൂടെ പറക്കുന്ന വിമാനങ്ങൾ ദിശ അറിയാതെ നിലകൊള്ളും, മെട്രോ റെയിൽ നിലയ്ക്കും, ബാങ്ക് സർവറുകൾ പണിമുടക്കും, ഡാറ്റാ സെന്ററുകൾക്ക് ഭ്രാന്താകും, ഓഹരി വിപണികൾക്ക് ചരമ ഗീതം പാടും, ഫാക്ടറികൾ നിലയ്ക്കും, ടെക് ലോകം ഭയപ്പെടുന്ന ഗ്ലോബൽ അറ്റാക്കിന് ഇമ്പാക്ട് വളരെ വലുതായിരിക്കും നിമിഷം നേരം കൊണ്ട് ലോകക്രമം അട്ടിമറിക്കപ്പെടും, സാമ്പത്തിക രംഗം തകർന്ന് തരിപ്പണമാവുകയും ടെലികോം സേവനങ്ങൾ തടസ്സം നേരിടും എന്നതും വിദൂരമല്ല, ഇതെല്ലാം ഒരു മുന്നറിയിപ്പാണ്.

ഇതെല്ലാം മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് വിൻഡോസിന്റെ സുരക്ഷ ഒരുക്കുന്ന കരാർ ഏജൻസിയുടെ ശ്രമമാണ് കഴിഞ്ഞ ആഴ്ചയിലെ വിൻഡോസ് നിലയ്ക്കാൻ ഇടയാക്കിയത്. നിമിഷ നേരം കൊണ്ട് വരുത്തിവെച്ചത് വൻ നഷ്ടം തന്നെയാണ്, മാത്രമല്ല അറ്റാക്കർമാർക്ക് തുറന്നുകൊടുക്കുന്ന ഒരു വാതായനം പോലെയായി ഈ പഴുതടക്കൽ, റിവേഴ്സ് എൻജിനീയറിംങ്ങിലൂടെ ഇത്തരം സുരക്ഷാ വീഴ്ച പഠിക്കുന്നതിനും ഇതിലും അറ്റാക്കുകകൾ നടത്താൻ ഹാക്കർമാർ കൂടുതൽ പ്രാപ്തരാകും എന്നത് വളരെ ആശങ്ക ഉണ്ടാക്കുന്നുണ്ട്. ക്രൗഡ് സ്ട്രൈക്ക് എന്ന അപ്ഡേഷൻ പിഴവിൽ ലോകത്തിന്റെ പലയിടങ്ങളിലും കമ്പ്യൂട്ടറുകൾ നിലച്ചപ്പോൾ ശരിക്കും ഞെട്ടിത്തരിച്ചിരിക്കുകയാണ് ലോകം. ബ്ലൂ സ്ക്രീൻ

www.malankaralibrary.com

ഓഫ് ഡെത്ത് എന്ന പ്രതിഭാസം സൃഷ്ടിച്ചത് ഇനി വരും നാളുകളിൽ എന്തും പ്രതീക്ഷിച്ചിരിക്കണം എന്ന് തന്നെയാണ് സൂചിപ്പിക്കുന്നത്.

**മരണത്തിന്റെ നീല സ്ക്രീൻ (BSOD) എന്താണ്?**

ഡ്രൈവർ സോഫ്റ്റ്‌വയർ അല്ലെങ്കിൽ ഹാർഡ്‌വെയർ പ്രശ്നങ്ങൾ മൂലമാണ് BSOD-കൾ ഉണ്ടാകുന്നത്. ഒരു ആപ്ലിക്കേഷൻ ക്രാഷിനുപകരം വിൻഡോസ് ഡ്രൈവറുകളിലോ ഹാർഡ്‌വെയറുകളിലോ ഉള്ള പ്രശ്നങ്ങൾ മൂലമാകുന്ന വിൻഡോസ് കേർണൽ തലത്തിലുള്ള പൂർണ്ണമായ സിസ്റ്റം പരാജയത്തെ BSOD സൂചിപ്പിക്കുന്നു. വിൻഡോസ് പ്രവർത്തിപ്പിക്കുന്ന ബ്രൗസർകളിൽ ഉണ്ടാകുന്ന ക്രാഷുകളിൽ നിന്ന് വ്യത്യസ്തമായി, ഒരു ആപ്ലിക്കേഷനിൽ നിന്നും നിന്ന് നീല സ്ക്രീൻ ഉണ്ടാകുന്നതു വിരളമാണ്.

വിൻഡോസ് ഓപ്പറേറ്റിങ് സിസ്റ്റത്തിന്റെ തകരാർ കാരണം എല്ലാ മേഖലകളും അത് സുരക്ഷാ മേഖലയായ എയർപോർട്ടുകളുടെ വരെ താളം തെറ്റി 10000 കണക്കിന് ഫ്ലൈറ്റ് ക്യാൻസൽ ചെയ്യേണ്ടിവന്നു, ആളുകളുടെ ലഗേജുകൾ ദിശ അറിയാതെ കറങ്ങി മാത്രമല്ല സുരക്ഷ ചെക്കിങ്ങോ 80 കളെ പോലെ ഇൻഡിഗോയ്ക്ക് അതിന്റെ യാത്രക്കാർക്ക് കൈകൊണ്ട് എഴുതിയ ബോർഡിംഗ് പാസുകൾ പോലും നൽകേിവന്നു. സാറ്റലൈറ്റ് ചാനലുകളുടെ പ്രവർത്തനം വരെ അവതാളത്തിലായി., Microsoft 365, Azure സേവനങ്ങളും തടസപ്പെട്ടു . ഇത്രയും പറഞ്ഞത് ഇതിന്റെ ഒരു വ്യാപ്തി മനസ്സിലാക്കാൻ വേണ്ടിയാണ്.

അമേരിക്കൻ സൈബർ സെക്യൂരിറ്റി കമ്പനിയായ croud സ്ട്രൈക്കിന്റെ സോഫ്റ്റ്‌വയർ അപ്ഡേഷൻ ആണ് ലോകത്തെ വലച്ചത്, അപ്ഡേറ്റ് കഴിഞ്ഞ് റീസ്റ്റാർട്ട് ചെയ്ത എല്ലാ കമ്പ്യൂട്ടറുകളും നിശ്ചലമായി ബ്രിട്ടൻ, ജപ്പാൻ, ജർമൻ, അമേരിക്ക, ഓസ്ട്രേലിയ, ന്യൂസിലാൻഡ്, സ്പെയിൻ, ഇന്ത്യ, തുടങ്ങി നിരവധി രാജ്യങ്ങൾ അക്ഷരാർത്ഥത്തിൽ നടുങ്ങി.

കമ്പ്യൂട്ടറുകളുടെ സുരക്ഷ ഉറപ്പാക്കുന്നതും ഹാക്കിംഗ് ഉൾപ്പെടെ തടയുന്നതുമായ EDR അഥവാ end പോയിന്റ് ഡിറ്റക്ഷൻ ആൻഡ് റെസ്പോൺസ് എന്ന ആപ്ലിക്കേഷനില്ലേ ഫാൽക്കൺ സെൻസറിന്റെ അപ്ഡേഷനിൽ വന്ന പിഴവാണ് ഇത്. വൈറസ് സാന്നിധ്യം തെറ്റായി തിരിച്ചറിഞ്ഞത് സിസ്റ്റം ഫയൽസ് ബ്ലോക്ക് ചെയ്യുകയും ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ പ്രവർത്തനം സ്തംഭിച്ചതും, അതേസമയം ഈ അപ്ഡേഷന്റെ തകരാറിന് പിന്നാലെ ഇതിലും വലുത് വരും എന്ന് തന്നെയാണ് സൂചനകൾ.

ഇനി ആഗോള സൈബർ അറ്റാക്ക് തന്നെ സംഭവിച്ചേക്കാം. സൈബർ ആക്രമങ്ങൾ പലതരത്തിലാണ് രാജ്യങ്ങളിൽ സെക്കൻഡിൽ ആയിരത്തിൽ പരം സൈബർ ആക്രമണൽ ആണ് നേരിടുന്നത്, ഗ്ലോബൽ സൈബർ സെക്യൂരിറ്റി പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നത് 96% ഐടി വിദഗ്ധരും സൈബർ അറ്റാക്ക് വിദൂരമല്ല എന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. അക്രമണങ്ങളുടെ എണ്ണത്തിൽ ഇന്ത്യ ഒട്ടും പിറകിലല്ല എന്ന് കൂടെ സൂചിപ്പിക്കട്ടെ.

സൈബർ ലോകത്തെ ക്രിമിനുകളുടെ എണ്ണം ദിനം പ്രതി കൂടി വരികയാണ് വിദ്യാഭ്യാസ മേഖല, ഗവേഷണ മേഖല എന്നിവിടങ്ങളിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്, സൈനിക, സർക്കാർ മേഖലയാണ് ഹാക്കർമാർ മറ്റൊരു ഇഷ്ട മേഖല കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് വളരെ കൂടുതൽ അറ്റാക്കുകളാണ് ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നത്. ഹാക്കർമാരുടെ ഏറ്റവും പ്രിയപ്പെട്ട സാമ്പത്തികമായ അഭിവൃദ്ധിയും ഈ രംഗത്തിലെ അറ്റാക്ക് വഴി ലഭിക്കുന്നുണ്ട് എന്ന് വേണം മനസ്സിലാക്കാൻ, വിനാശകരമായ ഒരു ലോകത്തേക്കുള്ള ഒരു തുടക്കം തന്നെയാണ് ഈ ബ്ലൂ സ്ക്രീൻ ഓഫ് ഡെത്ത്നെ കാണേണ്ടത്.

സൈബർ സുരക്ഷാ നിയമങ്ങൾ കർശനമാക്കേണ്ടത് അത്യന്താപേക്ഷിതമാണ് നിങ്ങൾ ഉപയോഗിക്കുന്ന സുരക്ഷിതമല്ലാത്ത ഓപ്പറേറ്റിങ് സിസ്റ്റങ്ങളും ഫ്രീ സോഫ്റ്റ്‌വയുകളും എല്ലാം തന്നെ നിങ്ങളുടെ സ്വകാര്യ വിവരങ്ങൾ സുരക്ഷിതമായി മറ്റൊരിടത്തേക്ക് കൈമാറ്റം ചെയ്യുന്നുണ്ട് എന്നു കൂടെ ഓർമ്മിപ്പിക്കട്ടെ, പൈറേറ്റ് സോഫ്റ്റ്‌വയറും അപ്ലിക്കേഷൻ ഉപയോഗിക്കുന്നതിലൂടെ ഹാക്കർമാർക്ക് അല്ലെങ്കിൽ പൈറേറ്റഡ് സോഫ്റ്റ്‌വയർ മോഡിഫൈ ചെയ്തവർക്ക് നിങ്ങളുടെ സിസ്റ്റത്തിലേക്കുള്ള ഫ്രീ ആക്സസ് നിങ്ങൾ തന്നെ കൊടുത്തിരിക്കുകയാണ് നിങ്ങളുടെ ബാങ്ക് ഇൻഫർമേഷൻസ് പേഴ്സണൽ ഫോട്ടോസ് വീഡിയോസ് ബ്രൗസിംഗ് ഹിസ്റ്ററി യൂസർ നെയിം പാസ്സ്‌വേർഡ് മറ്റ് അനവധി വിവരങ്ങൾ ഇവർ തട്ടിയെടുക്കുകയും വില്പന വസ്തുക്കൾ ആക്കി മാറ്റുകയും ചെയ്യുന്നുണ്ട്. പലപ്പോഴും ഡാർക്ക് വെബ്ബുകളിൽ ഇത്തരം ഡേറ്റകൾ ലഭ്യമാണ്. പലരുടെയും ജീവിതങ്ങൾ ഹാക്കർമാർ അമ്മാനമാടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട് നിരവധി സ്ഥാപനങ്ങൾ ഒരു സുരക്ഷ മാനദണ്ഡവും ഇല്ലാതെ തന്നെ വെബ്സൈറ്റുകളും ആപ്ലിക്കേഷനുകളും പബ്ലിഷ് ചെയ്യുന്ന പ്രവണത കൂടുതലാണ്, ഇത്തരം സ്ഥാപനങ്ങളിലെ വിശ്വസിച്ചു ആളുകളുടെ സ്വകാര്യ വിവരങ്ങളും ഫോട്ടോയും വീഡിയോസും അപ്ലോഡ് ചെയ്ത അതിലൂടെ ഹാക്കർമാർക്ക് മറ്റൊരു ഇമ്പാക്ട് സൃഷ്ടിക്കാതെ തന്നെ ഈ വിവരങ്ങൾ ചോർത്തുകയും ബ്ലാക്ക് മെയിൽ പോലുള്ള പണം തട്ടുന്ന പ്രക്രിയയിൽ ഏർപ്പെടുകയും ചെയ്യും മാത്രവുമല്ല ഫോട്ടോകളും വീഡിയോകളും പേഴ്സണൽ ഇൻഫർമേഷൻസ് ദുരുപയോഗം ചെയ്യുന്നതും കണ്ടുവരുന്നു. മുന്നോട്ടുള്ള കാലങ്ങളിൽ ഇത്തരം സുരക്ഷകൾക്ക് സ്ഥാപനങ്ങളും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് അത്യന്താപേക്ഷിതമാണ്, ഇതിന്റെ കൂട്ടത്തിൽ സൂചിപ്പിച്ചു എന്ന് മാത്രം ടെക് ലോകത്തിന്റെ ഭീകരചുഴിയിൽ നിങ്ങളും വീഴാതിരിക്കട്ടെ

TECHNOLOGY

# മാർ ഈവാനിയോസ് തീർത്ഥാടന

## പദയാത്ര വിവിധ ഇടങ്ങളിൽനിന്നും



www.malankaralibrary.com

# മാർ ഈവാനിയോസ് തീർത്ഥാടന

## പദയാത്ര വിവിധ ഇടങ്ങളിൽനിന്നും



www.malankaralibrary.com

# മാർ ഈവാനിയോസ് തീർത്ഥാടന

## പദയാത്ര വിവിധ ഇടങ്ങളിൽനിന്നും



www.malankaralibrary.com



# ടൈം ലൈൻ

# മലങ്കര സഭ ജൂലൈ മാസത്തിൽ

**72 ജൂലൈ 3 –** മാർത്തോമാശ്ലീഹാ വേദസാക്ഷിമുടി പ്രാപിച്ചു.

**1953 ജൂലൈ 15:** ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി കാലംചെയ്തു

**1978 ജൂലൈ:** മാർ ഈവാനിയോസ് തീർത്ഥാടന പദയാത്ര റാന്നി - പെരുന്നാട് മുണ്ടൻമലയിൽനിന്നും ആരംഭിച്ചു

**1997 ജൂലൈ 17 :** തിരുവല്ലാ സഹായമെത്രാൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ മെത്രാഭിഷേകം

**1998 ജൂലൈ 1:** മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ സ്ഥാനാരോഹണം

**2007 ജൂലൈ 14:** സ്മരണീയ ചരിത്ര ദിനങ്ങൾ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയെ 'ദൈവദാസനായി' മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ പ്രഖ്യാപിച്ചു

**2010 ജൂലൈ 14:** അമേരിക്കയിലെ മലങ്കര സുറിയാനി കത്തോലിക്കാ എക്സാർക്കേറ്റിന്റെ സ്ഥാപനം

**2013 ജൂലൈ 15:** ഫിലിപ്പൈൻസിലെ മനില ആർച്ചുബിഷപ്പ് അത്യുന്നത കർദിനാൾ ലൂയീസ് അന്തോണിയോസ് താഗ്ലേ തിരുമേനി മാർ ഈവാനിയോസ് പിതാവിന്റെ 60-ാം ഓർമ്മത്തിരുന്നാളിൽ മുഖ്യാതിഥി

**2014 ജൂലൈ 15:** പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറി ജനറൽ ആർച്ച്ബിഷപ്പ്. സിറിൽ വസീൽ, ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 61-ാം ഓർമ്മത്തിരുന്നാളിൽ മുഖ്യാതിഥി

**2015 ജൂലൈ 15:** വത്തിക്കാനിലെ Pontifical Council for Justice and Peace ന്റെ പ്രസിഡന്റ് അത്യുന്നത കർദിനാൾ പീറ്റർ ടർക്സൺ തിരുമേനി ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 62-ാം ഓർമ്മത്തിരുന്നാളിൽ മുഖ്യാതിഥി..

**2016 ജൂലൈ 15:** ന്യൂയോർക്ക് ആർച്ചുബിഷപ്പ് കർദിനാൾ തിമോത്തി മൈക്കിൾ ഡോളൻ തിരുമേനി ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 63-ാം ഓർമ്മത്തിരുന്നാളിൽ മുഖ്യാതിഥി

**2017 ജൂലൈ 15:** സീറോ-മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ ജോർജ്ജ് ആലഞ്ചേരി തിരുമേനി ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ

www.malankaralibrary.com

64-ാം ഓർമ്മത്തിരുന്നാളിൽ മുഖ്യാതിഥി

**2018 ജൂലൈ 15:** ജർമ്മനിയിലെ കൊളോൺ ആർച്ച്ബിഷപ്പ് കർദ്ദിനാൾ റെയ്നർ മരിയ വോൾക്കി തിരുമേനി ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 65-ാം ഓർമ്മത്തിരുന്നാളിൽ മുഖ്യാതിഥി

**2019 ജൂലൈ 15:** അലക്സാൺഡ്രിയായിലെ കോപ്റ്റിക് കത്തോലിക്കാ സഭാതലവനും പാത്രിയർക്കീസുമായ അത്യഭിവന്ദ്യ ഇബ്രാഹീം ഇസാക് സെദ്രാക് ഗാദ് എൽസായദ് ബാവാ ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനി യോസ് പിതാവിന്റെ 66-ാം ഓർമ്മത്തിരുന്നാളിൽ മുഖ്യാതിഥി

www.manivilaku.com

**2020 ജൂലൈ 15:** ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 67-ാം ഓർമ്മത്തിരുന്നാൾ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ആഘോഷങ്ങൾ പരിമിതപ്പെടുത്തി

**2021 ജൂലൈ 15:** ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 68-ാം ഓർമ്മത്തിരുന്നാൾ. കോവിഡ്-19 മഹാമാരിയുടെ പശ്ചാതലത്തിൽ ആഘോഷങ്ങൾ പരിമിതപ്പെടുത്തി

**2022 ജൂലൈ 15:** ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 69-ാം ഓർമ്മത്തിരുന്നാൾ.

അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പായുടെയും അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് എപ്പിസ്കോപ്പായുടെയും മെത്രാഭിഷേകം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ

**2022 ജൂലൈ 18:** അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പാ മേജർ ആർക്കിഎപ്പിസ്കോപ്പൽ കുരിയാ മെത്രാനായി ചുമതല ഏറ്റെടുത്തു

**2023 ജൂലൈ 15:** ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 70-ാം ഓർമ്മപ്പെരുന്നാൾ. ഇന്ത്യയുടെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് ലിയോപോൾദോ ജിറേല്ലി മുഖ്യാതിഥി.




## രചന മത്സരം

നടത്തിയ രചന മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും ആശംസകൾ.

മത്സര ഫലവും, തിരഞ്ഞെടുക്കപ്പെട്ട രചനകളും അടുത്ത ലക്കത്തിൽ (ആഗസ്ത് മാസം) പ്രസിദ്ധീകരിക്കുന്നതാണ്.

Managing Editor & Published by Mr. Tojo p thomas, Published from Parankammoottil H,Valakuzhy P.O Vennikulam, Pathanamthitta, Kerala. and BIJU GEEVARGHESE CHANDANAPALLY
Cover & layout Manivilaku Homelab
EMail: editor@manivilaku.com

www.malankaralibrary.com




# Pray For Wayanad

manivilaku.com



Managing Editor & Published by Mr. Tojo p thomas, Published from Parankammoottil H,Valakuzhy P.O
Vennikulam, Pathanamthitta, Kerala. and BIJU GEEVARGHESE CHANDANAPALLY
Cover & layout Manivilaku Homelab
EMail: editor@manivilaku.com